
# സത്യദൂതൻ

2018 മെയ് | ലക്കം 5

വില ₹ 30



## വിശുദ്ധ റമദാൻ – ഒരാത്മീയ വസന്തം

## ഭാരതം സ്തംഭിച്ചുപോയ പൈശാചികത

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons
In 15 languages

**MTA**
Watch MTA Live, view
Schedule and much more

**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2018 മെയ്
ഹി.ശ.1398 - ഹിജറത്ത്
1439 ശഅബാൻ - റംസാൻ
പുസ്തകം 90 ലക്കം 5
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**നന്മയിൽ കരുത്താർജിക്കുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 13-04-2018ന് മസ്ജിദ് ബിശാറത്ത്, സ്പെയിനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12**

**റമദാൻ: ചില വസ്തുതകൾ**

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**16**

**വിശുദ്ധ റമദാൻ - ഒരാത്മീയ വസന്തം**

മഹ്മൂദ് കൽക്കുളം

നിരവധി പുണ്യങ്ങൾ നിറഞ്ഞ റമദാൻ മാസം സമാഗതമായി. ആത്മ വിശുദ്ധി നേടാൻ എല്ലാ മാർഗങ്ങളുമുപയോഗപ്പെടുത്താൻ വിശ്വാസികൾ ജാഗരൂഗരാകേണ്ടതുണ്ട്.

**19**

**മലക്കുകൾ - 8**
**മലക്കുകൾ ആത്മീയത വർധിപ്പിക്കുന്നു**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**28**

**റിച്ചാർഡ് ഡാക്വിൻസ് വിമർശിക്കപ്പെടുന്നു - 4**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**33**

**യോനായുടെ അടയാളം**

നവിദ സയ്യദ് യു.കെ.

**39**

കുറിപ്പുകൾ

**ഭാരതം സ്തംഭിച്ചുപോയ പൈശാചികത**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിലോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടെതൊഴിച്ച് അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)





## നബിവചനം

തിരുനബി(സ)യുടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെ പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥ കുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി (സ) അദ്ദേഹത്തെ ഉപദേശിക്കുകയുണ്ടായി. (തബറാനി)

## വാഗ്ദത്ത മസീഹിന്റെ വചനം

### ഐക്യമത്യം മഹാബലം

ഐക്യം അഥവാ മൈത്രി എറ്റവും അമൂല്യമാണ് മറ്റ് യാതൊരു മാർഗേണയും ദൂരീകരിക്കാൻ സാധ്യമല്ലാത്ത വിപത്തുകളേയും മറ്റേത് ഉപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നതാണ് എന്നത് ആർക്കും ഗോപ്യമായ സംഗതിയല്ല. അതുകൊണ്ട് ഐക്യത്തിന്റെ അനുഗൃഹീത ഫലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപുർവകമായിരിക്കില്ല. (മൈത്രീ സന്ദേശം)



# വിശുദ്ധ റമദാൻ

മനുഷ്യൻ ആത്മ വിശുദ്ധിയും പുരോഗതിയും പ്രാപിക്കുന്നതിന് വേണ്ടി ദൈവം പുരാതനകാലം മുതൽക്കേ ഏർപ്പെടുത്തിയ ഒരു കർമ പരിപാടിയാണ് വ്രതാനുഷ്ഠാനം. ആഹാരവും അനുഷ്ഠാനങ്ങളും ചിട്ടപ്പെടുത്തിക്കൊണ്ട് വ്രതമനുഷ്ഠിക്കുന്ന സമ്പ്രദായം എല്ലാ മതങ്ങളിലും ഏതെങ്കിലും രീതിയിൽ കാണാം. വ്രതാനുഷ്ഠാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിൽ പാലിക്കേണ്ട നിബന്ധനകളെക്കുറിച്ചും പാപപ്പൊറുതിക്കായി മനുഷ്യൻ പ്രാർഥനകളിൽ മുഴുകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അല്ലാഹു ഖുർആനിൽ പറയുന്നു:

*'വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാൻ വേണ്ടി. (വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ അവൻ എണ്ണം പൂർത്തിയാക്കികൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവൻ ഒരു അഗതിയുടെ ആഹാരം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായി തീരും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ. സമസ്ത മനുഷ്യർക്കും സന്മാർഗദായകവും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അത്കൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം,(പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാൻ ഉത്തരം നൽകും, അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവൻ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി.' (2: 184– 187)*

*'റസൂൽ തിരുമേനി(സ) അരുളി: കുറ്റങ്ങളിൽ നിന്ന് സുരക്ഷിതനാകാനുള്ള ഒരു പരിചയാണ് നോമ്പ്. നോമ്പുകാരൻ തെറ്റായ പ്രവർത്തികൾ ചെയ്യാതിരിക്കുകയും സംസ്കാരമില്ലാത്ത വാക്കുകൾ പറയാതിരിക്കുകയും ചെയ്യട്ടെ. വല്ലവനും നോമ്പുകാരനോട് ശണ്ഠകൂടുകയോ അവനെ ശകാരിക്കുകയോ ചെയ്തെങ്കിൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ രണ്ടു തവണ പറയട്ടെ.' (ബുഖാരി)*

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) നോമ്പിനെക്കുറിച്ച് പറയുന്നു: ***'നമസ്ക്കാരം** മനുഷ്യന്റെ ഹൃദയത്തെ ദോഷബാധയിൽ നിന്ന് ശുദ്ധീകരിക്കുമ്പോൾ നോമ്പ് മനുഷ്യാത്മാവിനെ പ്രഭാപൂരിതമാക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ അനിയന്ത്രിതമായ അധമ പ്രവണതകളുടെ ബന്ധങ്ങളിൽ നിന്നുമുള്ള വിമുക്തിയത്രെ. ആത്മാവിന്റെ പ്രകാശവത്ക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയ ദർശനങ്ങളാൽ അനുഗൃഹീതനായി തീരുന്നു.' (മൽഫൂസാത്ത്)* വിശുദ്ധ റമദാനിൽ നോമ്പനുഷ്ഠിക്കാനും ആ സ്വർഗീയാനുഗ്രഹത്തിന് പാത്രമാവാനും അല്ലാഹു നമ്മെ തുണക്കുമാറാകട്ടെ. (ആമീൻ)



ഹദ്റത്ത് അഹ്മദ് (അ)

# മൈത്രീസന്ദേശം


പ്രിയ സുഹൃത്തുക്കളെ, പരലോക കാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം, സർവോപരി മഹത്ത്വമേറിയ ആ സത്തക്കുവേണ്ടി ആത്മ സമർപ്പണം ചെയ്യുകയും മരണം വരുന്നതിനും മുമ്പേ മരണത്തെ വരിക്കുകയും ചെയ്യുന്നവർക്ക് മാത്രം വെളിപ്പെടുമാറാകുന്നു. എന്നാൽ ഐഹിക ജീവിതത്തെ സംബന്ധിച്ച് ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്ക് കണ്ടറിയാൻ സാധിക്കുന്നതാണ്..............ഐക്യത്തിന്റെ അനുഗൃഹീത ഫലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവക മായിരിക്കില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംങ്ങളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്‌ലിംകളെ യോ മുസ്‌ലിംകൾ ഒന്നു ചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തിൽ നിന്ന് പുറത്താക്കിക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിഛേദ്യമാം വിധം ശക്തിയേറിയതാണ്താനും. ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാധ്യമല്ല........ ..അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ നിന്ന് അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേ വിധത്തിൽ നിന്ദനത്തിന് ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഈ രണ്ടു സമുദായങ്ങളിലെ ഏതെങ്കിലും ഒരു വ്യക്തി മറ്റേ സമുദായത്തിന് നാശം വരുത്താൻ നോക്കുന്ന പക്ഷം, അവൻ താനിരിക്കുന്ന വൃക്ഷശാഖ കൈകൊണ്ട് വെട്ടി മുറിക്കുന്ന ഒരുവനെ പോലെയാകുന്നു. മിത്രങ്ങളേ! ദൈവാനു ഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണ ല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയത്തിൽ നിന്ന് അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു........... നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിനായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പല തരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യർ അവരുടെ ദുർവൃത്തിയിൽ നിന്നും വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പ് അപേക്ഷിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിന് ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സം ഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞു പോകുന്നതിന് മുമ്പ് മറ്റൊരുഭയങ്കര നാശം തുടർന്ന് ഉണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യർ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തു കളിൽ പെട്ട് ഭ്രാന്ത് പിടിപെട്ടവനെപ്പോലെയായി ഭവിക്കും. അതിനാൽ അല്ലയോ നാട്ടുകാരായ സഹോദരരേ! ആ നാളുകൾ വരുന്നതിന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവീൻ ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ. ഐക്യത്തിന് തടസ്സമായി തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർധക്കും വൈര്യത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്.

(മൈത്രീ സന്ദേശം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 13-04-2018 ന് മസ്ജിദ് ബിശാറത്ത്, സ്പെയിനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വി.വ: മുഹമ്മദ് ഇസ്മായിൽ ആലപ്പുഴ.

# നന്മയിൽ കരുത്താർജിക്കുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ഇക്കാലഘട്ടത്തിൽ ലോകത്ത് നാലുഭാഗത്തും കുഴപ്പങ്ങളും കലഹങ്ങളുമാണ്. ചിലയിടത്ത് മതത്തിന്റെ പേരിലാണ് കലഹമെങ്കിൽ ചിലയിടത്ത് ഭൗതികശക്തികൾ തങ്ങളുടെ ഔന്നത്യം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കലഹമാണ്. ചിലയിടത്ത് ദാരിദ്ര്യവും സമ്പന്നതയും തമ്മിലുള്ള മത്സരം കാരണത്താൽ കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചിലയിടത്ത് രാഷ്ട്രീയ സംഘടനകളുടെ ഭരണപരമായ അധികാരം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കുഴപ്പങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ചിലയിടത്ത് വീടുകളിൽ ചെറിയ ചെറിയ കാര്യങ്ങളിൽ കലഹവും കുഴപ്പവുമാണെങ്കിൽ ചിലയിടത്ത് പരസ്പരമുള്ള കടമ നിറവേറ്റാത്ത കാരണത്താൽ അടിപിടിയും വഴക്കും കലഹവും കുഴപ്പവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചിലയിടത്ത് വംശീയാധിപത്യം സ്ഥാപിക്കുന്നതിന് കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചിലയിടത്ത് തങ്ങളുടെ അവകാശം എടുക്കുന്നതിന് തെറ്റായ രീതി കൈക്കൊണ്ട് ഫിത്നയും ഫസാദുമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഏതുവശത്തൂടെ നോക്കിയാലും ലോകം കലഹത്തിലും കുഴപ്പത്തിലും വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. ദരിദ്രർ അതിൽനിന്ന് സുരക്ഷിതരല്ല. വികസിതരാഷ്ട്രങ്ങളും അതിൽനിന്ന് സുരക്ഷിതരല്ല. വികസ്വരരാഷ്ട്രങ്ങളും അതിൽനിന്ന് സുരക്ഷിതരല്ല. ഇക്കാലത്ത് താൻ വലിയ പുരോഗതി നേടിയവനാണെന്ന് മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന മനുഷ്യൻ, ഇത് അറിവിന്റേയും ബുദ്ധിയുടേയും വെളിച്ചത്തിന്റേയും കാലമാണെന്ന് മനസ്സിലാക്കുന്ന മനുഷ്യൻ യഥാർഥത്തിൽ അന്ധകാരങ്ങളിൽ മുങ്ങിക്കിടക്കുകയാണ്. ദൈവത്തെ മറന്നുകൊണ്ട്, ഭൗതികനേട്ടം അന്വേഷിച്ചും അതിനെത്തന്നെ തന്റെ ആരാധ്യലക്ഷ്യവും രക്ഷിതാവുമായി മനസ്സിലാക്കിക്കൊണ്ടും നാശത്തിന്റെ അഗാധ ഗർത്തത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്; അല്ല അതിന്റെ അടുത്തെത്തിക്കഴിഞ്ഞിരിക്കുകയാണ്.............

മുസ്‌ലിംകളുടെ അവസ്ഥ കാണുമ്പോൾ അത്ഭുതം തോന്നുന്നു. അവരുടെ കൈയിൽ എല്ലാം അടങ്ങിയതും സമ്പൂർണവുമായ ഒരു ഗ്രന്ഥം അതിന്റെ യഥാർഥ അവസ്ഥയിൽ നിലവിലുണ്ട്. അല്ലാഹു തന്റെ വാഗ്ദാനങ്ങളനുസരിച്ച് ഇക്കാലഘട്ടത്തിലെ ഇമാമിനേയും അയച്ചിരിക്കുന്നു; അദ്ദേഹമായിരുന്നു ഭിന്നിപ്പുകളെല്ലാം അകറ്റേണ്ടിയിരുന്നത്. പക്ഷേ, അല്ലാഹു അയച്ച ഈ മഹാത്മാവ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേൾക്കുന്നതിനും ഭിന്നിപ്പുകളും കുഴപ്പങ്ങളും അവസാനിപ്പിക്കുന്ന കാര്യത്തിലേക്ക് വരുന്നതിനും പകരം മുസ്‌ലിംകളിൽ ഭൂരിപക്ഷവും മതത്തിന്റെ പേരിൽ കുഴപ്പങ്ങളുണ്ടാക്കുന്ന ഉലമാഇന്റെ പിന്നാലെ നടക്കുകയാണ്. അല്ലാഹു ലോകത്തിലെ കുഴപ്പങ്ങൾ അവസാനിപ്പിക്കുന്നതിനും പരസ്പരം സ്നേഹവും സാഹോദര്യവും ഉണ്ടാക്കുന്നതിനും അല്ലാഹുവിനെ തിരിച്ചറിയുന്നതിനും വേണ്ടി ഒരു വ്യവസ്ഥിതി ചെയ്തിരിക്കുന്നു. പക്ഷേ, മുസ്‌ലിംകൾ ഈ ഭാഗത്ത് ശ്രദ്ധിക്കാൻ തയ്യാറല്ല. ഇക്കാരണത്താലാണ് മുസ്‌ലിംലോകം ഇപ്പോൾ ഏറ്റവുമധികം മറ്റുള്ളവരുടെ രക്തദാഹികളായിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് അമുസ്‌ലിം ശക്തികൾ, മുസ്‌ലിംകക്ഷികളെ തമ്മിലടിപ്പിക്കുന്നതിനും തങ്ങളുടെ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനും യുദ്ധസാമഗ്രികളും സൈനിക സഹായവും നല്കിക്കൊണ്ടിരിക്കുന്നു. ഇത് വളരെ വലിയൊരു ദുരന്തമാണ്. ഈ അവസ്ഥ നമ്മെ നമുക്കുവേണ്ടിയും പൊതുമുസ്‌ലിംകൾക്കുവേണ്ടിയും ദുആ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതോടൊപ്പം നമ്മെ നമ്മുടെ കർമപരവും ആത്മീയപരവുമായ അവസ്ഥകളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ കാണാനാഗ്രഹിക്കുന്നതുപോലെ ആക്കിത്തീർക്കേണ്ട ആവശ്യവുമുണ്ട്. കാരണം നമ്മുടെ കർമപരമായ അവസ്ഥകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹമനുസരിച്ചല്ലെങ്കിൽ നമ്മളും നിരന്തരം ഫിത്നയിലും ഫസാദിലും ഈ സംഘത്തിലും ആയിപ്പോകാൻ സാധ്യതയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരന്തരവും ആവർത്തിച്ചാവർത്തിച്ചും തന്റെ ജമാഅത്തിലെ അംഗങ്ങളെ, അവരുടെ അവസ്ഥകൾ ബയ്അത്തിനുശേഷം എങ്ങനെ ആയിരിക്കേണ്ടതാണെന്ന് ഉപദേശിച്ചിട്ടുണ്ട്......... ഇക്കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ ഇപ്പോൾ ഞാൻ സമർപ്പിക്കുന്നതാണ്. അതുകൊണ്ട് നാം അത് ശ്രദ്ധയോടുകൂടി കേൾക്കേണ്ടതാണ്. മുമ്പേ പല പ്രാവശ്യം കേട്ടു കഴിഞ്ഞിട്ടുള്ളതാണ്, അല്ലെങ്കിൽ വായിച്ചിട്ടുള്ളതാണ് എന്ന് മനസ്സിലാക്കരുത്. ഏതൊരു നൈരന്തര്യത്തോടും വിവിധരീതിയിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) ആവർത്തിച്ചാവർത്തിച്ച് ജമാഅത്തിനോടു തങ്ങളുടെ അവസ്ഥകൾ ഉന്നതമാക്കുന്നതിനുവേണ്ടി ഉപദേശിച്ചിട്ടുള്ളത് കാണുമ്പോൾ ആ മഹാത്മാവിന് തന്റെ ജമാഅത്തിനെക്കുറിച്ച്, ആ ഉദ്ദേശ്യം തന്റെ ജമാഅത്ത് മറന്നുപോകുമോ എന്നും ബയ്അത്തിനുശേഷം വീണ്ടും അവരിൽ തിന്മ ഉണ്ടാകുമോ എന്നും വീണ്ടും അവർ അന്ധകാരങ്ങളിലേക്ക് നീങ്ങാൻ തുടങ്ങുമോ എന്നുമുള്ള ചിന്ത എത്രത്തോളം ഉണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നാലുഭാഗത്തും വഴികേടിന്റെയും അശ്രദ്ധയുടെയും മാർഗഭ്രംശത്തിന്റേയും കാറ്റുവീശിയടിച്ചുകൊണ്ടിരിക്കുന്ന കോലാഹലം നിറഞ്ഞ ഇക്കാലഘട്ടത്തിൽ ദൈവഭയം (തഖ്‌വ) കൈക്കൊള്ളുക എന്നത് നമ്മുടെ ജമാഅത്തിന് നിർബന്ധമാണ്. ലോകത്തിന്റെ അവസ്ഥയെന്താണ്? അല്ലാഹുവിന്റെ കല്പനകളെ മാനിക്കുന്നില്ല. കടമകളും വസ്വിയ്യത്തുകളും വകവെക്കുന്നില്ല. നമ്മുടെ കടമയെന്താണെന്നോ അതെങ്ങനെ നിറവേറ്റണമെന്നോ അറിയുന്നില്ല. അവർക്ക് ഉപദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഗൗനിക്കുന്നതുമില്ല.......... ദുൻയാവിലും അതിന്റെ പണികളിലും അതിരുകടന്ന് വ്യാപൃതരായിരിക്കുകയാണ്. ഭൗതികമായ എന്തെങ്കിലും ചെറിയ നഷ്ടമുണ്ടാകുമെന്ന് കണ്ടാൽ ദീൻ ഉപേക്ഷിച്ചുകളയുന്നു. അല്ലാഹുവിനോടുള്ള കടമ പാഴാക്കിക്കളയുന്നു....... അത്യാഗ്രഹത്തോടെ പരസ്പരം പെരുമാറുന്നു. ശാരീരികേച്ഛകൾക്കെതിരിൽ വലിയ ബലഹീനരായിരിക്കുന്നു. നിസ്സാരകാര്യമുണ്ടായാൽ ശാരീരികേച്ഛകൾ അതിജയിക്കുന്നു. അല്ലാഹു അവരെ ബലഹീനരാക്കിവെക്കുവോളം, പാപം ചെയ്യാൻ മുതിരുകയില്ല........ എന്നാൽ, അല്പം ബലഹീനത അകറ്റുകയും പാപം ചെയ്യാനുള്ള അവസരം കിട്ടുകയും ചെയ്യുമ്പോൾ ക്ഷണത്തിൽ അതിന് ഇരയായിത്തീരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഇക്കാലത്ത് ഏതു സ്ഥലത്ത് അന്വേഷിച്ചാലും അറിയാൻ കഴിയുന്നത് സത്യസന്ധമായ ഭക്തി ഉയർന്നുപോയിരിക്കുന്നുവെന്നും സത്യസന്ധമായ വിശ്വാസം ഒട്ടുമില്ലെന്നുമാണ്. പക്ഷേ, അവരുടെ സത്യസന്ധമായ ഭക്തിയുടേയും വിശ്വാസത്തിന്റേയും ബീജം ഒരിക്കലും നഷ്ടപ്പെട്ടുപോകരുതെന്ന് അല്ലാഹു ആഗ്രഹിച്ചു. ധാന്യവിളവ് ഇപ്പോൾ തികച്ചും നശിക്കാൻ പോകുകയാണെന്ന് അവൻ കാണുമ്പോൾ മറ്റു ധാന്യവിളവ് ഉണ്ടാക്കിത്തരുന്നു........ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: **ഇന്നാ നഹ്നു നസ്സൽന്നദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ** നാം തന്നെയാണ് ഈ ഗ്രന്ഥത്തെ ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുമെന്ന് അല്ലാഹു പറഞ്ഞ അതേ നവമായ ഖുർആൻ നിലവിലുണ്ട്. അനുഗ്രഹങ്ങളുമുണ്ട്. എന്നാൽ, മനസ്സുകളിൽ ഈമാനും കർമപരമായ അവസ്ഥയും ഒട്ടുംതന്നെ ഇല്ലാതായിരിക്കുന്നു. ഇക്കാര്യങ്ങൾ വീണ്ടും ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ചയച്ചിട്ടു

ള്ളത്...... അല്ലാഹുവിന്റെ ഉലൂഹിയ്യത്തി(ദൈവത്വം)ന്റെ തേട്ടം ഈ മൈതാനം കാലിയായി കിടക്കുന്നത് ഒരിക്കലും ഇഷ്ടപ്പെട്ടില്ല. തിന്മകൾ വ്യാപിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ ധാർമികമായ രോഷത്തിന്റേയും ഉലൂഹിയ്യത്തിന്റേയും തേട്ടം എന്നു പറയുന്നത് ഈ മൈതാനത്തെ വീണ്ടും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്ന ആളുകളെകൊണ്ട് നിറയ്ക്കുക എന്നതാണ്; ദീനിനെ നടപ്പിൽ വരുത്തുന്നവരുണ്ടാകുക, ദീനിനെ പ്രചരിപ്പിക്കുന്നവരുണ്ടാകുക. ദീൻ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരുണ്ടാകുക......... അതുകൊണ്ട് തഖ്‌വയുടെ ജീവിതം കരസ്ഥമാക്കുന്നതിനാണ് നമ്മുടെ പ്രബോധനം..... അഹ്മദി ശരിയായ ബയ്അത്താണ് ചെയ്തിട്ടുള്ളതെങ്കിൽ ജീവിച്ചിരിക്കുന്നവരിൽ ചേരേണ്ടിവരും, ആത്മീയമായി ജീവിച്ചിരിക്കുന്നവരിൽ ചേരേണ്ടിവരും. ഇല്ലെങ്കിൽ ഒരു ഫലവുമില്ല..... ഇസ്‌ലാമിന്റെ യാഥാർഥ്യമെന്താണ്? അത് നമുക്കെങ്ങനെ കരസ്ഥമാക്കാൻ കഴിയും. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്‌ലാം അല്ലാഹുവിന്റെ എല്ലാ നിയന്ത്രണങ്ങളുടേയും താഴെ വരുന്നതിന്റെ പേരാണ്. അതിന്റെ ചുരുക്കം അല്ലാഹുവിനെ സത്യസന്ധവും സമ്പൂർണവുമായ നിലയിൽ അനുസരിക്കുക എന്നാണ്. തന്റെ എല്ലാ അസ്തിത്വവും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വെക്കുന്നവനാണ് മുസ്‌ലിം.... **മൻഅസ്‌ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ**. അതായത് തന്റെ എല്ലാ അസ്തിത്വത്തേയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി വഖ്ഫ് ചെയ്യുകയും വിശ്വാസപരവും കർമപരവുമായ നിലയിൽ അവന്റെ ലക്ഷ്യവും ഉദ്ദേശ്യവും അല്ലാഹുവിന്റേതന്നെ തൃപ്തിയും സന്തോഷവും ആയിരിക്കുകയും ചെയ്യുന്നവനാണ് മുസ്‌ലിം. അവനിൽനിന്നുണ്ടാകുന്ന എല്ലാ നന്മകളും സൽകർമങ്ങളും, അത് ബുദ്ധിമുട്ടോടും പ്രയാസപ്പെട്ടും ചെയ്യുന്നതായിരിക്കാതെ അവയിൽ ഒരു ആസ്വാദനവും മധുരിമയും ഉണ്ടാകുന്നതിനുള്ള ശ്രമം ഉണ്ടായിരിക്കണം..... അവിടന്ന് പറയുന്നു: സത്യവാനായ മുസ്‌ലിമിനോടു, അവന്റെ കർമങ്ങൾക്കുപകരം ഒന്നുംതന്നെ കിട്ടുകയില്ലെന്ന് പറഞ്ഞാലും അവൻ തന്റെ സൽകർമത്തേയും ദൈവസ്നേഹത്തേയും ഒരിക്കലുമൊരിക്കലും ഉപേക്ഷിക്കുകയില്ല. ഇതാണ് അല്ലാഹുവിനോടുള്ള നിസ്വാർഥസ്നേഹം. അതാണ് അവിടന്ന് ഉണ്ടാക്കാനാഗ്രഹിക്കുന്നത്. ഒന്നും കിട്ടിയില്ലെങ്കിൽത്തന്നെയും അല്ലാഹുവിനോടു സ്നേഹമുണ്ടാക്കുക. അവനോടുള്ള ബന്ധവും അവനോടുള്ള അനുസരണവും അനുസരണത്തിൽ വിലയനവും ഏതെങ്കിലും പകരത്തിന്റേയോ പ്രതിഫലത്തിന്റേയോ അടിസ്ഥാനത്തിലോ പ്രതീക്ഷയിലോ അല്ല. പ്രത്യുത അവൻ തന്റെ അസ്തിത്വത്തെ, യഥാർഥത്തിൽ അല്ലാഹുവിനെ തിരിച്ചറിയുന്നതിനും അവനെ സ്നേഹിക്കുന്നതിനും അനുസരിക്കുന്നതിനുമാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന കാര്യം മനസ്സിലാക്കുന്നു. മറ്റൊരു ഉദ്ദേശ്യവും അവന് ഇല്ലതന്നെ. അതുകൊണ്ട് അവൻ തന്റെ ദൈവദത്തമായ കഴിവുകളെ, ആ ഉദ്ദേശ്യങ്ങളിലും ലക്ഷ്യങ്ങളിലും ചെലവഴിക്കുമ്പോൾ, അവൻ തന്റെ യഥാർഥ പ്രേമഭാജനത്തെതന്നെ കാണുന്നു.......

ഹദ്റത്ത് മസീഹ് മൗഊദ്(അ), അല്ലാഹുവിന്റെ കല്പനകളെ സമ്പൂർണമായി അനുസരിക്കലും അവന്റെ തൃപ്തി കരസ്ഥമാക്കലും എളുപ്പമുള്ള കാര്യമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത് പരിപൂർണമായ ശ്രമം ആവശ്യമുള്ള കാര്യമാണ്; അപ്പോൾ അഹ്മദിയായതിന്റെ ഉദ്ദേശ്യവും കരസ്ഥമാകും. അവിടന്ന് പറയുന്നു: സമ്പൂർണമായ നിലയിൽ അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ദുഷ്പ്പേരുണ്ടാക്കുന്നു. കല്പന ഒരെണ്ണം മാത്രം ആകുകയില്ല. മറിച്ച് കല്പന ധാരാളമുണ്ട്; സ്വർഗത്തിന് ധാരാളം വാതിലുകൾ ഉള്ളതുപോലെ ചിലർ ചില വാതിലിലൂടെ പ്രവേശിക്കുന്നു. ചിലർ മറ്റ് വാതിലിലൂടെ പ്രവേശിക്കുന്നു. ഇതുപോലെതന്നെ നരകത്തിനും പല വാതിലുകളുണ്ട്. ഒരു വാതിൽ അടയ്ക്കുകയും ഒരു വാതിൽ തുറന്നുവെക്കുകയും ചെയ്യുന്നവരാകരുത് നിങ്ങൾ. അവിടന്ന് പറഞ്ഞു: ഓർമിച്ചുകൊള്ളുക. വെറും പേരുകൾ എഴുതിക്കുന്നതുകൊണ്ട് ആരും ജമാഅത്തിൽ പ്രവേശിക്കുന്നവരാകുകയില്ല. പരസ്പരം സ്നേഹിക്കുക. അവകാശങ്ങൾ നശിപ്പിക്കാതിരിക്കുക. ദൈവവഴിയിൽ ഉന്മത്തനെപോലെയാകുക; അല്ലാഹു നിങ്ങളിൽ കൃപ ചൊരിയുന്നതിന്... ഒരു അവസരത്തിൽ തഖ്‌വയുടെ പ്രാധാന്യം ജമാഅത്തിന് വിവരിച്ചുകൊണ്ടു പറഞ്ഞു: അല്ലാഹു എന്നെ ഏതൊരു കാര്യത്തിനുവേണ്ടി നിയോഗിച്ചിരിക്കുന്നുവോ; അത് തഖ്‌വയുടെ മൈതാനം കാലിയായി കിടക്കുന്നുവെന്നതാണ്. ദീൻ വ്യാപിപ്പിക്കണം. ദീൻ പ്രബോധനം ചെയ്യണം. ശിക്ഷണം നല്കണം. ഇതിനെല്ലാം ആദ്യം തഖ്‌വ ഉള്ളിലുണ്ടാക്കേണ്ടിവരും. തഖ്‌വയുണ്ടെങ്കിൽ എല്ലാ ജോലിയും മെല്ലെമെല്ലെ ആരംഭിക്കുന്നതാണ്. അവിടന്ന് പറഞ്ഞു: നിങ്ങൾ തഖ്‌വ കൈക്കൊള്ളുന്നവരാകുകയാണെങ്കിൽ മുഴുലോകവും നിങ്ങളോടൊപ്പമുണ്ടാകും. അതുകൊണ്ട് തഖ്‌വ ഉണ്ടാക്കുക. മദ്യപിക്കുന്നവർ അല്ലെങ്കിൽ ആരുടെ മതത്തിന്റെ ചിഹ്നത്തിലാണോ മദ്യം വലിയ പങ്കുവഹിക്കുന്നത് അവർക്ക് തഖ്‌വയുമായി ഒരു ബന്ധവും ഉണ്ടാകുകയില്ല. അവർ നന്മയോടു യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നവരാണ്. അല്ലാഹു നമ്മുടെ ജമാഅത്തിനെ തിന്മയോടു യുദ്ധം ചെയ്യുന്നവരും തഖ്‌വയുടേയും പരിശുദ്ധിയുടേയും രംഗത്ത് അഭിവൃദ്ധി നല്കുന്നവരുമാകാൻ ഭാഗ്യവും തൗഫീഖും നല്കുകയാണെങ്കിൽ അതുതന്നെയാണ് വലിയ വിജയം. അതിനെ

ക്കാളുപരി മറ്റൊരു കാര്യവും സ്വാധീനം ചെലുത്തുന്നതാകുകയില്ല. അവിടന്ന് പറയുന്നു: ഇക്കാലത്ത് മുഴുലോകത്തുമുള്ള മതങ്ങളെ നോക്കുക. മതത്തിന്റെ യഥാർഥ ഉദ്ദേശ്യമായ തഖ്‌വ അഥവാ ദൈവ ഭയം ഇല്ലാതായിപോയിരിക്കുന്നു. ഭൗതികാഗ്രഹങ്ങളെ ദൈവമാക്കി വെച്ചിരിക്കുന്നു. യഥാർഥ ദൈവം മറഞ്ഞുപോയിരിക്കുന്നു. സത്യവാനായ ദൈവത്തെ നിന്ദിക്കുന്നു. എന്നാൽ, താൻ അംഗീകരിക്കപ്പെടണമെന്ന് ദൈവം സ്വയം ആഗ്രഹിക്കുന്നു; ലോകത്തിന് അവനെക്കുറിച്ച് തിരിച്ചറിവുണ്ടാകണം. ആരാണോ ഭൗതികാഢംബരങ്ങളെ ദൈവമായി മനസ്സിലാക്കുന്നത് അവൻ ദൈവത്തിൽ സർവവും ഭരമേല്പിക്കുന്നവനാകുകയില്ല. അതുകൊണ്ട് ദൈവത്തിനോടുള്ള കടമ നിറവേറ്റുന്നതിന് പകരം നമ്മൾ ഭൗതികോദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ശ്രമമല്ല നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റണമെങ്കിൽ ദീനിനെ മുന്തിക്കേണ്ടതായിവരും. ഭൗതികോദ്ദേശ്യങ്ങൾ പിന്നിലേക്ക് വലിച്ചെറിയേണ്ടിവരും. അതിനാൽ നമ്മൾ നോക്കേണ്ടത് ദീനിനെ മുന്തിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നാണ്. അതല്ല ദുൻയാവ് നമ്മുടെ ദീനിനുമേൽ വിജയിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നാണ്. തഖ്‌വയിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുകയാണോ ഇടിവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണോ എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സൗഭാഗ്യവാന്റെ നിർബന്ധ കടമയാണ് ദീനിന്റെ അന്വേഷണത്തിൽ മുഴുകിയിരിക്കുക എന്നത്. നമ്മുടെ നബി(സ) തിരുമേനിയേക്കാൾ സമ്പൂർണ മനുഷ്യരാരും ലോകത്ത് കടന്നുകഴിഞ്ഞിട്ടില്ല. പക്ഷേ, ആ മഹാത്മാവിനോടു **റബ്ബി സിദ്നീ ഇൽമാ** എന്ന് ദുആ ചെയ്യാൻ പറഞ്ഞു. അപ്പോൾ തന്റെ ദൈവജ്ഞാനത്തിലും അറിവിലും പൂർണമായി വിശ്വസിച്ചുകൊണ്ട് ഒരിടത്ത് നില്ക്കുന്നവനും തുടർന്ന് അഭിവൃദ്ധി ആവശ്യമില്ലെന്ന് കരുതുന്നവനുമാരാണ്? മനുഷ്യൻ പടിപടിയായി അറിവിലും ഈശ്വരജ്ഞാനത്തിലും അഭിവൃദ്ധിപ്പെടുമ്പോൾ, ഇനിയും ഒരുപാട് കാര്യങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ടെന്ന് അവന് മനസ്സിലായിക്കൊണ്ടിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ ഒരുപാട് നിരർഥകമായ കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ടാണ് ഈ ജമാഅത്ത് സ്വീകരിച്ചത്. അപ്പോൾ നിങ്ങൾ ഇതിനെക്കുറിച്ച് പൂർണമായും അറിവും ഉൾക്കാഴ്ചയും കരസ്ഥമാക്കുന്നില്ലെങ്കിൽ നിങ്ങൾക്കെന്ത് ഫലമുണ്ടാകാനാണ്? വിശുദ്ധ ഖുർആനിൽ ആലോചിക്കാനും ചിന്തിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യം ഉപദേശിച്ചിരുന്നതുപോലെ അവിടത്തെ ഗ്രന്ഥങ്ങൾ വായിക്കാനും ദീനീപരമായ അറിവ് വർധിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാനും ശ്രമിക്കേണ്ടതാണ്. അല്ലാഹു അതിനുവേണ്ടി എം.ടി.എയുടെ അനുഗ്രഹം നല്കിയിരിക്കുന്നു. അതുമുഖേന ബന്ധം നിലനിറുത്തേണ്ടതാണ്. ഖലീഫത്തുൽ മസീഹിന്റെ എല്ലാ പരിപാടികളും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇത് വളരെ വലിയൊരു മാർഗമാണ്. ഇതിൽനിന്ന് എല്ലാ അഹ്മദിയും ഫലമെടുക്കേണ്ടതാണ്. പരസ്പരം സ്നേഹിക്കേണ്ടതിനേയും പരസ്പരമുള്ള ബുദ്ധിമുട്ടുകൾ മനസ്സിലാക്കേണ്ടതിനേയും പരസ്പരമുള്ള കടമകൾ നിർവഹിക്കേണ്ടതിനേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ആഭ്യന്തരമായ നിലയിൽ ജമാഅത്തിലുള്ള എല്ലാവരും ഒരു പദവിയിലുള്ളവർ ആകുകയില്ലെന്നതാണ് യഥാർഥ കാര്യം. അതിനാൽ ദുർബലരായ സഹോദരങ്ങളെ സഹായിക്കുകയും അവർക്കു ശക്തി പകരുകയും ചെയ്യുക എന്നത് പതിവാക്കേണ്ടതാണ്. **വ തആവനൂ അലൽ ബിർറി വത്തഖ്‌വാ** എന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. നന്മയിലും ഈശ്വരഭക്തിയിലും ഒരാൾ മറ്റൊരാളെ സഹായിക്കുക. അവിടന്ന് പറഞ്ഞു: ദുർബലനായ സഹോദരന്റെ ഭാരം വഹിക്കുക. കർമപരവും വിശ്വാസപരവും സാമ്പത്തികപരവുമായ ബലഹീനതകളിലും പങ്കാളിയാകുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:ദുർബലർക്ക് ബലവാന്മാർ ശക്തി പകരാത്തിടത്തോളം ഒരു ജമാഅത്തും, ജമാഅത്താകുകയില്ല. അതിന്റെ രൂപം അവരുടെ ബലഹീനതകൾ മറച്ചുവെക്കുക എന്നതാണ്. പുതിയ മുസ്‌ലിംകളുടെ ബലഹീനതകൾ കണ്ട് ദ്വേഷം പിടിക്കരുതെന്നായിരുന്നു സ്വഹാബാക്കൾക്ക് നല്കിയ പാഠം. കാരണം നിങ്ങളിലും അത്തരം ബലഹീനരുണ്ടായിരുന്നു. ഒരാൾ മറ്റൊരാളെ തിന്നുന്നതും നാലുപേർ കൂടിയിരുന്നാൽ തങ്ങളുടെ പാവപ്പെട്ട സഹോദരനെ കുറിച്ച് പരദൂഷണം പറയുന്നതുമായ ജമാഅത്ത് യഥാർഥ ജമാഅത്താകുകയില്ല. പ്രത്യുത കൂടിച്ചേരുമ്പോഴും ശക്തി ഉണ്ടാകുകയും ഐക്യം ഉണ്ടാകുകയും വേണം. അതുമുഖേന സ്നേഹമുണ്ടാകുന്നു. അനുഗ്രഹങ്ങൾ ഉണ്ടാകുന്നു. നിസാരകാര്യങ്ങളിൽ മനസ് വ്രണപ്പെടുത്തുന്നതും വേദനയ്ക്കു നിമിത്തമാകുന്നതുമായ കഠിനമായ പിടിത്തം ഉണ്ടാകാൻ പാടില്ലാത്തതാണ്. ആരുടെയെങ്കിലും പോരായ്മ കണ്ടാൽ അവനോട് നല്ല രീതിയിൽ പെരുമാറുന്നില്ലെന്ന് ഞാൻ കേൾക്കുന്നു. മറിച്ച്, വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കുന്നു. വാസ്തവത്തിൽ അവനുവേണ്ടി ദുആ ചെയ്യുകയും അവനെ സ്നേഹിക്കുകയും മൃദുലതയോടും സൽസ്വഭാവത്തോടും കൂടി മനസ്സിലാക്കിക്കൊടുക്കുകയുമാണ് വേണ്ടിയിരുന്നത്. എന്നാൽ, അതിനുപകരം പകയാണ് കൂടുതൽ ഉണ്ടാകുന്നത്. മാപ്പുകൊടുക്കുന്നില്ലെങ്കിൽ, സഹതാപം കാണിക്കുന്നില്ലെങ്കിൽ അങ്ങനെ മെല്ലെ മെല്ലെ തെറ്റിപോയി അന്ത്യം മോശമായിത്തീരുന്നു. പരസ്പരം അനുകമ്പയോടെ വർത്തിക്കുക

യും, തെറ്റുകുറ്റങ്ങൾ മറച്ചുവെക്കുകയും ചെയ്യുമ്പോഴാണ് ജമാഅത്ത്, ജമാഅത്തായി തീരുന്നത്. അവിടന്ന് പറയുന്നു: അല്ലാഹുവിൽ എനിക്ക് വലിയ പ്രതീക്ഷയാണുള്ളത്. **ജാഇലുല്ലദീനത്തബ ഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി** എന്ന് അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. നിന്നെ പിൻപറ്റിയവരെ നിഷേധിച്ചവരുടെമേൽ ഖിയാമത്തുനാൾവരെ ഉയർത്തിവെക്കുന്നതാണ്. ഈയിടെയായി പ്രത്യേകിച്ചും പാകിസ്താനിൽ അഹ്മദികൾക്കെതിരെ ഭരണകൂടവും നിയമസ്ഥാപനങ്ങളും സംഘാടകരും മുമ്പത്തെക്കാളധികം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ദിനങ്ങളിൽ നിങ്ങളിൽ പരിവർത്തനമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഇപ്പോൾ നിങ്ങളിൽ ഒരു പുതിയ സാഹോദര്യവും ഭ്രാതൃത്വവും സ്ഥാപിതമായിരിക്കുകയാണ്. കഴിഞ്ഞ പരമ്പര മുറിഞ്ഞുപോയിരിക്കുന്നു. അല്ലാഹു ഈ പുതിയ സമൂഹത്തെ ഉണ്ടാക്കിയിരിക്കുന്നു. ഇതിൽ സമ്പന്നരും ദരിദ്രരും കുട്ടികളും യുവാക്കളും വൃദ്ധരും തുടങ്ങി എല്ലാതരത്തിലുള്ള ആളുകളുമുണ്ട്. അതിനാൽ ദരിദ്രരുടെ നിർബന്ധകടമയാണ് തങ്ങളുടെ ആദരണീയരായ സഹോദരങ്ങളെ ബഹുമാനിക്കുക എന്നത്, അവരെ ആദരിക്കുക. സമ്പന്നന്മാരുടെ നിർബന്ധകടമയാണ് സാധുക്കളെ സഹായിക്കുക എന്നത്. അവരെ അഗതികളും നിന്ദ്യരുമായി മനസ്സിലാക്കരുത്. അവിടന്ന് പറഞ്ഞു: കശ്തിയെനൂഹ് ആവർത്തിച്ച് വായിക്കുക. അതനുസരിച്ച് നിങ്ങളെ ആക്കിത്തീർക്കുക. **ഖദ് അഫ്‌ലഹ മൻസക്കാഹാ.** സ്വന്തം ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയം പ്രാപിച്ചു. അവിടന്ന് പറഞ്ഞു: കശ്തിനൂഹിൽ ഞാൻ എന്റെ അധ്യാപനം എഴുതിയിട്ടുണ്ട്. അത് എല്ലാവരും അറിഞ്ഞിരിക്കേണ്ടത് നിർബന്ധമാണ്. ഓരോ നഗരത്തിലേയും ജമാഅത്ത് യോഗം വിളിച്ച് എല്ലാവരേയും അതു കേൾപ്പിക്കുക. ഇങ്ങനെ അതിന്റെ പ്രചാരണവും നടക്കുന്നതായിരിക്കും. നാം ആഗ്രഹിക്കുന്ന ഐക്യവും ജമാഅത്തിൽ ഉണ്ടാകുന്നതായിരിക്കും.

ജമാഅത്തുകളിൽ വായിക്കുന്നതിനും കേൾപ്പിക്കുന്നതിനും ഏർപ്പാടുണ്ടായിരിക്കേണ്ടതാണ്. എം.ടി.എയിലും വായിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യേണ്ടതാണ്. ഓരോരുത്തരും അത് തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. സ്വയം വായിക്കുകയും വേണം. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും വേണം. തിന്മയിൽനിന്ന് രക്ഷപ്പെടുന്നതിന് ഉപദേശിച്ചും യഥാർഥ അഹ്മദിയുടെ അടയാളം വിവരിച്ചുകൊണ്ടും അവിടന്ന് പറയുന്നു: നിങ്ങളുടെ ജോലി ഇപ്പോൾ, ദുആകളിലും ഇസ്തിഗ്ഫാറിലും ദൈവാരാധനയിലും ആത്മാവിനെ ശുദ്ധീകരിക്കുന്നതിലും ആയിരിക്കുക എന്നതാണ്. അവൻ വാഗ്ദാനം ചെയ്ത ദാനങ്ങൾക്കും ദയാദൃഷ്ടിയ്ക്കും നിങ്ങളെ അർഹരാക്കിത്തീർക്കുക. അല്ലാഹുവിന്റെ വലിയ വലിയ വാഗ്ദാനങ്ങൾ എന്നോടൊപ്പമുണ്ട്; പ്രവചനങ്ങളുണ്ട്. അതു പുലരുമെന്ന് ദൃഢവിശ്വാസമുണ്ട്. എന്നാൽ, നിങ്ങൾ അതിൽ അഹങ്കാരികളാകരുത്. എല്ലാത്തരം അസൂയ, പക, വെറുപ്പ്, പരദൂഷണം, അഹന്ത, പൊങ്ങച്ചം, ആജ്ഞാലംഘനങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ബാഹ്യവും ആന്തരികവുമായ വഴികളിൽനിന്നും മടിയിൽനിന്നും അലസതയിൽനിന്നും രക്ഷപ്പെടുക. ശുഭപര്യവസാനം എപ്പോഴും മുത്തഖികൾക്ക് ആയിരിക്കുമെന്നത് നല്ലവണ്ണം ഓർത്തുകൊള്ളുക. **വൽ ആഖിബത്തു ലിൽ മുത്തഖീൻ** എന്നു പറഞ്ഞതുപോലെ. അതുകൊണ്ട് മുത്തഖിയാകാൻ ചിന്തിക്കുക. ശുഭപര്യവസാനം മുത്തഖികൾക്കാണ്. ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ പാകിസ്താനിലെ അവസ്ഥകളെ സംബന്ധിച്ചും ദുആ ചെയ്യുക. പാകിസ്താനികളും സ്വയം തങ്ങൾക്കുവേണ്ടി ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരേയും എല്ലാ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. പൊതുവെ രാജ്യത്തിന്റെ ഉള്ളിലുണ്ടായിട്ടുള്ള കലഹങ്ങളുടെ ഉപദ്രവങ്ങളിൽനിന്ന് രാജ്യത്തേയും രക്ഷിക്കുമാറാകട്ടെ. ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. വളരെ വേഗം ഇവരിപ്പോൾ യുദ്ധത്തിലേക്ക് നീങ്ങുകയാണ്. റഷ്യയും അമേരിക്കയും തയ്യാറെടുപ്പുകളിൽ മുഴുകിയിരിക്കുന്നു. യഥാർഥത്തിൽ ഇവർ തങ്ങളുടെ ഔന്നത്യം സ്ഥാപിക്കാൻ ആഗ്രഹിക്കുകയാണ്; മർദിതരുടെ അവകാശം കൊടുപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്നാണ് വാദം. യഥാർഥത്തിൽ ഇവർ മർദിതർക്ക് അവകാശം കൊടുപ്പിക്കുന്നതിന്റെ പേരിൽ മുസ്‌ലിം രാഷ്ട്രങ്ങളെ തകർക്കാനാണ് ആഗ്രഹിക്കുന്നത്. അല്ലാഹു മുസ്‌ലീംകൾക്കും ബുദ്ധി കൊടുക്കുമാറാകട്ടെ. ഇവർ അവരിൽനിന്ന് സഹായം തേടുന്നതിനു പകരം സ്വയം തങ്ങളുടെ തീരുമാനമെടുക്കുന്നവരാകട്ടെ. പൊതുജനങ്ങളോടുള്ള തങ്ങളുടെ കടമകൾ നിറവേറ്റുന്നവരാകട്ടെ. പൊതുജനം തങ്ങളുടെ ഭരണത്തോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. ഇസ്‌ലാമിന്റെ നാമത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തീവ്രവാദസംഘടനകളേയും പിടിക്കുമാറാകട്ടെ. ഇരുകക്ഷികൾക്കും ബുദ്ധിയും ഗ്രാഹ്യവും നല്കുമാറാകട്ടെ. എല്ലാത്തിനെക്കാളുമുപരി ഇവർ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നവരാകട്ടെ. കാരണം അതുകൂടാതെ ഇവർക്ക് ഒരു രക്ഷയുമില്ല. അല്ലെങ്കിൽ ഒരു രീതിയിലും നിലനില്പില്ല. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ. മുസ്‌ലീംകൾ ഈ അക്രമങ്ങളുടെ ഭാഗമാകുന്നതിനുപകരം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് സ്നേഹത്തിന്റേയും പ്രീതിയുടേയും സാഹോദര്യത്തിന്റേയും അധ്യാപനം പ്രചരിപ്പിക്കുന്നവരും അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരുമാകട്ടെ.

# റമദാൻ: ചില വസ്തുതകൾ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)
വാഗ്ദത്ത മസീഹ്

"വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി (സ)റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസും നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നുതന്നെ സഹായം തേടേണ്ടതാണ്.'' (ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).

### നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

''ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയില്ലാതെ ആരാണോ അല്ലാഹുവിനു വേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്.'' (മൽഫൂദാത്ത് വാള്യം 9 പേജ് 123, 1984)

### റമദാൻ എന്ന നാമം

''സൂര്യന്റെ ചൂടിനാണ് **റമദ** എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് **റമദാൻ** (രണ്ടുചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നു, അതുകൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുട

ങ്ങിയവ ചൂടാകുന്ന വെയിലിനും **റമദ** എന്നു പറയും.'' (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264)

## റമദാൻ മാസത്തിന്റെ മഹത്വം

''**ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ (ജാഗ്രദർശനങ്ങൾ) ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽ നിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സൂചനയാണ് **ഉൻസില ഫീഹിൽഖുർആൻ** എന്നതിലുളളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടയുന്നു.'' (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264-265)

## ധർമശാസ്ത്രങ്ങൾ കൊണ്ടുള്ള ഫലം

"ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവപ്രകാശകേന്ദ്രമായ അല്ലാഹുവിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുളളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുളള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു." (ഇസ്ലാംമത തത്ത്വജ്ഞാനം പേജ് 191, 192)

## ചില സംശയനിവാരണങ്ങൾ

? യാത്രക്കാരനും രോഗിയും ഫിദ്യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുളള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്യഃ. (മൽഫൂദാത്ത് വാള്യം 9, പേജ്431, 1984) *ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.*

? ഫിദ്യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടു കിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്യഃ കൊടുത്ത് കഴിച്ചിലാകാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുളള ഉത്തരവാദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കൊടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും. (മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)

? ഞാൻ ഇന്നേവരെ നോമ്പുനോറ്റിട്ടില്ല. അതിനെല്ലാം ഫിദ്യഃ കൊടുക്കേണ്ടതുണ്ടോ

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനെക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. (മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)

? ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം-മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്

? നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

? നോമ്പുകാരന്റെ രോഗമുളള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്ത

മാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

? നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

? നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്. (മൽഫൂദാത്ത് വാല്യം 9, പേജ് 171 -172, 1984)

? മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ളവീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചുവീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

? നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

## ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കുക. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

## നോമ്പിന്റെ പ്രാധാന്യം

''മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാല്യം 2, പേജ് 203, 1984)

## മനസ്സിനുണ്ടാകുന്ന ആർദ്രത

''നോമ്പും നമസ്ക്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരം കൊണ്ട് (ആത്മാവിന്)ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." (മൽഫൂദാത്ത് വാല്യം 7, പേജ് 374, 1984)

## യാത്രയിൽ നോമ്പ്

? യാത്രയിൽ നോമ്പ് പിടിക്കാൻ പാടുണ്ടോ?

വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാകുന്നത് *ഫമൻകാന മിൻകും മരീദൻ ഔ അലാ സഫരിൻ ഫ ഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ* രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. ഇതിൽ കൽപ്പനയാണുള്ളത്. കഴിയുമെങ്കിൽ പിടിക്കുക കഴിയില്ലെങ്കിൽ പിടിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ അഭിപ്രായത്തിൽ യാത്രക്കാരൻ നോമ്പ് പിടിക്കാതിരിക്കേണ്ടതാണ്. എന്നാൽ പൊതുവേ അധികമാളുകളും പിടിക്കാറുണ്ട്. എല്ലാവരും പിടിക്കുന്നു എന്ന് മനസ്സിലാക്കി ആരെങ്കിലും പിടിക്കുകയാണെങ്കിൽ പ്രശ്നമൊന്നുമില്ല. പക്ഷേ മറ്റ് ദിനങ്ങളിൽ പിടിച്ചുവീട്ടുക എന്നതിനെ പരിഗണിക്കേണ്ടതാണ്. യാത്രയിൽ ബുദ്ധിമുട്ട് സഹിച്ച് നോമ്പ് പിടിക്കുന്നവൻ തന്റെ കരബലം കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. കൽപ്പന പാലിച്ച് അവനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് തെറ്റാണ്. വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് സത്യസന്ധമായ വിശ്വാസം കുടികൊള്ളുന്നത്. (മൽഫൂദാത്ത് വാല്യം 1, പേജ് 292,293 - 1984)

## തറാവീഹ് നമസ്ക്കാരം

? റമദാനിൽ തറാവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയി നമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

"തറാവീഹ് നമസ്ക്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി(സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്." വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊള്ളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെ തന്നെ നമസ്ക്കരിച്ചു കൊള്ളുക.

? തറാവീഹ്, തഹജ്ജുദ് നമസ്ക്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദേശം? കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

''നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുള്ള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതുതന്നെ. എന്നാൽ, ആദ്യനേരത്തും നമസ്ക്കരിക്കുന്നത്

അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യ ഭാഗത്തു നമസ്ക്കരിച്ചിരുന്നതായി ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യം വിവരിച്ചതുതന്നെയാകുന്നു." (മൽഫൂദാത്ത് വാള്യം 10 പേജ് 113)

### ഇഅ്തികാഫ്

"ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉള്ളിൽ തന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ടാകും അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്."(മൽഫൂദാത്ത് വാള്യം 4 പേജ് 288)

**?** ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസാരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്.(മൽഫൂദാത്ത് വാള്യം 9 പേജ് 196)

### തീവ്രയത്നം അനിവാര്യം

"അല്ലാഹുത്തആല ഇസ്‌ലാം ദീനിൽ 5 മുജാഹദാത്ത് (തീവ്രയത്നങ്ങൾ) നിശ്ചയിച്ചിരിക്കുന്നു.

1. നമസ്ക്കാരം, 2. നോമ്പ്, 3. സക്കാത്ത്, സ്വദഖാത്ത് 4. ഹജ്ജ് 5. ഇസ്‌ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കൽ, വാളുകൊണ്ടാണെങ്കിലും വേണ്ടില്ല തൂലികകൊണ്ടാണെങ്കിലും വേണ്ടില്ല. ഈ അഞ്ചു തീവ്രയത്നങ്ങളും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. മുസ്‌ലീംകൾ അവയിൽ പരിശ്രമിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്‌ലുല്ലാഹ് (ദിവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല. നഫ്‌ലിയായ നോമ്പുകൾ ഇടയ്ക്കിടെ പിടിക്കുക."(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 263)

വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

## നമസ്ക്കാരം

ഹദീസിൽ വന്നിരിക്കുന്നു. മുസീബത്തുകൾ വന്നു ഭവിക്കുന്നതിന് മുമ്പ് ചെയ്യപ്പെടുന്ന ദുആകളാണ് സ്വീകരിക്കപ്പെടുന്നത്. എന്തെന്നാൽ അപായങ്ങളിലും ഭയപ്പാടുകളിലും നിറഞ്ഞ അവസ്ഥകളിലാണെങ്കിൽ ഏവർക്കും പ്രാർഥിക്കുവാനും ദൈവഭക്തിയിലേക്ക് തിരിയുവാനും സാധിക്കുന്നതാണ്. സമാധാനാവസ്ഥയിൽ പ്രാർഥിക്കുക എന്നതാണ് സൗഭാഗ്യകരമായ സംഗതി. ആപത്തിൽ അകപ്പെട്ടു കഴിഞ്ഞിട്ടുള്ള ജനങ്ങളെ കണ്ടുകൊണ്ട് മനുഷ്യൻ പാഠമുൾക്കൊള്ളേണ്ടതാണ്. അത്തരം അപകടങ്ങൾ തങ്ങളിലേക്കും വ്യാപിക്കുന്നതിന് മുമ്പ് അല്ലാഹുവിന്റെ അഭയത്തിന് കീഴിൽ വന്നിടേണ്ടതാണ്. നമസ്ക്കാരം കൃത്യതയോടെ നിത്യം അനുഷ്ഠിക്കുക. ചിലർ ഒരു നേരം മാത്രം നമസ്ക്കരിക്കുന്നു. നമസ്ക്കാരത്തിന് മാപ്പില്ലെന്നുള്ള കാര്യം നാം ഓർക്കേണ്ടതാണ്. പ്രവാചകന്മാർക്ക് പോലും അതിൽ ഇളവ് നൽകപ്പെട്ടിട്ടില്ല. ഒരു പുതിയ കൂട്ടം ജനങ്ങൾ നബി കരീം (സ) തിരുമേനിയുടെ അടുക്കൽ വന്ന് നമസ്ക്കാരം മാപ്പ് ചെയ്ത് തരണമെന്ന് ആവശ്യപ്പെട്ടതായി ഹദീസിൽ കാണാം. *'ഏതൊരു മതത്തിൽ കർമങ്ങളില്ലയോ ആ മതം തന്നെയെന്തിനാണ്'* എന്നായിരുന്നു അവിടുന്ന് അക്കൂട്ടരോട് പ്രതിവചിച്ചത്. അതിനാൽ ഇക്കാര്യം നല്ലവണ്ണം ഓർമിക്കുക. തങ്ങളുടെ എല്ലാ കർമങ്ങളും അല്ലാഹുവിന്റെ ആജ്ഞകൾക്ക് അനുസൃതമാക്കി തീർക്കുവീൻ.

(മൽഫൂസാത്ത് വാ 1 പേ 172)

# വിശുദ്ധ റമദാൻ – ഒരാത്മീയ വസന്തം

നിരവധി പുണ്യങ്ങൾ നിറഞ്ഞ റമദാൻ മാസം സമാഗതമായി. ആത്മ വിശുദ്ധി നേടാൻ എല്ലാ മാർഗങ്ങളുമുപയോഗപ്പെടുത്താൻ വിശ്വാസികൾ ജാഗരൂഗരാകേണ്ടതുണ്ട്.

മഹ്മൂദ് കൽക്കുളം

വ്രതം ഇസ്‌ലാമിലെ ഒരു നിർബന്ധ അനുഷ്ഠാന കർമമാകുന്നു. വിട്ടു നിൽക്കുക, ഉപേക്ഷിക്കുക, ക്ഷമിക്കുക, സ്ഥിരചിത്തത കൈകൊള്ളുക തുടങ്ങിയ അർഥങ്ങളിൽ ഭാഷാന്തരം ചെയ്യാവുന്ന **'സൗം'** എന്ന പദമാണ് വ്രതത്തിന് വേണ്ടി പ്രയുക്തമായിരിക്കുന്നത്. പ്രഭാതം മുതൽ പ്രദോഷംവരെ അന്നപാനീയാദികളെല്ലാം പരിവർജിച്ചു കൊണ്ട് ദൈവസ്മരണ സജീവമായി നിലനിർത്തുക എന്നതാണ് വ്രതാനുഷ്ഠാനത്തിന്റെ അന്തഃസത്ത. തന്മൂലം സകല തിന്മകളിൽ നിന്നും വിട്ടൊഴിയാനും ശണ്ഠകളിൽ നിന്നും വാഗ്വാദങ്ങളിൽ നിന്നും അകന്നു നിൽക്കാനും നോമ്പുകാരൻ നിർബന്ധിതനാകുന്നു. ഹദ്റത്ത് റസൂൽ തിരുമേനി (സ) ഇപ്രകാരം അരുളി: ***'നോമ്പ് ഒരു പരിചയാകുന്നു അതിനാൽ നിങ്ങളിലാരെങ്കിലും നോമ്പിലാണെങ്കിൽ അയാൾ അനാവശ്യം പറയുകയോ ബഹളമുണ്ടാക്കുകയോ ചീത്തപറയുകയോ ചെയ്യരുത്. അഥവാ ആരെങ്കിലും വഴക്കിന് വന്നാൽ ഞാൻ നോമ്പ്കാരനാണെന്ന് അയാൾ പറയട്ടെ'*** *(ബുഖാരി)* ***'ആരാണോ കള്ളം പറയുന്നതിൽ നിന്നും അത് പ്രവർത്തിക്കുന്നതിൽ നിന്നും പിന്മാറാത്തത് അവൻ വിശപ്പും ദാഹവും സഹിക്കുന്നതിൽ അല്ലാഹുവിന് യാതൊരു കാര്യവുമില്ല.'*** *(ബുഖാരി)* ദൈവ സംപ്രാപ്തിക്കനിവാര്യമായ നിബന്ധനയായ ജീവിത പരിശുദ്ധിയുടെ പരിശീലനമാണ് വ്രതാനുഷ്ഠാനത്തിലൂടെ നിർവഹിക്കപ്പെടുന്നത്. വിചാര വികാരങ്ങളെ മനപരിശുദ്ധിക്കുതകും വിധം ക്രമീകരിക്കുവാൻ മതം മനുഷ്യനെ സന്നദ്ധനാക്കുന്നു. ശരീരേഛകളേയും പൈശാചിക ചിന്തകളെയും അതിജീവിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ ഒരു ഉപാദിയാണ് വ്രതം.

### ആത്മ ശുദ്ധിക്കുള്ള മാർഗം

ജീവിതവിശുദ്ധിയുടെ അനുപേക്ഷണീയ മാർഗമായി വ്രതാനുഷ്ഠാനത്തെ പൂർവമതങ്ങളെല്ലാം അംഗീകരിച്ചു പോന്നിട്ടുണ്ട്. ആചാരണ രീതിയിൽ വ്യത്യാസം ഉണ്ടെങ്കിലും പൂർവ മതസമൂഹങ്ങൾക്കെല്ലാം വ്രതം നിർബന്ധമാക്കപ്പെട്ടിരുന്നതായി വിശുദ്ധ ഖുർആൻ സാക്ഷ്യപ്പെടുത്തുന്നു.

*'വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി.' (2:184)*

ആത്മാവിന്റെ പവിത്രതയും മോക്ഷവുമാണ് വ്രതത്തിന്റെ പരമമായ ലക്ഷ്യമെന്ന് പരാമൃഷ്ട വചനം വെളിപ്പെടുത്തുന്നു. 'തഖ്‌വ' അഥവാ ഭക്തിസഹമായ സൂക്ഷ്മത ജീവിതത്തിന്റെ അഖില മേഖലകളിലും വ്യാപരിപ്പിക്കാൻ വ്രതം പ്രചോദിപ്പിക്കുന്നുണ്ട്. ദുഃഖമോചനം, പാപമോചനം, ആത്മീയോത്ക്കർഷം എന്നീ മൂന്ന് അർഥങ്ങളിൽ തഖ്‌വ എന്ന പദം പ്രയുക്തമാകുന്നുണ്ട്. വ്രതം ഇപ്പറഞ്ഞ മൂന്ന് ഫലങ്ങളെയും ഉളവാക്കുന്നു. നബി(സ) അരുളുകയാണ്: സത്യവിശ്വാസത്തോടെയും പ്രതിഫലേഛയോടും കൂടി റമദാനിലെ രാത്രികളിൽ എഴുന്നേറ്റ് നമസ്കരിക്കുന്ന ആളുകളുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്.

### വിശുദ്ധ ഖുർആൻ അവതരിച്ച മാസം

വിശുദ്ധ ഖുർആൻ പറയുന്നു: ***'സമസ്ത മനുഷ്യർക്കും സന്മാർഗ ദായകവും മാർഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവു***

***കയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റുദിനങ്ങളിൽ പൂർത്തിയാക്കേണ്ട താണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ അല്ലാഹു നിങ്ങൾക്ക് എണ്ണം പൂർത്തിയാക്കുന്നതിനും, അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു.' (2:186)*** മാനവകുലത്തിന്റെ സർവതോന്മുഖമായ ക്ഷേമനിദാനങ്ങൾ വിളംബരം ചെയ്യുന്ന വിശുദ്ധ ഖുർആൻ അവതരിച്ച മാസമാണ് റമദാൻ. മനുഷ്യജീവിതത്തിന്റെ സന്മാർഗ ദീപമാണ് വിശുദ്ധ ഖുർആൻ. ഈ മഹൽ ഗ്രന്ഥം ലഭിച്ചതിന് കൃതജ്ഞത രേഖപ്പെടുത്തുന്നതിനുള്ള അവസരം കൂടിയാണ് റമദാൻ. അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് 'നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടി' എന്ന ഖുർആൻ വാക്യം ഇതിലേക്ക് വിരൽ ചൂണ്ടുന്നു. ഖുർആനിക അദ്ധ്യാപനങ്ങൾ സമഗ്രവും സമ്മേളിതവുമായ രൂപത്തിൽ ജീവിതത്തിൽ പകർത്താനുള്ള സാഹചര്യവും റമദാനിൽ സംജാതമാവുന്നു. തന്നിമിത്തം ഈ അനുഗൃഹീത മാസത്തെ പൂർണമായും ഫലവത്താക്കേണ്ടത് വിശ്വാസികളുടെ ധർമമാകുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) ഇപ്രകാരം അരുളി: എന്റെ സമുദായത്തിൽ രണ്ട് തരം വ്യക്തികൾ വളരെ നിർഭാഗ്യവാന്മാരാണ്. അവരിൽ ഒരാൾ തന്റെ ജീവിതത്തിൽ പരിശുദ്ധ റമദാൻമാസം സമാഗതമായി എന്നാൽ അയാളതിനെ വേണ്ടത് പോലെ പ്രയോജനപ്പെടുത്തി പാപപൊറുതിക്ക് ശ്രമിച്ച് കൊണ്ട് ജീവിതത്തെ പ്രത്യുദ്ധരിക്കാൻ ശ്രമിച്ചില്ല. അങ്ങനെ റമദാൻ കഴിഞ്ഞുപോകുകയും ചെയ്തു. അവനാകുന്നു ഒരാൾ. രണ്ടാമത്തെ ആൾ തന്റെ ജീവിതകാലത്ത് മാതാപിതാക്കന്മാരെ സേവിക്കാനും പരിചരിക്കാനും അവസരം കിട്ടിയിട്ടും അവരെ സേവിക്കുകയും പരിചരിക്കുകയും ചെയ്തില്ല. അങ്ങനെ അവർ മരിച്ചുപോയി. ഇങ്ങനെയുള്ളയാളും വളരെ നിർഭാഗ്യവാന്മാരാണ്.

## നന്മകളുടെ സ്വാംശീകരണം

സമർപ്പണം, സഹനം, കൃതജ്ഞതാ ബോധം, സഹാനുഭൂതി, ത്യാഗം, സ്നേഹ സമത്വചിന്ത തുടങ്ങിയ നന്മകളഖിലവും സ്വാംശീകരിക്കുന്നതിന് വ്രതം മനുഷ്യനെ ഉദ്യുക്തനാക്കുന്നു. റമദാനിലെ ദിനരാത്രങ്ങൾ ത്യാഗപൂർണമായ ധന്യ നിമിഷങ്ങളാക്കി തീർത്തുകൊണ്ട് ദൈവസവിധത്തിൽ സദാ സമർപ്പണം ചെയ്യുവാൻ വിശ്വാസികൾ സദാ ജാഗ്രത പുലർത്തുന്നു. തന്റെ നാഥന്റെ ഇഷ്ടത്തിനനുസൃതമായി സ്വന്തം ഇഷ്ടത്തെ ത്യജിക്കണമെന്ന പാഠമുൾക്കൊണ്ട് കൊണ്ട് നിശ്ചിത സമയത്തേക്ക് പൈദാഹങ്ങൾ സഹിച്ച് തിന്നാനും കുടിക്കാനും ഭാര്യാ സമ്പർക്കത്തിനുമുള്ള സ്വാതന്ത്ര്യവും മാറ്റിവെക്കുകയാണ് വിശ്വാസികൾ ചെയ്യുന്നത്. ഇതുവഴി ക്ഷമയും ആത്മ നിയന്ത്രണവും ശീലിക്കുന്നു. അന്നപാനാദികളുടെ നിരാസം താൻ ആസ്വദിച്ചുകൊണ്ടിരിക്കുന്ന ദൈവാനുഗ്രഹങ്ങളുടെ വിലയെന്താണെന്നറിയുന്നതിനും ദൈവത്തോട് നന്ദിയുള്ളവനായിരിക്കുന്നതിനും മനുഷ്യന് പ്രേരണ നൽകലാകുന്നു. അതോടൊപ്പം ഒരിക്കലും ദാരിദ്ര്യം അനുഭവിച്ചിട്ടില്ലാത്തവർക്ക് പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന സഹജീവികളുടെ ദുരിതങ്ങൾ സ്വാനുഭവത്തിലൂടെ മനസ്സിലാക്കുന്നതിനും അവരുടെ നേരെ ആർദ്രതയും സഹാനുഭൂതിയും തോന്നുന്നതിനും വ്രതാനുഷ്ഠാനം മുഖേന സാധിക്കുന്നു. അങ്ങനെ ദരിദ്ര ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളിൽ സ്വമേധയാ മുഴുകാനുള്ള പ്രചോദനം സമ്പന്നരിലുണ്ടാകുന്നു. നബി(സ) റമദാൻ മാസത്തിൽ ദൈവസൃഷ്ടികളോട് സവിശേഷമായ നിലയിൽ സഹാനുഭൂതി കാണിച്ചിരുന്നു. നിവേദനങ്ങളിൽ ഇപ്രകാരം വന്നിട്ടുണ്ട്. നബി(സ) മനുഷ്യരിൽ വെച്ച് ഏറ്റവും കൂടുതൽ ദാനധർമങ്ങൾ ചെയ്യുന്ന ആളായിരുന്നു. അദ്ദേഹം ഏറ്റവും കൂടുതൽ ദാനധർമങ്ങൾ ചെയ്യാറുള്ളത് റമദാൻ മാസത്തിലായിരുന്നു. ജിബ്രീൽ അദ്ദേഹത്തെ സന്ദർശിക്കുന്ന വേളകളിൽ കൊടുങ്കാറ്റിനേക്കാൾ വേഗത്തിൽ അവിടുന്ന് ദാനധർമങ്ങളിൽ വ്യാപൃതനായി കണ്ടിരുന്നു.

## റസൂൽ തിരുമേനി (സ)യുടെ ഉപദേശം

റമദാൻ മാസത്തിന്റെ മഹത്വങ്ങൾ അനാവരണം ചെയ്തുകൊണ്ട് നബി(സ) നടത്തിയ ഒരു ഉപദേശ പ്രസംഗത്തിൽ ഇങ്ങനെ പറയുകയുണ്ടായി.

***'അല്ലയോ ജനങ്ങളെ മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണിത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്ക്കാരം ഐച്ഛികപുണ്യകർമമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമവും ചെയ്ത് ദൈവ സാമീപ്യം തേടുന്നവർ ഇതര മാസങ്ങളിൽ ഒരു നിർബന്ധകർമം അനുഷ്ഠിച്ചവനെപ്പോലെയാണ്. റമദാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗമത്രെ!!. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസിയുടെ ഉപജീവനത്തിൽ വർധനവുണ്ടാകുന്ന മാസമാണ്. ഇതിൽ വല്ലവനും നോമ്പു തുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലത്തിന്റെ അത്രയും തുറപ്പിച്ചവനും ലഭിക്കുന്നു. ഇത് കേട്ടപ്പോൾ തിരുസഹാബാക്കൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരെ ഞങ്ങളിൽ എല്ലാവർക്കും നോമ്പ് തുറപ്പിക്കാനുള്ള കഴിവില്ലല്ലോ. നബി (സ) തിരുമേനി***

*പറഞ്ഞു: ഒരു കവിൾ പാലോ ഒരു ചൂള കാരക്കയോ ഒരു ഇറക്ക് വെള്ളമോ കൊണ്ട് നോമ്പ് തുറപ്പിക്കുന്നവനും ഈ സുന്നത്ത് ലഭിക്കും. ഒരു നോമ്പുകാരന് വയർ നിറയെ ആഹാരം കൊടുത്ത് നോമ്പ് തുറപ്പിച്ചാൽ അവനെ അല്ലാഹു തന്റെ ജലാശയത്തിൽ നിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹമുണ്ടാകുകയില്ല. ഈ മാസത്തിന്റെ ആദ്യത്തെ പത്ത് ദൈവകാരുണ്യത്തിന്റെയും മദ്ധ്യത്തിലെ പത്ത് പാപമോചനത്തിന്റേയും അവസാനത്തെ പത്ത് നരക വിമുക്തിയുടേതുമാണ്. ആരെങ്കിലും തന്റെ അടിമക്ക് ജോലിയിൽ ഇളവ് നൽകിയാൽ അല്ലാഹു അവന് പൊറുത്ത് കൊടുക്കുന്നതും നരകത്തിൽ നിന്ന് മോചിപ്പിക്കുന്നതുമാണ്.'(ബൈഹഖി)*

വ്രതാനുഷ്ഠാനത്തിന്റെ തത്ത്വ രഹസ്യങ്ങളെ കുറിച്ച് വാഗ്ദത്ത മസീഹ് നൽകിയ വിവരണത്തിന്റെ ഒരു ഭാഗം ഇവിടെ കുറിക്കുന്നു: 'വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ ആഹാര പാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പ് സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം വിഷേയേഛകളിൽ നിന്നും അകന്ന് നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. വിശുദ്ധ നബി (സ) റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ മുഴുകുക പതിവാ യിരുന്നു. അതുകൊണ്ട് നോമ്പ് കാലത്ത് ഭക്ഷണ പാനീയങ്ങളെ ക്കുറിച്ചുള്ള ചിന്തയിൽ നിന്ന് വിരമിക്കുകയും ആ വക കാര്യ ങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തു കൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആയിരിക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ പാനീയങ്ങൾ ലഭിച്ചിരിക്കേ ആത്മീയ ആഹാരത്തെ കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീന നാണെന്ന് വേണം പറയാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിന് ബലവും ഓജസ്സും നിലനിൽക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മ ശക്തികൾക്ക് ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയ ലബ്ധിക്ക് അവനിൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്.' (ബദർ - 1907)

ഇസ്‌ലാമിലെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുക എന്നത് മാത്രമല്ല. അതിനൊരു പ്രഭാവമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയാൻ കഴിയുക. ഭക്ഷണം കുറയുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാവുന്നു. ദർശന ശക്തി വർധിക്കുന്നു. ഭക്ഷണം കുറച്ച് ആദ്ധ്യാത്മിക ഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പ് കാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. പ്രത്യുത ഏകാന്തവാസവും ഭൗതികതയിൽ നിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കണം. കേവലം ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിക്കും സംപുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പ് കൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങു തീർക്കുന്നു എന്ന നിലക്കല്ലാതെ ആരാണോ അല്ലാഹുവിന് വേണ്ടി നോമ്പ് നോൽക്കുന്നത് അയാൾക്ക് അദ്ധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും അയാൾ മുഴുകേണ്ടതാണ്' (മൽഫൂദാത്ത് - വാല്യം 9)

## ഹദ്റത്ത് ലുഖ്മാനുൽ ഹഖീമിന്റെ സാരോപദേശങ്ങൾ

എന്റെ പ്രിയപ്പെട്ട മകനേ അത് (മനുഷ്യന്റെ കർമം) കടുക് മണിത്തൂക്കമായിരുന്നാൽ തന്നെയും പിന്നീടത് പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെയായിരുന്നാലും അല്ലാഹു അതിനെ (പ്രതിഫല രംഗത്ത്) കൊണ്ട് വരുന്നതാണ്. അല്ലാഹു സൂക്ഷ്മജ്ഞനും ബോധവാനുമാണ്. എന്റെ പ്രിയപ്പെട്ട മകനെ നമസ്ക്കാരം നിലനിർത്തുക, നല്ലകാര്യം ഉപദേശിക്കുക, നിഷിദ്ധകാര്യം നിരോധിക്കുക. നിന്നെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈകൊള്ളുക. തീർച്ചയായും ഇത് നിശ്ചയ ദാർഢ്യം ആവശ്യമായ കാര്യങ്ങളിൽപ്പെട്ടതാണ്.....(കോപം നിമിത്തം) ജനങ്ങളുടെ മുമ്പാകെ നീ കവിൾ വീർപ്പിക്കരുത്. ഭൂമിയിൽ പൊങ്ങച്ചം കാണിച്ചുകൊണ്ട് നടക്കുകയുമരുത്. അഹംഭാവിയും ദുരഭിമാനിയുമായ ആരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. നിന്റെ നടപ്പിൽ നീ മിതത്വം കൈകൊള്ളുക. നിന്റെ ശബ്ദം നീ അൽപ്പം താഴ്ത്തുക. ശബ്ദങ്ങളിൽ ഏറ്റവും വെറുക്കപ്പെട്ടത് കഴുതയുടെ ശബ്ദമാണ്. (31:17-20)

ഭാഗം – 8

# മലക്കുകൾ ആത്മീയത വർധിപ്പിക്കുന്നു

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മതസാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാന ത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം. **വിവ: ആരിഫ് മുഹമ്മദ് ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

മലക്കിന്റെയും സാത്താന്റെയും പ്രേരണകളിലെ മൂന്നാമത്തെ വ്യത്യാസം മലക്കിന്റെ പ്രേരണകൾ അനുക്രമമായിരിക്കുമെന്നതാണ്. പടിപടിയായിട്ടാണ് അത് അഭിവൃദ്ധി നൽകുന്നത്. മാതാവ് തന്റെ കുഞ്ഞിനെ എടുത്ത് നടക്കുന്നതുമായി നമുക്കതിനെ ഉപമിക്കാം. ആദ്യം അതിനെ എടുക്കുന്നു, പിന്നെ നടത്തുന്നു. ശേഷം മെല്ലെ മെല്ലെ കുട്ടി നടക്കാൻ തുടങ്ങുന്നു. അതേസമയം, സാത്താനിക പ്രലോഭനങ്ങളെ കുഞ്ഞിനെ എടുത്തെറിയുന്ന ശത്രുവിനോട് ഉപമിക്കാം. അതുമല്ലെങ്കിൽ മലക്കിന്റെയും പ്രേരണകളെ ഉപമിക്കാവുന്നത് അക്ഷരമാലയിലെ ആദ്യക്ഷരങ്ങൾ തൊട്ട് തുടങ്ങി മെല്ലെ മെല്ലെ പുരോഗതിയിലേക്കുയർത്തുന്ന ഗുണകാംക്ഷിയായ അധ്യാപകനോടാണ്. അധ്യാപകൻ ശത്രുവാണെങ്കിൽ ആദ്യം തന്നെ പ്രയാസകരമായ പാഠമായിരിക്കും പഠിപ്പിക്കുക. കുട്ടി അത് മടുത്ത് ഓടിപ്പോവുകയും ചെയ്യും. ഞാൻ പറഞ്ഞു വന്നത്, മലക്കിന്റെ പ്രേരണ അനുക്രമമായിട്ടായിരിക്കും ഉണ്ടാകുന്നത്. ഏതെങ്കിലും സംഗതിയുടെ ഭാരം പെട്ടെന്ന് മനുഷ്യനു മേൽ വന്നു വീഴുകയോ ഏതെങ്കിലും കാര്യത്തിൽ ധൃതി കാണിപ്പിക്കുകയോ ഇല്ല. എന്നാൽ അങ്ങനെയല്ലെങ്കിൽ, ഉടനടി ഒരു ഭാരം വന്നു പതിക്കുകയും ധൃതിയിൽ ചെയ്യാൻ പ്രേരിപ്പിക്കുകയുമാണെങ്കിൽ ഇത് മലക്കിന്റെ പ്രേരണയല്ല ശൈതാന്റെ പ്രേരണയാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഉദാ: ശൈതാൻ പ്രേരിപ്പിക്കുന്നത് ഇങ്ങനെയായിരിക്കും: 'ഇന്ന് തന്നെ വലിയ ആയിക്കോ. ദിവസം മുഴുവനും നിസ്കരിക്കുക. വർഷം മുഴുവനും നോമ്പെടുക്കുക'. എന്നാൽ ഇതനുസരിച്ച് പ്രവർത്തിച്ചാൽ അതിന്റെ ഫലമായി അവൻ മടുപ്പും വെറുപ്പും കൊണ്ട് നമസ്കാരവും നോമ്പും തീർത്തും ഉപേക്ഷിക്കുന്നതാണ്. അതു കൊണ്ടാണ് ചിലയാളുകൾ രാത്രി മുഴുവനും തഹ്ജ്ജുദ് നമസ്കരിച്ചു കൊണ്ടിരിക്കുകയും പകൽ നോമ്പെടുക്കുകയും ചെയ്യുന്നുണ്ടെന്ന് നബി(സ) അറിഞ്ഞപ്പോൾ അത് ഇഷ്ടപ്പെടാഞ്ഞത്. ഇങ്ങനെ മറ്റുള്ളവർക്ക് നിങ്ങളുടെ മേലുള്ള അവകാശങ്ങളെ അടിച്ചമർത്തുന്നതല്ല നന്മ എന്ന് അവിടുന്ന് അരുളി. ക്രമാനുഗതമായി മനുഷ്യൻ ചെയ്യുന്നതാണ് നന്മ. ആദ്യം ഒരു ചുവടു വെയ്ക്കുന്നു. പിന്നെ രണ്ട്, മൂന്ന്, ഇതാണ് മലക്കിൽ നിന്നുണ്ടാകുന്ന പ്രേരണയുടെ ലക്ഷണം.

സാത്താനിക പ്രലോഭനങ്ങൾ ആഗ്രഹിക്കുന്നത് ഉടനടി ചെയ്യണം എന്നാണ്. ഉദാ: മുൻപൊന്നും ചന്ദ നൽകാറില്ലാത്ത ആൾ അടുത്ത മാസം തന്റെ സമ്പത്ത് മുഴുവനും ചന്ദയായി നൽകാൻ പ്രേരിതനാവുമ്പോൾ അതവന്റെ ശരിയായ നിലയിലുള്ള ആഗ്രഹമല്ലാത്തതിനാൽ കൊടുത്തു കഴിഞ്ഞാൽ അവന് മനോവിഷമം അനുഭവപ്പെടും. മനോവിഷമം ഉണ്ടായാൽ പിന്നെ അവൻ സാത്താന്റെ അധീനതയിൽ ആയിക്കൊണ്ട് പൂർണമായും വ്യതിചലിക്കുന്നതാണ്.

ആയതിനാൽ സാത്താനിക പ്രലോഭനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ അതു തിടുക്കത്തിലേക്ക് നയിക്കുകയും ഒരുപാട് ഭാരം ഉടനടി വെയ്ക്കുകയും ചെയ്യുന്നതായിരിക്കും. ഇന്ന് തന്നെ നീ അല്ലാഹുവുമായി കൂടിക്കാഴ്ച നടത്തുക എന്നായിരിക്കും ആദ്യം പ്രേരിപ്പിക്കുക. ആ സംഗതി ലഭ്യമാകാതാകുമ്പോൾ മനുഷ്യ മനസ്സിൽ നിരാശയുണ്ടാകുന്നു. ആഴ്ചകൾ തോറും നമസ്കരിച്ചിട്ടും തങ്ങൾക്ക് ദൈവത്തെ ലഭിച്ചില്ല എന്ന് പറയുന്ന ഒരുപാട് പേരുണ്ട്. കുറച്ച് ദിവസം മാത്രം നമസ്കരിച്ച് നബി (സ) തിരുമേനിയെ ദർശിക്കാൻ ആഗ്രഹിക്കുന്നവരാണ് പലരും. ഇവയെല്ലാം സാത്താനിക ദുർബോധനങ്ങളാണ്. മനുഷ്യൻ അല്ലാഹുവിനെയും നബി(സ) തിരുമേനിയെയും ദർശിക്കാൻ പ്രാപ്തനാകുമ്പോഴാണ് അതിനു സാധിക്കുക. വെറുതെയങ്ങ് ദർശിക്കാവുന്നതെങ്ങനെ? ഇത്തരത്തിലുള്ള ധൃതികൾ സാത്താനിൽ നിന്നാണ് ഉണ്ടാകുന്നത്. താൻ പ്രതീക്ഷിച്ചത് ലഭിക്കാത്തതിന്റെ ഫലമായി മനുഷ്യൻ നിരാശനാകുകയും പിന്നെ എല്ലാം ഉപേക്ഷിച്ച് അകന്നു പോകുകയും ചെയ്യുന്നു.

അഞ്ചാമത്തെ വ്യത്യാസം, സംശയാസ്പദമായ കാര്യങ്ങൾ അതായത്, ഒരുപക്ഷേ നല്ലതാകാം ചിലപ്പോൾ ചീത്തയാണെങ്കിലോ എന്നൊക്കെ തോന്നുന്ന സംഗതികളെക്കുറിച്ച് മലക്കിന്റെ ഭാഗത്തു നിന്ന് പ്രേരണയുണ്ടാകുമ്പോൾ സംശയാസ്പദമായ സംഗതികൾ ഉപേക്ഷിക്കാനും അതനുസരിച്ച് പ്രവർത്തിക്കരുതെന്നുമുള്ള പ്രേരണയായിരിക്കും ഉണ്ടാകുക. എന്നാൽ സാത്താനിക പ്രലോഭനങ്ങളാണെങ്കിൽ അവ ചെയ്താൽ എന്തു പ്രശ്നമുണ്ടാകാനാണ്? ചെയ്തോളൂ എന്ന രീതിയിലായിരിക്കും ഉണ്ടാവുക. ഇങ്ങനെയാണ് സാത്താൻ ചെയ്യിപ്പിക്കുന്നത്. അവ ചെയ്യിപ്പിച്ചു കഴിഞ്ഞാൽ അതിന് ഒരു സ്ഥാനം നിശ്ചയിക്കുകയും അതിനപ്പുറത്തുള്ള സംഗതികൾക്ക് അതിരു വെയ്ക്കുകയുംചെയ്യുന്നു. പിന്നെ അതനപ്പുറത്തേക്ക് കടന്നു പോകുകയും അതിരു വരെ അവനെ ചെയ്യിപ്പിച്ചു കൊണ്ട് അതിന് ഒരു സ്ഥാനം കല്പിക്കുകയും ചെയ്യുന്നു. അങ്ങനെ മുന്നോട്ട് പോയിക്കൊണ്ട് മഹാപാപങ്ങൾ ചെയ്യിപ്പിക്കുന്നു.

മറ്റൊരു വ്യത്യാസം കൂടിയുണ്ട്. മലക്കിന്റെ പ്രേരണയിൽ മനുഷ്യൻ ആമഗ്നനാകുമ്പോൾ അവന് അഭിവൃദ്ധി നൽകപ്പെടുന്നു. ഉദാഹരണത്തിന് നമസ്കാരത്തിൽ നാം മുഴുകിയിരിക്കുമ്പോൾ കൂടുതൽ നന്നായി നിർവഹിക്കാനുള്ള പ്രേരണയുണ്ടാകുന്നു. എന്നാൽ മനുഷ്യൻ മുഴുകിയിരിക്കുന്നതിൽ നിന്ന് അകറ്റി കൊണ്ട് മറ്റു കർമങ്ങൾ ചെയ്യിപ്പിച്ചു കൊണ്ടായിരിക്കും സാത്താൻ പ്രലോഭിപ്പിക്കുക. മനുഷ്യൻ ചെയ്യുന്ന സത്കർമങ്ങളെ അവനിൽ നിന്ന് അകറ്റാനാണ് സാത്താൻ ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനെ ഉപേക്ഷിച്ച് മറ്റുള്ളവയെ അവലംബിക്കുമ്പോൾ പിന്നെ അവയായിരിക്കും സാത്താന്റെ ലക്ഷ്യം.

ആറാമത്തെ വ്യത്യാസം, മനുഷ്യന് മറ്റുള്ളവരുടെ ദൂഷ്യങ്ങളും ന്യൂനതകളും വെളിപ്പെടുത്തിക്കൊടുക്കും വിധം സാത്താന്റെ പ്രലോഭനം ഉണ്ടാകുന്നു. എന്നാൽ മലക്ക് മുഖേന പ്രചോദിതനാവുന്ന ആൾമറ്റുള്ളവരെക്കുറിച്ച് നല്ല ചിന്തകൾ തന്നെയായിരിക്കും വെച്ച് പുലർത്തുക. എന്തെന്നാൽ, മലക്കുകൾ സദ്ഭാവനകൾ മാത്രമേ പ്രചോദിപ്പിക്കാറുള്ളു. എന്നാൽ സാത്താനിക പ്രലോഭനങ്ങളിൽ ജനങ്ങളുടെ ന്യൂനതകൾ പ്രകടമാക്കപ്പെടുന്നു. അങ്ങനെ ഇന്നയാളിൽ ഈ ന്യൂനതയുണ്ട് ഇന്നയാളിൽ ഈ ന്യൂനതയുണ്ട് എന്നാൽ താൻ വലിയ 'ഒലി' യാണെന്ന ചിന്ത സംജാതമാക്കുന്നു. ക്രിസ്ത്യാനികളെ പോലെ, ഇബ്രാഹിം, മൂസാ , ദാവൂദ് മുതലായ എല്ലാ പ്രവാചകന്മാരും പാപികളായിരുന്നതിനാൽ അവരെല്ലാവരെക്കാളും ഉയർന്ന സ്ഥാനമായിരുന്നു യേശുമസീഹിന്റേത് എന്നവർ പറയുന്നു. എന്നാൽ, പരേതരായ ഇന്ന ഇന്ന വ്യക്തികളെ അപേക്ഷിച്ച് താൻ കൂടുതൽ ശക്തനാണെന്ന് ഒരുവൻ പറയുന്നതു പോലെയാണിത്. സാത്താൻ ഇങ്ങനെയുള്ള ചിന്തകളാണ് ഉണ്ടാക്കുന്നത്. മനുഷ്യ ദൃഷ്ടിയിൽ ജനങ്ങളെ നിന്ദാ ദൃഷ്ടിയോടെ ഇകഴ്ത്തി കൊണ്ട് താൻ വലിയവനാണെന്ന ചിന്ത ഉണ്ടാക്കിയെടുക്കുകയും അങ്ങനെ പ്രകടനാത്മകതയും അഹങ്കാരവും ഉണ്ടാക്കിക്കൊണ്ട് അയാളെ നശിപ്പിക്കുകയും ചെയ്യുന്നു.

നന്മകളിൽ വേർതിരിക്കാനാവാത്ത സ്ഥിതിവിശേഷങ്ങളും ചിലപ്പോൾ ഉണ്ടാകാറുണ്ട്. അതായത്, ചെറിയ നന്മകൾക്ക് വേണ്ടി വലിയ നന്മകളെയാണ് ചിലപ്പോൾ ത്യജിക്കുന്നത്. പക്ഷേ, ചിലപ്പോൾ നന്മകളെല്ലാം ഒരു പോലെയായിരിക്കുമെങ്കിലും ഒന്നിലേക്ക് മാത്രമായിരിക്കും ശ്രദ്ധ. അങ്ങനെ മറ്റു നന്മകളെ പൂർണമായും അകറ്റുന്നു. ഉദാ: തബ്‌ലീഗ് ചെയ്യുന്ന വ്യക്തിയെ സാത്താൻ പ്രലോഭിപ്പിക്കുന്നത് ഇങ്ങനെയാണ്: "നിങ്ങൾക്ക് ചന്ദ നൽകേണ്ട ആവശ്യമെന്ത്? ഒരു പ്രവർത്തനം നിങ്ങൾ ചെയ്യുന്നുണ്ടല്ലോ." അല്ലെങ്കിൽ ചന്ദ നൽകുന്നവനോട് പറയും: "തബ്‌ലീഗ് ചെയ്യേണ്ട അവശ്യമില്ല.

ചന്ദ നൽകുന്നുണ്ടല്ലോ." എന്നാൽ തബ്ലീഗ് ചെയ്യുന്നതും നന്മയാണ് അതും ചെയ്യണം, ചന്ദ നൽകുന്നതും നന്മയാണ് അതും ചെയ്യേണ്ടത് അനിവാര്യമാണെന്നേ മലക്കു പറയുകയുള്ളു.

എട്ടാമത്തെ കാര്യം വളരെ അപകടമേറിയതാണ്. മനുഷ്യൻ വല്ല നന്മയും ചെയ്യാനൊരുങ്ങുമ്പോൾ അയാൾ ഉന്നത പദവിയിലെത്താത്ത, താഴ്ന്ന പദവിയിലുള്ള ആളാണെങ്കിൽ സാത്താൻ അയാളുടെ മനസ്സിലിടുന്ന ചിന്ത ഇങ്ങനെയായിരിക്കും: " മറ്റുള്ളവർ കാണാൻ വേണ്ടിയാണ് ചെയ്യുന്നതെന്ന് ജനങ്ങൾ പറയും അതുകൊണ്ട് ചെയ്യുകയേ വേണ്ട." ഉദാഹരണമായി അങ്ങനെയുള്ള വ്യക്തി നമസ്കരിക്കുന്നതിനായി പള്ളിയിൽ പോകാനൊരുങ്ങിയാൽ സാത്താൻ അയാളുടെ മനസ്സിൽ ഇങ്ങനെ ഇട്ടു കൊടുക്കും:" ജനങ്ങൾ നിന്നെ കാണുകയും നമസ്കാരക്കാരനെന്ന് പറയുന്നതുമാണ്. അങ്ങനെ അത് പ്രകടാത്മകതയായിത്തീരും. അതുകൊണ്ട് പള്ളിയിൽ പോവുകയേ വേണ്ട." ഇങ്ങനെ ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽ നിന്ന് സാത്താൻ തടയുന്നതാണ്. എന്നാൽ, ശരീഅത്തിന്റെ മര്യാദകളെ മാനിച്ചു കൊണ്ടുള്ള പ്രേരണകളാണ് മലക്കുകളുടെ ഭാഗത്ത് നിന്നുണ്ടാകുന്നത്. ഇത്തരം സാത്താനിക പ്രലോഭനങ്ങളുണ്ടാകുമ്പോൾ ജനങ്ങൾ എന്തുതന്നെ പറഞ്ഞാലും ശരീഅത്തിന്റെ കല്പന താൻ തീർച്ചയായും നിർവഹിക്കുമെന്ന് വേണം വിശ്വാസി തന്റെ ആത്മാവിനോട് പറയാൻ. ഇങ്ങനെയുള്ള സംഗതികളെ ഗൗനിക്കാതെ അല്ലാഹുവിന്റെ കല്പനയെന്താണോ അത് നിറവേറ്റുക.

ഇത്തരം സാഹചര്യങ്ങളിൽ ഒരു കാര്യം നന്നായി ഓർക്കുക. ഏതൊരു നന്മയെക്കുറിച്ചാണോ തനിക്ക് ശ്രദ്ധയില്ലെന്ന് കാണുന്നത് അതിനു കാരണം സാത്താനിക പ്രലോഭനമാണെന്ന് മനസ്സിലാക്കി കൊണ്ട് അങ്ങനെയുള്ള എല്ലാ സാഹചര്യങ്ങളിലും ഒരു മുൻകരുതൽ എടുക്കുകയും അത്തരം സംഗതികളിൽ കൂടുതലായി ഊന്നൽ നൽകുകയും ചെയ്യുക. ഉദാ: ചന്ദ നൽകുന്നു, പക്ഷേ, തബ്ലീഗ് ചെയ്യുന്നില്ല. അങ്ങനെ വരുമ്പോൾ തബ്ലീഗിൽ കൂടുതൽ ഊന്നൽ നൽകുക. പ്രയാസമേറിയ വിഷയങ്ങളിൽ കുട്ടികൾ കൂടുതൽ ഊന്നൽ നൽകുന്നതു പോലെ നിങ്ങൾക്ക് പ്രയാസം തോന്നുന്ന നന്മകളിൽ കൂടുതൽ ഊന്നൽ നൽകി കൊണ്ട് അതിലെ കുറവ് നികത്താൻ ശ്രമിക്കുക.

**സാത്താന്റെ പ്രേരണകളിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങൾ**

ഇനി ഞാൻ സാത്താന്റെ പ്രേരണകളിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങൾ എന്തൊക്കെയാണെന്ന് പറയാം.

സാത്താൻ നന്മ ചെയ്യാൻ പ്രേരിപ്പിക്കുകയും വലിയ നന്മയിൽ നിന്ന് അകറ്റി തിന്മ ചെയ്യിപ്പിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുമ്പോൾ അത്തരം സാഹചര്യങ്ങളിൽ ആ നന്മതിന്മകളെ താരതമ്യം ചെയ്യുക. സാത്താൻ പിന്തിരിപ്പിക്കാൻ ആഗ്രഹിക്കുന്ന ആ നന്മയും സാത്താൻ ചെയ്യിപ്പിക്കുന്ന നന്മയും ചെയ്യേണ്ടതാണ്. ഉദാഹരണമായി, ദിക്ർ ചെയ്യുന്നതിലെ മനുഷ്യന്റെ ദൗർബല്യം. അതിനെ സംബന്ധിച്ച് ശൈത്താൻ പ്രേരിപ്പിക്കുന്നെങ്കിൽ ദിക്ർ ചെയ്യുന്നതോടൊപ്പം ഫർളായ കാര്യങ്ങളിൽ കുറവ് വരുത്താതെ അത് അനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്. അപ്പോൾ സാത്താൻ നിരാശനായിത്തീരും. പിന്നീട് അങ്ങനെയുള്ള പ്രേരണകളിടാൻ ധൈര്യപ്പെടില്ല.

ഹ: മസീഹ് മൗഊദ്(അ) പറയാറുണ്ട്. ഒരിക്കൽ ഹ: മുആവിയ(റ)ക്ക് സുബഹിക്ക് ഉണരാൻ സാധിച്ചില്ല. അദ്ദേഹം ഉണർന്നപ്പോഴേക്കും നമസ്കാര സമയം കഴിഞ്ഞിരുന്നു. അതാലോചിച്ച് അദ്ദേഹം ദിവസം മുഴുവൻ കരഞ്ഞു കൊണ്ടിരുന്നു. അടുത്ത ദിവസം അദ്ദേഹം ഒരാളെ സ്വപ്നത്തിൽ കാണുകയാണ്. അയാൾ നമസ്കാരത്തിനായി ഉണർത്തുകയാണ്. അദ്ദേഹം ചോദിച്ചു: ' നീ ആരാണ്?' അയാൾ പറഞ്ഞു: 'ഞാൻ സാത്താൻ ആണ്. നമസ്കരിക്കാൻ വേണ്ടി ഉണർത്താൻ വന്നതാണ്.'

അദ്ദേഹം ചോദിച്ചു: നമസ്കാരത്തിനു ഉണർത്തുന്നതുമായി നിനക്ക് എന്താണ് ബന്ധം? സംഗതി എന്താണ്?' സാത്താൻ പറഞ്ഞു:' ഇന്നലെ ഞാൻ നിങ്ങളെ ഉറങ്ങാൻ വേണ്ടി പ്രലോഭിപ്പിച്ചപ്പോൾ നിങ്ങൾ ഉറങ്ങി. നിങ്ങൾക്ക് നമസ്കാരത്തിന് എഴുന്നേൽക്കാൻ സാധിച്ചില്ല. അതിൽ നിങ്ങൾ ദിവസം മുഴുവൻ കരഞ്ഞു കൊണ്ടിരുന്നു. നിങ്ങൾക്ക് ജമാഅത്തായ നമസ്കാരത്തിനേക്കാൾ അധികം പ്രതിഫലം നൽകാനാണ് ദൈവം പറഞ്ഞിരിക്കുന്നത്. നമസ്കാരത്തിൽ നിന്ന് അകറ്റിയതിന് കൂടുതൽ പ്രതിഫലം ലഭിച്ചതിൽ ഞാൻ വിഷമിച്ചു. ഇന്നും നിനക്ക് കൂടുതൽ പ്രതിഫലം ലഭിക്കുമോ എന്ന് ഭയന്നാണ് ഞാൻ നിങ്ങളെ ഉണർത്താൻ വന്നിരിക്കുന്നത്.'.

സാത്താന്റെ പ്രലോഭനങ്ങളെ ധ്വംസിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ നിരാശനായി പിന്മാറുകയും വിട്ടകന്ന് പോകുകയും ചെയ്യുന്നതാണ്. സാത്താൻ നിരാശനാകുമെന്ന കാര്യം ഇസ്ലാമിക പ്രമാണങ്ങളിൽ നിന്ന് സ്ഥാപിതമാണ്.

ഇനി സാത്താനിക പ്രലോഭനങ്ങളെ നന്മയുടെ രൂപത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്. അത് നന്മയായി പരിവർത്തിക്കപ്പെടുന്നതാണ്.

സാത്താന്റെ സ്വാധീനം രണ്ടു വിധത്തിലാണെന്ന് ഓർക്കുക. ഒന്ന്, പൊതുവായ സ്വാധീനങ്ങളാണ്. ഉദാ: മറ്റുള്ളവരെ സ്വാധീനിക്കുമാറ് ദുഷ്ചിന്തകൾ സംജാതമാക്കുക. അത്തരം ചിന്തകൾ

നബി(സ) തിരുമേനിയടക്കം എല്ലാവരെയും സ്വാധീക്കുന്നതാണ്. അതിനു ശേഷം വല്ലവനും അത് തള്ളുകയോ കൊള്ളുകയോ ചെയ്യുന്നത് വേറെ കാര്യം. എങ്കിലും സ്വാധീനം തീർച്ചയായും ചെലു ത്തുന്നതാണ്.

രണ്ടാമത്തെ വിധത്തിലുള്ള സ്വാധീനം ചെലുത്തുന്നത് സാത്താനിൽ നിന്ന് സുരക്ഷിതര ല്ലാത്തവരിലോ അവന് കീഴ്പെട്ട വരിലോ ആണ്.

ഈ രണ്ടു വിധത്തിലുള്ള സ്വാധീനങ്ങളും ആരാണോ സ്വീകരിക്കുന്നത് അവർ സുരക്ഷിത രല്ല. ആരാണോ സ്വീകരിക്കാത്തത് അതിൽ നിന്നവർ പ്രയോജനമെടു ക്കുന്നു. സാത്താൻ ദു:സ്വാധീനം ചെലുത്തുമ്പോൾ അയാൾ അതിനെ നന്മയാക്കിമാറ്റുന്നു. സാത്താനിൽ നിന്ന് ദുർവൃത്തിയുടെ പാഠം എടുക്കുന്നതിനു പകരം അയാൾ അതിനെ സത്കർമത്തിനായി ഉപയുക്തമാക്കുന്നു. അതിനുള്ള മാർഗം ഇതാണ്: സാത്താൻ ആക്രമണം നടത്തുന്നത് വികാര ങ്ങളിലൂടെയാണ്. അവൻ അവയെ ഉത്തേജിപ്പിക്കുന്നു. അവർ തിന്മ യിൽ അകപ്പെടുകയും ചെയ്യുന്നു. എന്നാൽ, മനുഷ്യൻ നിശ്ചയദാർ ഢ്യം വർധിപ്പിക്കുകയാണെങ്കിൽ അത് വർധിക്കുന്നതനുസരിച്ച് അവൻ നന്മയിലും മുന്നോട്ട് പോകും. നിശ്ചയദാർഢ്യം കുറയുമ്പോഴാണ് മനുഷ്യനുമേൽ സാത്താനിക പ്രലോഭനങ്ങളുണ്ടാ കുന്നത്. ഉദാഹരണമായി അനുവദനീയമല്ലാത്ത നിലയിലുള്ള ഭോഗാസക്തിയോ സമ്പത്തിനോടു ള്ള സ്നേഹമോ ഉണ്ടാകുന്നു. നിശ്ചയദാർഢ്യം കുറയുമ്പോൾ ഈ വികാരങ്ങളെ മനുഷ്യൻ തെറ്റായ നിലയിൽ പ്രയോഗിക്കും. എന്നാൽ നിശ്ചയ ദാർഢ്യം കൂടുതലാണെ ങ്കിൽ അവയെ സമയത്തിനും സന്ദർഭത്തിനുമനുസരിച്ച് നല്ല രീതിയിൽ ഉപയുക്തമാക്കുന്നു. അപ്പോൾ നിശ്ചയദാർഢ്യം വർധിപ്പിക്കുന്നതിലൂടെ മനുഷ്യന് സാത്താനിക ദുഷ്പ്രേരണകളെ പ്രയോജനപ്പെടുത്താനാവുന്നതാണ്. താൻ അങ്ങനെ തന്നെയാണ് ചെയ്യാറ് എന്നാണ് നബി(സ) തിരുമേനി പറയുന്നത്.

ഒരിക്കൽ നബി(സ) തിരുമേനി തന്റെ സഹാബാക്കളോട് പറഞ്ഞു: 'നിങ്ങളിൽ ഓരോരുത്തനും സാത്താനെ നിശ്ചയിച്ചിരിക്കുന്നു. സാഹാബാക്കാൾ ആരാഞ്ഞു: അങ്ങയിലും? അങ്ങ് സുരക്ഷിത നായിരിക്കുമോ? പറഞ്ഞു: 'എന്റെ കാര്യവും വ്യത്യസ്തമല്ല. പക്ഷേ, ദൈവം എനിക്ക് ശക്തി നൽകി യിരിക്കുന്നു. ഞാൻ സാത്താനെ അതിജയിച്ചിരിക്കുകയാണ്. അവൻ എന്നെ നന്മയിലേക്ക് മാത്രമാണ് പ്രേരിപ്പിക്കുന്നത്. തിന്മ ചെയ്യാൻ പ്രേരിപ്പിക്കുന്നില്ല.'

ഓരോ മനുഷ്യനും വെവ്വേറെ സാത്താൻ ഉണ്ടെന്നോ നബി(സ) തിരുമേനിയുടെ സാത്താൻ നന്മ പ്രേരിപ്പിക്കുന്നു എന്നോ ഈ ഹദീസ് അർഥമാക്കുന്നില്ല. അതു വേറെ അസ്തിത്വമായിരുന്നെങ്കിൽ, അവൻ ദുഷ്പ്രേരണ ഉപേക്ഷിച്ച് സദ്പ്രേരണ നല്കാൻ തുടങ്ങിയിരു ന്നുവെങ്കിൽ പിന്നെ അവൻ എങ്ങനെ സാത്താൻ ആകും? പിന്നെ അവൻ മലക്കാവുകയല്ലേ ചെയ്യുക. അവൻ മുൻപ് സാത്താനാ യിരുന്നെങ്കിലും സദ്പ്രേരണകൾ ചെയ്യാൻ തുടങ്ങിയതോടെ അവൻ മലക്കായിത്തീർന്നു എന്ന് പറയുന്ന തും ശരിയല്ല. കാരണം, അവന്റെ സദ്പ്രേരണ നൽകുന്നതിനെ കുറിച്ച് പറയുമ്പോൾ പോലും അതിനെ 'സാത്താൻ' എന്ന് തന്നെയാണ് വിളിച്ചത്. സാത്താന്റെ ആദ്യത്തെ അവസ്ഥ കാരണമായാ ണ് നബി(സ) അവനെ അങ്ങനെ വിളിച്ചത് എന്നു പറയുകയാണെ ങ്കിൽ അതിനുള്ള മറുപടി ഇതാണ്: അവൻ പൈശാചികത ഉപേക്ഷിച്ചത് നബി(സ) തിരുമേനിയുടെ മഹത്താ യ പ്രഭാവം കൊണ്ടാണല്ലോ. അവിടുന്ന് തന്നെ പറഞ്ഞിരിക്കുന്ന ത് സല്ലത്വനീ എന്നാണ് അതായത് എനിക്ക് അല്ലാഹു അവനുമേൽ ആധിപത്യം നൽകിയിരിക്കുന്നു. അവൻ മുസ്ലിമായത് നബി(സ) തിരുമേനി കാരണമാണ്. നബി(സ) തിരുമേനിയുടെ മനസ്സിൽ സദ്പ്രേരണയിടാൻ മാത്രം സ്ഥാനം അവന് എവിടുന്ന് കിട്ടി? അവൻ തനിക്ക് സദ്പ്രേരണകൾ നൽകു ന്നു എന്നാണല്ലോ നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നത്.

ഈ അർഥം തികച്ചും തെറ്റാണ്. ഇതിന്റെ അർഥം മറ്റൊന്നാണ്. എല്ലാ മനുഷ്യരിലും പൊതുവായി ചെലുത്തുന്നതും ആർക്കും രക്ഷപ്പെടാൻ ആവാത്തതുമായ സ്വാധീനങ്ങളെ സംബന്ധിച്ചാണ് സാത്താന്റെ സ്വാധീനം തന്നെ പിടികൂടുമ്പോൾ അത് നന്മയായി ഭവിക്കുന്നുവെന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നത്. മലിന ജലം ഫിൽറ്ററിലൂടെ കടന്നു പോകുമ്പോൾ ശുദ്ധമായിത്തീരുന്ന തു പോലെ നബി(സ) തിരുമേനിയെ ബാധിക്കുന്ന ദു:സ്വാധീനങ്ങൾ നന്മയായി ഭവിക്കുന്നു. അല്ലെങ്കിൽ അതിനെ കരിമ്പ് നീർ എടുക്കുന്ന യന്ത്രവുമായി ഉപമിക്കാം. അതിൽ കരിമ്പ് വെക്കുമ്പോൾ നീര് ഒരുഭാഗത്തും അതിന്റെ തോല് മറു ഭാഗത്തും ആയിത്തീരുന്നു. ഇതു പോലെ നബി(സ)യുടെ മേൽ വല്ല അശുദ്ധമായ സംഗതിയും വന്ന് ഭവിക്കുമ്പോൾ അതിന്റെ അശുദ്ധി അതിനെ വിട്ടകലുകയും പരിശുദ്ധി മാത്രം ശേഷിക്കുകയും ചെയ്യുന്നു. ഇതിനെയാണ് നബി(സ) തിരുമേനി എന്റെ സാത്താൻ മുസ്ലിം ആയി എന്ന് പറഞ്ഞത്.

ഇനി ഞാൻ അവസാനത്തെ കാര്യം പറയാം. മലക്കുകളുടെ പ്രേരണകളെ എങ്ങനെ വർധിപ്പി ക്കാം. ഓരോ വസ്തുവിനെയും മെച്ചപ്പെടുത്താൻ പ്രകൃതിനിയമ ത്തിൽ എന്ത് നിയമമാണുള്ളത് എന്നാണ് ഇക്കാര്യത്തിൽ നാം പരിശോധിക്കേണ്ടത്, നല്ല രീതിയിൽ അതിനെ ഉപയോഗിക്കലാണ് ആ നിയമമെന്ന് ചെറുതായി ഒന്ന് ചിന്തിച്ചാൽ മനസ്സിലാകും. നോക്കുക, തുടക്കത്തിൽ ചെറിയ

തോതിൽ വിഷം കഴിച്ചു തുടങ്ങുന്നവർ വലിയ അളവിൽ കഴിച്ചാൽ പോലും ദഹിക്കുന്നു. മറ്റാരെങ്കിലും ആ വിഷം ചെറിയ തോതിൽ കഴിച്ചാൽ പോലും അയാൾ മരിച്ചു വീഴുന്നു. എന്നാൽ മെല്ലെ മെല്ലെ അളവ് കൂട്ടി അത് ശീലമാക്കുന്നവർക്ക് പ്രശ്നമുണ്ടാകാറില്ല. ശരീര ബലവും ഇതു പോലെയാണ്. കഠിന ജോലി ചെയ്യുന്നവരുടെ കൈകൾ തടിച്ചതും ഉറപ്പുള്ളതുമായിത്തീരുന്നു. കൂടുതൽ ഭക്ഷണം കഴിച്ച് ശീലമുള്ളവർ നാലോ അഞ്ചോ പേരുടെ ഭക്ഷണം ഒറ്റയ്ക്ക് കഴിക്കുന്നു. ഒരു കാര്യം അധികം ഉപയോഗിക്കുന്നതിലൂടെ അധികരിക്കുന്നു. മലക്കുകളുടെ പ്രേരണയും ഇതു പോലെയാണ്. മനുഷ്യൻ അവന്റെ പ്രേരണകൾ സ്വീകരിക്കുന്നതിനനുസരിച്ച്, ഉപയോഗിക്കുന്നതിനനുസരിച്ച് മലക്കുകളുടെ പ്രേരണകൾ മനുഷ്യന് സ്വാംശീകരിക്കാവുന്നതാണ്.

ഇവിടെ ഒരു ചോദ്യം ഉന്നയിക്കപ്പെടാം. ഭൗതിക സാചര്യങ്ങളിൽ ഒരാൾ ഭക്ഷണം കഴിക്കുകയാണെങ്കിൽ തന്നെ നാലോ അഞ്ചോ പേരുടെ അല്ലെങ്കിൽ കൂടിയാൽ എട്ടു പേരുടെ ഭക്ഷണം കഴിച്ചെന്ന് വരാം. നൂറോ ആയിരം പേരുടെയോ ഭക്ഷണം കഴിക്കില്ലല്ലോ. ഈ താരതമ്യം ശരിയല്ലെന്ന കാര്യം ഓർക്കേണ്ടതാണ്. എന്തെന്നാൽ മനുഷ്യശരീരം ക്ഷണികമാണ്. ശരീരവും ആത്മാവും തമ്മിൽ താരതമ്യം ചെയ്യുന്നത് പ്രഥമ പ്രമാണം എന്ന നിലക്കാണ്; പൂർണമായ നിലയിലല്ല. ശരീരം താത്കാലികമായതിനാൽ അതിന്റെ കഴിവുകളും പരിമിതമാണ്. ആത്മാവ് പക്ഷേ ശാശ്വതമാണ്. അതുകൊണ്ട് തന്നെ അപരിമിതമാണ് അതിന്റെ കഴിവുകളും. അനന്തമായി അഭിവൃദ്ധിപ്പെടാൻ കഴിയും വിധമാണ് ദൈവം ആത്മാവിനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യന് അവൻ ആഗ്രഹിക്കുന്ന ത്ര അഭിവൃദ്ധി നേടാനാകുന്നതാണ്.

ആത്മീയ കഴിവുകൾ പ്രയോജനപ്രദമാകുന്നതിനു വേണ്ടിയാണ് അതിന്റെ അഭിവൃദ്ധിക്കായി ദൈവം അപരിമിതമായ മാർഗങ്ങൾ വെച്ചിരിക്കുന്നത്. ശാരീരിക കഴിവുകൾ അവസാനിക്കും. അതോടൊപ്പം അതിന്റെ കഴിവുകളും അവസാനിക്കും. അതിന്റെ അഭിവൃദ്ധിക്കായി പരിമിത മാർഗങ്ങൾ വെച്ചിരിക്കുന്നത് അതുകൊണ്ടാണ്. ദൈവത്തിന്റെ സൃഷ്ടികർമത്തിൽ നിന്ന് തന്നെ നമുക്ക് ഇതിനുള്ള തെളിവ് നൽകാവുന്നതാണ്. ശാരീരിക കഴിവുകളെല്ലാം പരമിതങ്ങളാണെന്ന കാര്യം സുവിദിതമാണല്ലോ. ഒരളവോളം മാത്രമേ അവയ്ക്ക് അഭിവൃദ്ധിപ്പെടാനാവൂ. അതിനപ്പുറം സാധ്യമല്ല. ഉദാഹരണമായി ആമാശയം. നിശ്ചിത പരിധി വരെയാണ് അത് വളരുന്നത്. അതിനപ്പുറം അത് വളരില്ല. അത് പോലെ നെഞ്ചും ഒരു പരിധിവരെയാണ് വളരുന്നത്. ഇതു പോലെ ശിരസ്സിനും വളരാൻ ഒരു പരിധിയുണ്ട്. അത് വളർന്ന് വളർന്ന് ഒരു മൺപാത്രം പോലെയൊന്നും ആയിത്തീരില്ല. ഇതു തന്നെയാണ് ഉയരത്തിന്റെ സ്ഥിതിയും. ആറോ ഏഴോ ഫീറ്റ്. കൂടിയാൽ 9. അല്ലാതെ ഇരുപത് ഇരുപത്തഞ്ച് ഫീറ്റ് വരെയൊന്നും അവന്റെ ഉയരം എത്തില്ല. എല്ലാ ഭൗതിക വസ്തുക്കൾക്കും പരിധി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ആത്മീയതയുമായി ബന്ധപ്പെട്ട കഴിവുകൾ ഒരിക്കലും അവസാനിക്കുകയില്ല. ഉദാഹരണത്തിന്, തലച്ചോറിൽ കാര്യങ്ങൾ സൂക്ഷിച്ചു വെയ്ക്കുന്ന അറകളുണ്ട്. അവയെ എത്ര തന്നെ വർധിപ്പിച്ചാലും അത് വർധിച്ചു കൊണ്ടേ പോകും. ഒരാൾ എത്ര തന്നെ പണ്ഡിതനാണെങ്കിലും അയാളുടെ ഈ കോശങ്ങൾ സംഭരണ ശേഷി അവസാനിക്കുകയില്ല. ആ കഴിവ് വർധിച്ചു കൊണ്ടിരിക്കും. കാരണം, ആത്മീയതയുമായിട്ടാണ് അത് ബന്ധപ്പെട്ടിരിക്കുന്നത്. തലച്ചോറിലൂടെയാണ് ശരീരവും ആത്മാവും ബന്ധപ്പെട്ടിരിക്കുന്നത്. എന്നാൽ, ആമാശയത്തിന്റെയും മറ്റും സ്ഥിതി ഇതല്ല. ചുരുക്കത്തിൽ, മലക്കുകളുടെ പ്രേരണകളെ മനുഷ്യൻ പ്രയോജനപ്പെടുത്തുന്നതനുസരിച്ച് അവന്റെ കഴിവ് വർധിക്കുന്നതാണ്.

വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാകുന്ന രണ്ടാമത്തെ കാര്യം ഒരു പൊതു നിയമമാണ്. എല്ലാവർക്കും അത് മനസ്സിലാക്കാവുന്നതാണ്. ***'കുന്ദ് ഹം ജനിസ് ബാഹം ജനിസ് പർവാസ്.'*** അതായത്, ഒരേ ഗുണങ്ങൾ ഉള്ളവർ തമ്മിൽ പരസ്പരം ആകർഷിക്കുന്നു. ഈ തത്ത്വമനുസരിച്ച് മലക്കുകളെ പോലെ ആയിത്തീരുന്നവർക്ക് മലക്കുകളുടെ അനുഗ്രഹങ്ങളും വർധിക്കുന്നു. മലക്കുകളുടെ ഗുണമായി അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: ***'ലാ യ അ്സൂനല്ലാഹ മാ അമറഹും വ യഫ്അലൂന മാ യുഅ്മറൂൻ.'*** അവർ ദൈവകല്പനകളെ ധിക്കരിക്കുകയില്ല. അവരോട് കല്പിക്കപ്പെടുന്നത് അവർ ചെയ്യുന്നു. ഒരാൾ ഈ ഗുണം തന്റെ ഉള്ളിൽ പ്രകാശിപ്പിക്കുമ്പോൾ അയാൾക്ക് മലക്കുകളുമായി ബന്ധം ഉണ്ടാകുന്നു.

വലിയ ആളുകളുടെ കാര്യമാണിതെന്നും ചെറിയവർ എന്തു ചെയ്യുമെന്നും ആരെങ്കിലും ചോദിച്ചേക്കാം. എന്നാൽ ഇത്തരം ആളുകൾക്കും മാർഗങ്ങളുണ്ട്. ആ മർഗങ്ങളിൽ വാഗ്ദത്ത മസീഹ്(അ) പറഞ്ഞവ ഞാൻ ആദ്യം വിവരിക്കാം.

വാഗ്ദത്തമസീഹ്(അ) പറഞ്ഞ ഒന്നാമത്തെ കാര്യം ഇതാണ്: ഏതൊരാളിലാണോ ജിബ്രീൽ ഇറങ്ങുന്നത് അയാളോടൊപ്പം ഇരുന്നാൽ ഇത് കരസ്ഥമാക്കാം. എന്തെന്നാൽ, അയാളുടെ കണ്ണുകളിൽ നിന്നും, കൈകളിൽ നിന്നും,മൂക്കിൽ നിന്നും വായിൽ നിന്നും ശരീരത്തിലെ ഓരോ

അണുവിൽ നിന്നും പുറപ്പെടുന്ന ആത്മീയ കിരണങ്ങൾ ഹൃദയങ്ങളെ പ്രഭാവിതമാക്കുന്നു. ഇങ്ങനെ മലക്ക് മാധ്യമം മുഖേന മനുഷ്യനിൽ ഇറങ്ങിക്കൊണ്ടിരിക്കും. ഇതിനുള്ള പ്രമാണം വിശുദ്ധ ഖുർആനിൽ നിന്ന് ലഭിക്കുന്നത് ഇങ്ങനെയാണ്: അല്ലാഹു പറയുന്നു: ***'കൂനൂ മഅ സ്സാദിഖീൻ'*** അതായത്, സത്യവാന്മാരോടൊപ്പം സഹവസിക്കുക. സദ്‌വൃത്തർക്ക് ലഭിക്കുന്ന ജിബ്‌രീലിന്റെ പ്രഭാവം തങ്ങൾക്കും താങ്ങ് ആകും വിധം അവരോടൊപ്പം ബന്ധം സ്ഥാപിക്കുക എന്നാണ് ഇതു കൊണ്ടുള്ള ഉദ്ദേശ്യം. വീണു പോയ ആൾ എഴുന്നേൽക്കുന്നത് മറ്റൊരാളുടെ സഹായത്താലാണല്ലോ. അതുപോലെ ജിബ്രീൽ ഏതൊരാളിലാണോ ഇറങ്ങുന്നത് അദ്ദേഹത്തിന്റെ സഹായത്താൽ അത്തരം ആളുകൾ എഴുന്നേൽക്കുന്നു.

രണ്ടാമത്തെ മാർഗം, നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുക എന്നതാണ്. അല്ലാഹു പറയുന്നു: ***'ഇന്നല്ലാഹ വ മലായിക്കതുഹു... ...തസ്ലീമാ (അഹ്സാബ്: 57)'***

അല്ലാഹുവും അവന്റെ മലക്കുകളും ഈ നബിയുടെ മേൽ സദാ അനുഗ്രഹങ്ങൾ വർഷിച്ചു കൊണ്ടിരിക്കുന്നു. അല്ലയോ വിശ്വാസികളേ നിങ്ങളും അദ്ദേഹത്തിനു മേൽ അനുഗ്രഹം വർഷിക്കുക.

ഇതിനെ സംബന്ധിച്ച് ഒരു ചോദ്യം ഉയരാം. ഈ ആയത്തിൽ നബി(സ)തിരുമേനിയിൽ സ്വലാത്ത് ചൊല്ലാനുള്ള കല്പനയുണ്ടെന്ന് സമ്മതിച്ചാൽ തന്നെ അതിന്റെ ഫലമായി മലക്കുകളുമായി ബന്ധം സ്ഥാപിക്കാമെന്ന് തെളിയുന്നതെങ്ങനെ?

ഇതിനുള്ള തെളിവ് ഖുർആനിൽ നിന്ന് ലഭ്യമാണ്. അല്ലാഹു പറയുന്നു: ***'യാ അയ്യുഹല്ലദീന ആമനൂ ഉദ്കുറുല്ലാഹ ദികറൻ കസീറാ... ......ഇലന്നൂർ' (അഹ്സാബ് 42,43,44)***

അല്ലയോ വിശ്വാസികളേ, അല്ലാഹുവിനെ അധികമായി സ്മരിച്ചു കൊണ്ടിരിക്കുക. പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ പരിശുദ്ധിയെ വാഴ്ത്തുക. നിങ്ങളുടെ മേൽ അനുഗ്രഹാശിസ്സുകളർപിക്കുന്നത് അവനത്രേ. അവന്റെ മലക്കുകളും അപ്രകാരം ചെയ്യുന്നു. അന്ധകാരങ്ങളിൽ നിന്ന് നിങ്ങളെ പുറത്തു കൊണ്ടുവന്ന് പ്രകാശത്തിലേക്ക് നയിക്കുന്നതിനു വേണ്ടി. ഒരിടത്ത് അത് കല്പിക്കുന്നത് അല്ലാഹുവും അവന്റെ മലക്കുകളും ഈ നബിയിൽ അനുഗ്രഹങ്ങളർപ്പിക്കുന്നത് കൊണ്ട് നിങ്ങളും അദ്ദേഹത്തിനു അനുഗ്രഹം ലഭിക്കാൻ പ്രാർഥിക്കുക എന്നാണ്. മറ്റൊരിടത്ത് പറയുന്നത് അല്ലാഹുവും അവന്റെ മലക്കുകളും നിങ്ങളുടെ മേൽ അനുഗ്രഹാശ്ശിസുകളർപ്പിക്കുന്നു എന്നാണ്. ആദ്യത്തെ ആയത്തനുസരിച്ച് ഇവിടെ വേണ്ടിയിരുന്നത് അല്ലാഹുവും മലക്കുകളും നിങ്ങളുടെ മേൽ അനുഗ്രഹാശിസുകളർപ്പിക്കുന്നതു കൊണ്ട് നിങ്ങൾ പരസ്പരം അനുഗ്രഹങ്ങളർപ്പിക്കുക എന്നാണ്. എന്നാൽ അങ്ങനെയല്ല പറഞ്ഞിരിക്കുന്നത്. ആദ്യത്തെ സംഗതി സ്ഥിരമായ കല്പനയാണെന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. അതായത് അല്ലാഹുവും അവന്റെ മലക്കുകളും ഈ ദൂതനിൽ അനുഗ്രഹാശ്ശിസകളർപ്പിക്കുന്നതു കൊണ്ട് നിങ്ങളും സ്വലാത്ത് ചെയ്യുക. രണ്ടാമത്തെ ആയത്തിൽ ഈ കർമത്തിന്റെ പ്രതിഫലമാണ് പ്രതിപാദിച്ചിരിക്കുന്നത്. അതായത്, നിങ്ങൾ ഈ കല്പനയനുസരിച്ച് പ്രവർത്തിച്ചതിനാൽ അതിനുള്ള പ്രതിഫലമെന്നോണം അല്ലാഹുവും മലക്കുകളും നിങ്ങളുടെ മേൽ അനുഗ്രഹാശിസ്സുകളർപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. വാസ്തവത്തിൽ അവിടെ നബി(സ) തിരുമേനിയുടെ മഹോന്നത സ്ഥാനം കാരണമായാണ് സ്വലാത്ത് ചൊല്ലാൻ പറഞ്ഞിരുന്നതെങ്കിൽ ഇവിടെ അതിനുള്ള പ്രതിഫലമാണ് വിവരിച്ചിരിക്കുന്നത്. പ്രതിഫലത്തിനു പകരമായി വീണ്ടുമൊരു കല്പന നല്കാറില്ല. അതു കൊണ്ടാണ് നിങ്ങൾ മറ്റു ദാസരുടെ മേൽ അനുഗ്രഹങ്ങളർപ്പിക്കുക എന്ന് പറയാത്തത്. ഉദാഹരണമായി നാം പണം കൊടുത്ത് വസ്ത്രം വാങ്ങുമ്പോൾ വസ്ത്രം തന്നതിനു പകരമായി തനിക്കൊന്നും നല്കിയില്ലല്ലോ എന്ന് വസ്ത്ര വില്പനക്കാരൻ പറയില്ലല്ലോ. ആയതിനാൽ, അല്ലാഹുവും മലക്കുകളും ഈ ദൂതനിൽ സ്വലാത്ത് ചൊല്ലുന്നതിനാൽ നിങ്ങളും സ്വലാത്ത് ചൊല്ലുക എന്ന് ആദ്യ വചനത്തിൽ പറയുന്നു. എന്നാൽ, വിശ്വാസികളെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് ഞാനും മലക്കുകളും അവരുടെ മേൽ അനുഗ്രഹാശിസ്സുകളർപ്പിക്കുന്നു എന്ന് മാത്രമാണ്. നിങ്ങൾ സ്വന്തം സഹോദരന്മാർക്കു വേണ്ടി സ്വലാത്ത് ചൊല്ലുക എന്ന് അതോടൊപ്പം പറഞ്ഞിട്ടില്ല.

ചുരുക്കത്തിൽ നബി(സ) തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുന്നതിലൂടെ മലക്കുകളുമായി ബന്ധം സ്ഥാപിക്കാമെന്ന് ഈ ആയത്തിലൂടെ തെളിയുന്നു. നബി(സ)തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുന്നവർക്ക് മലക്കുകളുമായി അടുത്ത ബന്ധം ഉണ്ടായിത്തീരുകയും അങ്ങനെ അവർ ബന്ധം സ്ഥാപിക്കുകയും ചെയ്യും. സച്ചരിതരായ മഹത്തുക്കൾ നബി(സ)തിരുമേനിയുടെ മേൽ സ്വലാത്ത് ചൊല്ലുന്നത് ശ്രേഷ്ഠ കർമമാണെന്ന് പറഞ്ഞത് ഇക്കാരണം കൊണ്ടാണ്. നബി(സ) തിരുമേനി അരുളി: '***ദൈവസ്തോത്രവും സ്വലാത്തുമില്ലാത്ത പ്രാർഥന സ്വീകരിക്കപ്പെടുകയില്ല.' (സുനൻ അബീ ദാവൂദ് കിതാബുസ്സ്വലാത്ത്)***. ദൈവസ്തോത്രവും നബി(സ) തിരുമേനിയുടെ മേൽ സ്വലാത്തും ഉള്ള പ്രാർഥന കൂടുതൽ സ്വീകാര്യമായിരിക്കുമെന്നാണ് ഇതു കൊണ്ടുള്ള ഉദ്ദേശ്യം.

ഇവിടെ ഒരു കാര്യം ഓർമിക്കേണ്ടതാണ്. ലോകത്തിലെ ഒരേ

തരം വസ്തുക്കൾ തമ്മിൽ പരസ്പരം നല്ല ബന്ധമായിരിക്കും. അല്ലാഹു പറയുന്നു: ഖുല്ലൗ കാന ഫിൽ അർളി... .. .. മലക്കൻ റസൂലാ(ബനീ ഇസ്രാഈൽ:96). ഭൂമിയിൽ മലക്കുകളായിരുന്നെങ്കിൽ ദൂതന്മാരായി മലക്കുകളെ അയച്ചേനെ. എന്നുവെച്ചാൽ, മനുഷ്യൻ ആത്മീയമായി ഉയർന്ന് മലക്കായിരുന്നെങ്കിൽ നാം അവരിൽ മലക്കുകളെ തന്നെ അയക്കുമായിരുന്നു. അതായത്, മലക്കുകളെ പോലെ ആയിത്തീരുന്നവരിൽ മലക്കുകൾ ഇറങ്ങുന്നതാണ്.

മനുഷ്യന് മലക്കിനെപ്പോലെ എങ്ങനെയാകാം എന്ന് ഇനി നമുക്ക് നോക്കാം. മലക്കുകളുമായി സാദൃശ്യം പുലർത്താനുള്ള ഒന്നാമത്തെ മാർഗം അല്ലാഹുവിന്റെ നബിമാരുടെ സന്ദേശം ലോകത്ത് എത്തിക്കുകയാണ്. അല്ലാഹു മലക്കുകളോട് പറയുന്നു: ***'ഫ ഇദാ സവ്വയ്ത്തഹു'..***

അതായത് അല്ലയോ മലക്കുകളേ ഞാൻ മനുഷ്യനെ സൃഷ്ടിച്ചാൽ നിങ്ങൾ പൂർണമായും അവനെ അനുസരിക്കുക. ചുരുക്കത്തിൽ, നബിയോടൊപ്പം ചേർന്ന് അദ്ദേഹത്തിന്റെ ദൗത്യം പ്രചരിപ്പിക്കുക എന്നതാണ് മലക്കുകളുടെ ചുമതല. നബിയോടൊപ്പം ചേർന്ന് തബ്ലീഗ് ചെയ്യുന്ന വ്യക്തി മലക്കുകളെ പോലെ പ്രവർത്തിക്കുന്നതിനാൽ അവൻ അവരെപ്പോലെ ആയിത്തീരും. അങ്ങനെ മലക്കുകൾ അവനെ സ്നേഹിക്കാനും അവനുമായി ബന്ധം സ്ഥാപിക്കാനും ശ്രമിക്കുന്നതാണ്.

ഏകദൈവാരാധനയെ പ്രചരിപ്പിക്കുക എന്നതാണ് മലക്കുകളുമായി താദാത്മ്യം പുലർത്താനുള്ള രണ്ടാമത്തെ മാർഗം. കാരണം, മലക്കുകളെപ്പറ്റി അല്ലാഹു പറയുന്നത് ഇപ്രകാരമാണ്:***'ശഹിദല്ലാഹു അന്നഹു ലാ ഇലാഹ് ഇല്ലാ ഹുവ..'***

അല്ലാഹു ഏകനാണെന്നതിന് അല്ലാഹുവും മലക്കുകളും സാക്ഷ്യം വഹിക്കുന്നു. ദൈവത്തിന്റെ ഏകത്വം പ്രചരിപ്പിക്കുക എന്നതും മലക്കുകളുടെ ധർമമാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. ഈ പ്രവൃത്തി ചെയ്യുന്നവർ അവരിൽ നിന്ന് അനുഗ്രഹം തേടുന്നതാണ്. ദൈവത്തിന്റെ ഏകത്വം വ്യാജമായ നിലയിൽ പ്രചരിപ്പിക്കുന്നവർ പോലും പ്രയോജനം സ്വായത്തമാക്കുന്നതായി നാം കാണുന്നു. ഇന്ത്യയിൽ രാം മോഹൻ റോയിയുടെയും പണ്ഡിറ്റ് ദയാനന്ദന്റെയും സമുദായങ്ങൾക്കുണ്ടായത്ര പുരോഗതി മറ്റു ഹിന്ദുക്കൾക്ക് ഉണ്ടായിട്ടില്ല. മറ്റുള്ളവരെ അപേക്ഷിച്ച് അവർ ഏകദൈവത്തെ അംഗീകരിക്കുന്നു എന്നതാണ് അതിന് കാരണം. ദുർഭാവനയെ ഉപേക്ഷിച്ചു കൊണ്ട് പൊറുക്കലിനെയും വിട്ടുവീഴ്ച്ചയേയും മനുഷ്യ ഹൃദയത്തിൽ പ്രചോദിപ്പിക്കുക എന്നതാണ് മലക്കുകളുമായി സാദൃശ്യപ്പെടാനുള്ള മൂന്നാമത്തെ മാർഗം. ഈ ശീലം അധികരിക്കുന്നതനുസരിച്ച് മലക്കുകളുടെ പ്രേരണയും അധികരിക്കുന്നതാണ്. മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ പൊറുത്തു കൊടുത്ത് വിട്ട്വീഴ്ചയോടെ പ്രവർത്തിക്കുന്നതിലൂടെ മലക്കുകളെ തന്നിലേക്ക് ആകർഷിപ്പിക്കാനാവും. അതിനു കാരണം എന്താണെന്നു വെച്ചാൽ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: ***'വയസ്തഗ്ഫിറൂന ലില്ലദീന ആമനൂ.'***

വിശ്വാസികളുടെ പാപം പൊറുക്കപ്പെടാൻ മലക്കുകൾ പ്രാർഥിക്കുന്നു. തന്റെയുള്ളിൽ ഈ ഗുണം ധാരാളമായി പകർത്തുന്നവൻ മലക്കുകളുമായി ബന്ധം സ്ഥാപിക്കുന്നതാണ്. നബി(സ) തിരുമേനിയും ഈ കാര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആരാണോ തന്റെ സഹോദരനു വേണ്ടി പ്രാർഥിക്കുന്നത് അവനു വേണ്ടി മലക്കുകൾ പ്രാർഥിക്കുന്നതാണെന്ന് നബി(സ) അരുളിയിട്ടുണ്ട്. ക്രോധത്തിന്റെ മൂർത്തീമദ്ഭാവമാകാതെ ജനങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തു കൊടുക്കുക. ഇത് മലക്കുകളുമായി ബന്ധപ്പെടാനുള്ള ഒരു മാർഗമാണ്.

മലക്കുകളുമായി സാദൃശ്യം പുലർത്താനുള്ള നാലാമത്തെ മാർഗം മനുഷ്യൻ ദൈവസ്തോത്രങ്ങൾ ഉരുവിടുക എന്നതാണ്. അല്ലാഹു മലക്കുകളോട് പറഞ്ഞിരിക്കുന്നത് ***'വ തറൽ മലായിക്കത്ത് ഹാഫീന'*** എന്നതാണ്. അതായത്, അവർ അല്ലാഹുവിനെ പ്രകീർത്തനം ചെയ്യുന്നു. അതുകൊണ്ട് പ്രകീർത്തനം ചെയ്യുന്നവരും മലക്കുകളുമായി ബന്ധം സ്ഥാപിക്കുന്നതാണ്. തിരുനബി(സ)യുടെ വചനങ്ങളിൽ നിന്ന് ഇത് തെളിയുന്നുണ്ട്. ദൈവത്തെ സ്മരിക്കുന്നിടത്ത് മലക്കുകളിറങ്ങുന്നുവെന്ന് അവിടുന്ന് അരുളിയിരിക്കുന്നു.

ഇതു സംബന്ധിച്ച് ഒരു കാര്യം കൂടി ഓർക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽ നിന്നാണ് ഞാൻ പൊതുവേ തെളിവുദ്ധരിക്കാറ്. അതേ കാര്യം ഹദീസിലും ലഭിക്കാറുണ്ട്. നബി(സ) വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാക്കിയ കാര്യങ്ങളാണ് പറയാറുള്ളത് എന്ന് ഇതിൽ നിന്ന് തെളിയുന്നു. നബി(സ)യുടെ ജ്ഞാനം വിശാലവും അങ്ങേയറ്റം പരിപൂർണവും ആയിരുന്നതിനാൽ ഉന്നതമായ നിലയിൽ തന്നെ അവിടുന്ന് കാര്യങ്ങളെ മനസ്സിലാക്കിയിരുന്നു.

***'യുസബ്ബിഹൂന ബിഹംദി റബ്ബിഹിം'*** എന്നത് കൊണ്ട് പ്രകീർത്തനം ചെയ്യൽ മലക്കുകളുടെ പ്രവൃത്തിയാണെന്ന് ഞാൻ പറഞ്ഞിരുന്നു. ഈ പ്രവൃത്തി ചെയ്യുന്നവർ മലക്കുകളുമായി സാദൃശീകരിക്കപ്പെട്ട് അവരുമായി ബന്ധം സ്ഥാപിതമാക്കുമെന്ന് ഹദീസിൽ നിന്ന് മനസ്സിലാവുകയും ചെയ്തു. കാരണം, ദൈവസ്മരണ നടക്കുന്നിടത്ത് മലക്കുകൾ ഇറങ്ങുമെന്നാണ് അവിടുന്ന് അരുളിയിട്ടുള്ളത്. അതായത്, അവിടെ അവർ അനുഗ്രഹങ്ങളിറക്കുന്നു.

ചില വർഷങ്ങൾക്കു മുൻപ് ഞാൻ 'ദിക്റെ ഇലാഹി' യെ

സംബന്ധിച്ച് പ്രഭാഷണം നടത്തിയിരുന്നു. അതിനെപ്പറ്റി ഇതുവരെ അഹ്മദിയായിട്ടില്ലാത്ത ഒരു സുഹൃത്ത് പറഞ്ഞു: "മലക്കുകളുടെ അനുഗ്രഹങ്ങളുടെ ജീവൽ സാക്ഷ്യമാണ് ഞാൻ. ഈ ദിനങ്ങളിൽ എന്റെ കണ്ണിന് തീരെ സുഖമില്ലായിരുന്നു. അന്ന് ഞാൻ മറ്റുള്ളവരുടെ സഹായത്തോടെ വളരെ പ്രയാസപ്പെട്ടാണ് സമ്മേളന നഗരിയിലെത്തിയത്. എന്നാൽ, പ്രഭാഷണം കേട്ടു കഴിഞ്ഞപ്പോൾ എന്റെ കണ്ണ് സുഖപ്പെടുകയും ഞാൻ സ്വയം തിരിച്ചു വരികയും ചെയ്തു".

ഒന്ന്,മനുഷ്യൻ ഏകാകിയായി ദൈവത്തെ പ്രകീർത്തിക്കുന്ന രഹസ്യമായ ദിക്ർ ആണ്. മറ്റൊന്ന് ഉച്ചത്തിലുള്ളതാണ്. ജനങ്ങളെ കേൾപ്പിക്കുകയും തബ്ലീഗ് ചെയ്യുകയുമാണ് അത്. ഈ രണ്ടു മാർഗങ്ങൾ അവലംബിച്ചു കൊണ്ടും മനുഷ്യന് മലക്കുകളുമായി ബന്ധം സ്ഥാപിക്കാവുന്നതാണ്.

വിശുദ്ധ ഖുർആൻ പാരായണമാണ് അഞ്ചാമത്തെ മാർഗം. ഇതു മുഖേനയും മലക്കുകളുമായി ബന്ധമുണ്ടാകുന്നു. ഖുർ ആൻ പാരായണം ചെയ്യപ്പെടുന്നിടത്ത് മലക്കുകളിറങ്ങുമെന്ന് നബി(സ) തിരുമേനി അരുളിയിരിക്കുന്നു.ഒരു കാര്യം ഓർമ വെയ്ക്കുക, മലക്ക് ചെയ്യുന്ന ഓരോ പ്രവൃത്തിയും മനുഷ്യൻ ചെയ്യുന്നതായാൽ അവന് മലക്കുകളുമായി ബന്ധം ഉണ്ടായിത്തീരുന്നതാണ്.

ആറാമത്തെ മാർഗം ഏതൊരു വ്യക്തിയിലാണോ മലക്കുകൾ ഇറങ്ങിയിട്ടുള്ളത് അയാളുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലൂടെയും മലക്കുകളുടെ ഇറക്കം ഉണ്ടാകുന്നു. വാഗ്ദത്ത മസീഹിന്റെ(അ) ഗ്രന്ഥങ്ങൾ പാരായാണം ചെയ്യുന്നവരുടെ മേലും മലക്കുകൾ ഇറങ്ങുന്നതാണ്. വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലൂടെ ജ്ഞാനോദയം ഉണ്ടാകുന്നു എന്നത് ഒരു സവിശേഷ കാര്യമാണ്. എപ്പോൾ വായിച്ചാലും പ്രത്യേക ജ്ഞാനവും അനുഗ്രഹങ്ങളും ഇറങ്ങുന്നു. ദൈവത്തിന്റെ സവിശേഷ അനുഗ്രഹങ്ങളാൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ബറാഹീനെ അഹ്മദിയ്യ. ഇത് സംബന്ധമായി എനിക്ക് കാണാൻ സാധിച്ചത്, ഞാനത് എടുത്ത് വായിക്കാനിരുന്നപ്പോഴൊക്കെ പത്ത് പേജിൽ കൂടുതൽ എനിക്ക് വായിക്കാൻ സാധിച്ചിട്ടില്ല എന്നതാണ്. എന്റെ ചിന്ത അതിൽ തന്നെ മുഴുകിപ്പോകുമാറ് പുതിയ കാര്യങ്ങളും ദിവ്യജ്ഞാനത്തിന്റെ നവവശങ്ങളും വെളിപ്പെടാൻ തുടങ്ങുന്നു.

അതുകൊണ്ട് വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങളും സവിശേഷ അനുഗ്രഹങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അവ പാരായണം ചെയ്യുക എന്നത് മലക്കുകളുടെ അനുഗ്രഹം ലഭിക്കാനുള്ള മാർഗമാണ്. അവയിലൂടെ ജ്ഞാനോദയം ഉണ്ടാവുന്നു. മറ്റു ഗ്രന്ഥങ്ങൾ വായിക്കുന്നതിലൂടെ അവയിലെ വാക്കുകൾ വിവരിക്കുന്ന വിഷയം മാത്രമേ നമുക്ക് ഗ്രഹിക്കാനാവൂ. എന്നാൽ, വാഗ്ദത്ത മസീഹ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതിലൂടെ ഒരുപാട് ജ്ഞാനങ്ങൾ തുറക്കപ്പെടുന്നു; പ്രത്യേക നിബന്ധനകളോടെ വായിക്കണമെന്ന് മാത്രം. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലൂടെ ഇതിലും ഉപരിയായി ജ്ഞാനോദയം ഉണ്ടാകുന്നതാണ്. വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യാനുള്ള നിബന്ധനകൾ ഏതൊക്കെയെന്നത് ഞാൻ പ്രതിപാദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടതെല്ലെങ്കിലും ഒരു നിബന്ധനയെക്കുറിച്ച് പരാമർശിക്കാം.

ആദ്യത്തെ കാര്യം നീക്കം ചെയ്താലേ രണ്ടാമത്തെ കാര്യത്തിൽ പ്രവേശിക്കാനാവൂ. ഉദാഹരണമായി, ഒരു സ്ഥലത്ത് ഇരിക്കുന്ന ആളുകൾ പുറത്ത് പോകാതെ മറ്റാളുകൾക്ക് വരാനാവില്ലല്ലോ. ആയതിനാൽ, വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിനു മുൻപ് തന്റെ ഉള്ളിൽ നിന്ന് എല്ലാ ചിന്തകളെയും നീക്കം ചെയ്ത് തുറന്ന മനസ്സോടെ വായിക്കേണ്ടതാണ്. ഈ രീതിയിൽ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നവന് യഥാർഥ ജ്ഞാനങ്ങൾ ഒരുപാട് കരഗതമാകുന്നതാണ്. എന്നാൽ തന്റേതായ വല്ല വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വായിക്കുകയാണെങ്കിൽ ഈ ഫലം ലഭിക്കില്ല.

ആയതിനാൽ ഒഴിഞ്ഞ മനസ്സോടെയായിരിക്കണം വാഗ്ദത്ത മസീഹിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യേണ്ടത്. ഇങ്ങനെ ഒരുവൻ ചെയ്താൽ ഒരുപാട് അനുഗ്രഹങ്ങൾ അയാൾക്ക് ദൃശ്യമാകുന്നതാണ്.

മലക്കുകളിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കാനുള്ള ഏഴാമത്തെ മാർഗം മലക്കുകൾ ഇറങ്ങിയടത്ത് മനുഷ്യൻ പോവുക എന്നതാണ്. ഏതൊരു മനുഷ്യനിലാണോ ജിബ്രീലും മലക്കുകളും ഇറങ്ങിയത് അദ്ദേഹത്തോടൊപ്പം ഇരുന്നാൽ അനുഗ്രഹം നേടാമെന്ന് ഞാൻ മുൻപ് പറഞ്ഞിരുന്നു. ഇനി ഞാൻ പറയുന്നത്, മലക്കുകൾ പ്രത്യേകമായി ഇറങ്ങിയടത്ത് ചെന്നാൽ അവിടെയും മലക്കുകൾ പ്രത്യേകമായി ഇറങ്ങുന്നതാണ്. ഈ തത്ത്വമനുസരിച്ച് ജുമുഅ നമസ്കാരത്തിന് പോകുന്നത് ഗുണം ചെയ്യുന്നതാണ്. നബി(സ) തിരുമേനി അരുളി: ഖുത്ബ ആരംഭിക്കുന്നതിനു മുൻപ് പള്ളിയിൽ എത്തുന്നവരുടെ പേരുകൾ മലക്കുകൾ എഴുതി വെയ്ക്കുന്നു. ഖുത്ബ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ എഴുതുകയില്ല. ജുമുഅ നമസ്കാരത്തിനായി സ്ഥിരം പോകുന്നവർക്ക് മലക്കുകളുമായി ഒരു സ്നേഹബന്ധം സംജാതമാകുകയും അവരിൽ നിന്ന് അനുഗ്രഹം നേടാനാവുകയും ചെയ്യുന്നതാണ്.

ഖലീഫയുമായി ബന്ധം

സ്ഥാപിക്കുക എന്നതാണ് മലക്കുകളിൽ നിന്ന് ഗുണം നേടാനുള്ള എട്ടാമത്തെ മാർഗം. ഇതും ഖുർആനിൽ നിന്ന് സ്ഥാപിതമാണ്. അല്ലാഹു പറയുന്നു:

***'വ ഖാല ലഹും നബിയ്യുഹും ഇന്ന ആയത്ത മുൽകിഹി.. .. തഹ്മിലുഹുൽ മലായിക്കതു' (ബഖറ:249)***

ഒരു കാലത്ത് ഒരു നബിയോട് ജനങ്ങൾ പറഞ്ഞു: ഭൗതിക കാര്യങ്ങളിൽ സഹായമായി ഞങ്ങൾക്കൊരു പിൻഗാമിയെ നിശ്ചയിച്ചു തന്നാലും. പക്ഷേ, അവർക്കൊരു പിൻഗാമിയെ നിശ്ചയിച്ചപ്പോൾ പൈഗാമികൾ (ലാഹോരി വിഭാഗം അഹ്മദികൾ) പറയുന്നതു പോലെ അവരും പറഞ്ഞു: ഞങ്ങൾക്കില്ലാത്ത എന്ത് പ്രത്യേകതയാണ് ഇയാൾക്കുള്ളത്? നബി പറഞ്ഞു: വരൂ, നിങ്ങളിലില്ലാത്ത എന്തു പ്രത്യേകതയാണ് ഇതിലുള്ളതെന്ന് ഞാൻ പറഞ്ഞു തരാം. ഇതുമായി ബന്ധം സ്ഥാപിക്കുന്നവർക്ക് മലക്കുകൾ മന:ശാന്തി നല്കുന്നു. ഖിലാഫത്തുമായുള്ള ബന്ധവും മലക്കുകളുമായി ബന്ധിപ്പിക്കുന്നു. കാരണം അവരുടെ ഹൃദയം വഹിക്കുന്നത് മലക്കുകളാണെന്നാണ് പറഞ്ഞിരിക്കുന്നത്. 'താബൂത്ത്' എന്നതിന്റെ അർഥം മനസ്സ്, മാറിടം എന്നൊക്കെയാണ്. ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നവരുടെ അടയാളമായി അവർക്ക് മന:സംതൃപ്തി കൈ വരുമെന്നും കഴിഞ്ഞു പോയ സച്ചരിതരുടെയും പ്രവാചകന്മാരുടെയും ജ്ഞാനം മലക്കുകൾ ഇറക്കിക്കൊടുക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുന്നതിലൂടെയും മലക്കുകളുടെ ഇറക്കമുണ്ടാകുന്നതാണ്.

ജിബ്രീൽ സദാ ദൂതനോടൊ പ്പം ഉണ്ടാകുമ്പോൾ ദൂതന് അബദ്ധം പിണയുന്നതെങ്ങനെ എന്ന ചോദ്യവും ഉയർന്നിരിക്കുകയാണ്. ഇതിനു മറുപടിയായി വാഗ്ദത്ത മസീഹ്(അ) പറഞ്ഞിരിക്കുന്നത് ചിലപ്പോൾ നബിയുടെ കണ്ണ് അറിഞ്ഞു കൊണ്ട് തന്നെ അടച്ചു വെയ്ക്കപ്പെടുന്നുവെന്നാണ്. ഇതിൽ വലിയ യുക്തി അടങ്ങിയിട്ടുണ്ട്. മലക്കുകളുമായി ബന്ധം വർധിപ്പിക്കാനുള്ള മാർഗങ്ങളാണിവ. അവയിൽ ചിലത് ആ ബന്ധം കുറയാൻ കാരണമാകുന്നതുമുണ്ട്. മുകളിൽ വിവരിച്ച കാര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളാണവ. ഇവിടെ ഒരു കാര്യം കൂടി സ്മരണീയമാണ്. മലക്കുകളുമായി ബന്ധം സ്ഥാപിക്കാൻ ബാഹ്യ പരിശുദ്ധിക്കും അഭേദ്യമായ ബന്ധമുണ്ട്. നബി(സ) പറഞ്ഞു: അശുദ്ധിയുള്ള അവസ്ഥയിൽ ഒരാൾ ഉറങ്ങുകയും പിശാച് അയാളെ ഉപദ്രവിക്കുകയും ചെയ്യുമ്പോൾ അയാൾ സ്വയം പഴിക്കട്ടെ. വീണ്ടും പറഞ്ഞു: ഏതൊക്കെ കാര്യങ്ങൾ മനുഷ്യൻ വെറുക്കുന്നുവോ അവയെ മലക്കുകളും വെറുക്കുന്നു. പറയുന്നു: നായകളുമായി കളിക്കുന്നതും മലക്കുകളുടെ വരവ് തടയാനിടയാക്കുന്നു. ചിത്രങ്ങളെക്കുറിച്ച് പറയുന്നു: ആരാണോ തങ്ങളുടെ വീടുകളിൽ ചിത്രങ്ങൾ വെയ്ക്കുന്നത് അവരുടെ വീട്ടിൽ മലക്ക് പ്രവേശിക്കുകയില്ല. കൂടാതെ, ദുർഗന്ധം വമിക്കുന്ന വസ്തുക്കൾ ഉദാ: ഉള്ളിയും മറ്റും കഴിക്കുക അല്ലെങ്കിൽ അത് കഴിച്ചശേഷം വായ വൃത്തിയാക്കാതിരിക്കുക, ഭക്ഷണത്തിന്റെ ബാക്കി ഭാഗം വായിൽ കിടന്ന് ചീഞ്ഞു പോവുക തുടങ്ങിയ വൃത്തികേടുകളിൽ അകപ്പെടുന്നവരുമായി മലക്കുകൾ ബന്ധം സ്ഥാപിക്കുകയില്ല. ഹുഖ വലിക്കുന്നവരും ഈ ഗണത്തിൽ പെടും. ഹുഖ വലിക്കുന്നവർക്കും ശരിയായ ഇൽഹാം ലഭിക്കുക സാധ്യമല്ല.

അവസാനം ഞാൻ ദുആ ചെയ്യുകയാണ്: അല്ലാഹു നാം ഏവരെയും മലക്കുകൾ മുഖേന സാഹായിക്കുമാറാകട്ടെ. നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ വിജയിപ്പിക്കുമാറാകട്ടെ. അവനിൽ നിന്ന് ലഭിച്ച അധ്യാപനത്തെ നമ്മിൽ സ്വയം സ്ഥാപിച്ചു കൊണ്ട് മറ്റുള്ളവരിലേക്കെത്തിക്കാനുള്ള സൗഭാഗ്യം ലഭിക്കുമാറാകട്ടെ. നമ്മുടെ എല്ലാ തെറ്റുകുറ്റങ്ങളും ന്യൂനതകളും മാപ്പാക്കട്ടെ. നമ്മെ നന്മയുടെയും ഭക്തിയുടെയും മാർഗത്തിൽ ചരിപ്പിക്കുമാറാകട്ടെ. എല്ലാ മേഖലകളിലും നമുക്ക് വിജയം നല്കുമാറാകട്ടെ. എല്ലായിടത്തും എല്ലാ നേരത്തും അവന്റെ പിന്തുണ ഉണ്ടാകുമാറാകട്ടെ. എല്ലാ സാഹചര്യങ്ങളിലും ശത്രുക്കളെ നിന്ദ്യരും പരാജിതരുമാക്കിത്തീർക്കുകയും ആത്മീയവും ഭൗതികവുമായ വിപത്തുകളിൽ നിന്ന് നമ്മെ രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ! **(അവസാനിച്ചു)**

## വിശുദ്ധ ഖുർആനിൽ നിന്ന്

അല്ലയോ മനുഷ്യരെ, നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു, പരസ്പരം ഇടപെടുന്നതിനുള്ള സൗകര്യക്കൂടുതലിനുവേണ്ടി. നിങ്ങളെ ഗോത്രങ്ങളും ഉപഗോത്രങ്ങളുമായി തിരിക്കുകയും ചെയ്തു. ദൈവദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ ഏറ്റവും സാത്വികനാരോ അവനത്രെ. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനും ആകുന്നു. (49:15)

# റിച്ചാർഡ് ഡ്വാക്വിൻസ് വിമർശിക്കപ്പെടുന്നു – 4

ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും ലോകപ്രശസ്തനായ നാസ്തിക വാദിയും കടുത്ത മതവിമർശകനുമായ റിച്ചാർഡ് ഡാക്വിൻസിന്റെ The Blind Watch Maker എന്ന പുസ്തകത്തിലെ പ്രമേയത്തിനെതിരെ ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ ഉയർത്തിയ അനിഷേധ്യമായ വിമർശനത്തിന്റെ നാലാം ഭാഗം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഡാക്വിൻസ് പല പ്രധാന പ്രശ്നങ്ങൾകൂടി ഒഴിവാക്കുന്നുണ്ട്. തെക്കെ അമേരിക്കയിലും ആഫ്രിക്കയിലും കാണുന്ന ദുർബലമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന രണ്ട് ഇലക്ട്രിക് മത്സ്യങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾക്ക് അദ്ദേഹം വ്യക്തവും യുക്തിപരവുമായ ഉത്തരം നൽകുന്നില്ല. ഈ രണ്ട് പ്രദേശത്തെയും മത്സ്യങ്ങൾ ഭൂമിശാസ്ത്രപരമായി വ്യത്യസ്ത പ്രദേശങ്ങളിൽ വസിക്കുന്നവയും യാതൊരു വിധത്തിലും പരസ്പര ബന്ധമില്ലാത്തവയുമാണ്. എന്നാൽ, അവക്ക് സമാനമായ പ്രവർത്തന ശൈലിയും രൂപഘടനയുമുണ്ട്, ഇത് സ്വതന്ത്രമായി എങ്ങനെ രൂപപ്പെട്ടു എന്ന് അദ്ദേഹം വിശദീകരിക്കേണ്ടതുണ്ട്.

വ്യതൃസ്തമായതും എന്നാൽ, ഒരേ രീതിയിൽ സംഭവിച്ചതുമായ ഈ പരിണാമത്തെ അദ്ദേഹം പിന്നെയും വിശദീകരിക്കുന്നത് ഇപ്രകാരമാണ്.

> ഇലക്ട്രിക് മത്സ്യം ചുരുങ്ങിയത് രണ്ട് തവണയെങ്കിലും സ്വതന്ത്രമായി സമർഥമായ ഈ സമുദ്ര സഞ്ചാരരീതി സാധിച്ചെടുക്കുകയുണ്ടായി.

വീണ്ടും അദ്ദേഹം എഴുതുന്നു:

> അത്ഭുതകരമെന്ന് പറയട്ടെ, തെക്കെ അമേരിക്കയിലെ വൈദ്യുത മത്സ്യങ്ങൾ ഏറെക്കുറെ കൃത്യമായി തന്നെ ആഫ്രിക്കയിലെ വൈദ്യുതമത്സ്യത്തിന്റെ അതേ പരിഹാരത്തിൽ തന്നെ ചെന്നുപെട്ടു.

എങ്ങനെയാണ് ഈ മത്സ്യങ്ങൾ ഒന്നടങ്കം ഏകകണ്ഠേന അതേ പരിഹാരത്തിൽ തന്നെ വന്നുപെട്ടത്. അതിനേക്കാളുപരിയായി സ്വയം ചിന്തിക്കാൻ കഴിവില്ലാതിരിക്കെ എങ്ങനെ സങ്കീർണവും പ്രശ്നാധിഷ്ഠിതവുമായ ഇത്തരം ഒരു പ്രശ്നത്തിന് അവക്ക് സ്വന്തമായി ഒരു പരിഹാരത്തിലെത്തിച്ചേരാൻ കഴിഞ്ഞത്? ശകലം ശകലമായുള്ള വികാസ പരിണാമമെന്ന ഈ ആശയത്തിൽ ലോകത്തിലെ വിവിധങ്ങളായ ജീവികൾ ഒരേ സമയം വന്നുപെട്ടു എന്ന ആശയം ഉള്ളടങ്ങിയിട്ടുണ്ട്. ആർട്ടിക് പ്രദേശത്തെ ധ്രുവക്കരടി വെളുത്ത നിറമായിത്തീരണമെന്ന ആശയത്തിന്മേൽ വന്നു പെടുകയുണ്ടായി. അത് പോലെ തവിട്ടു നിറമായിത്തീരണമെന്ന ആശയത്തിന് മേൽ കാനഡയിലെ ധ്രുവക്കരടിയും വന്നുപെട്ടു. എല്ലാവരും തന്നെ സ്വതന്ത്രമായിക്കൊണ്ടാണ് ഇങ്ങനെ വന്നു പെട്ടത്! വാസ്തവത്തിൽ ഇത് ശക്തമായും ആസൂത്രണത്തിന്റെയും ഉദ്ദേശ്യത്തിന്റെയും ആവശ്യകതയെ സൂചിപ്പിക്കുന്നു. വസ്തുതയെന്താണെന്ന് വെച്ചാൽ മത്സ്യം ഒരിക്കലും ഒരു ആശയത്തിൽ വന്നുപെടുന്നില്ല. മത്സ്യം മാത്രമല്ല ഒരു ജീവിയും അപ്രകാരം ഒരു ആശയം സ്വീകരിക്കുന്നില്ല. ഇങ്ങനെ ഡാക്വിൻസ് സ്വയം തന്നെ മഹത്വമാർന്ന ബോധാത്മകനായ ഒരു സ്രഷ്ടാവിന്റെ തെളിവുകൾക്കാവശ്യമായ എല്ലാ അടിസ്ഥാന വിവരങ്ങളും നൽകിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ കഠിനമായ ശ്രമം ശരിയായ രീതിയിൽ വിശകലനം ചെയ്യുന്നതിൽ നിന്ന് അദ്ദേഹം പരാജയപ്പെട്ടിരിക്കുന്നു. അതിന് കാരണം ഡാക്വിൻസ്

അഭയം തേടിയ വമ്പിച്ച അബദ്ധങ്ങ ളുള്ള ഈ സിദ്ധാന്തത്തെ അദ്ദേഹ ത്തിന് കൈയൊഴിക്കേണ്ടി വരി കയും പകരം ഇപ്രകാരം അദ്ദേഹ ത്തിന് പ്രഖ്യാപിക്കേണ്ടി വരികയും ചെയ്തിരിക്കുന്നു. അദ്ദേഹം എഴു തുന്നു:

> ജലമാധ്യമത്തിലെ വൈദ്യുതി മണ്ഡലത്തി ന്റെ ഭൗതിക നിയമ ത്തിന്റെ സാധ്യതയെ അവർ ഉപയോഗപ്പെടു ത്തുക എന്നത് വവ്വാലി നേക്കാളും ഡോൾഫിനെ ക്കാളും ഉപരിയായി നമ്മുടെ ബോധ മണ്ഡല ത്തിന് പോലും അപരിചി തമായ ഒന്നാണ്. ഡാകിൻ സിനെ അത്ഭുതപ്പെടുത്തി യ ഇക്കാര്യത്തെ സംബ ന്ധിച്ച് നാം ഈ അദ്ധ്യാ യത്തിന്റെ തുടക്കത്തിൽ വിവരിച്ചു കഴിഞ്ഞു. നമ്മുടെ ഈ വിവരണ ത്തിന്റെ ഉദ്ദേശ്യം ജീവിക ളുടെ വികാസ പരിണാമ ത്തിന് യാതൊരു ഉദ്ദേശ്യ വുമില്ല എന്ന അദ്ദേഹ ത്തിന്റെ തുടക്കത്തിൽ തന്നെയുള്ള അവകാശ വാദം തികച്ചും തെറ്റാ ണെന്ന് തെളിയിക്കാൻ വേണ്ടിയാണ്. പരസ്പരം യാതൊരു ബന്ധവുമി ല്ലെന്ന് അദ്ദേഹം വിവരിച്ച പരിണാമത്തിന്റെ വഴി കൾ ഒടുവിൽ സ്വതന്ത്ര മായി ഒരേ പോയന്റിൽ വന്നു ചേരുന്നു. യാതൊ രു വിധ ലക്ഷ്യസ്ഥാനവു മില്ലാതെ തികച്ചും വിഭി ന്നവും വ്യത്യസ്തവുമായ വഴികളിലൂടെയുള്ള അവ രുടെ യാത്ര ഒടുവിൽ ഒരേ ബിന്ദുവിൽ വന്നുചേ രാൻ സാധിക്കുന്നത് എന്തുകൊണ്ടാണ്. യാതൊരു ലക്ഷ്യമോ ഉദ്ദേ ശ്യമോ ഇല്ലാതെ ഒരു ദിശയും തിരഞ്ഞെടു ക്കാതെ വ്യത്യസ്തരായ ആളുകൾ അവരുടെ യാത്ര ആരംഭിച്ചെന്നു വെക്കുക. എങ്ങനെയാണ് ഒടുവിൽ ഒരേ ബിന്ദുവിൽ അവർക്ക് എത്തിച്ചേരാൻ കഴിയുക? ഈ വിഷയ സംബന്ധമായി ഡാകിൻസിനെ ശാന്ത മായി കൂടുതൽ ചിന്തി ക്കാൻ വിടുക. ഉദ്ദേശ്യ രാഹിത്യത്തിന്റേതായ ഈ സിദ്ധാന്തം അദ്ദേഹ ത്തിന്റെ തന്നെ പണ്ഡി തോചിതമായ എഴു ത്തിന്റെ തെളിവുകളുടെ അടിസ്ഥാനത്തിൽ പുനർ വിചാരത്തിന് വിധേയമാ ക്കട്ടെ.

ജീവികളേയും സസ്യങ്ങളേയും ഏകോപിപ്പിച്ചു കൊണ്ടുള്ള വികാ സം, ഡാകിൻസ് പറയുന്ന മുൻകൂ ട്ടിയുളള രൂപകൽപനയില്ലായ്മ യുടെ സിദ്ധാന്തത്തെ ശക്തമായി നിഷേധിക്കുന്നതാണ്. അത്തരത്തി ലുള്ള ആയിരക്കണക്കിന് ഉദാഹരണ ങ്ങൾ ഉള്ളവയിൽ ചിലത് ഈ പുസ് തകത്തിൽ നാം ചർച്ച ചെയ്തു കഴി ഞ്ഞു. ഇവിടെ ഡാർവിൻ പ്രതിപാ ദിച്ച അത്തരത്തിലുള്ള ഒരു ഉദാഹ രണം നാം ചർച്ച ചെയ്യുകയാണ്. പരസ്പരം സഹജീവനം നടത്തി പരസ്പര പൂരകങ്ങളായി രൂപം കൊണ്ട പല സസ്യങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചും ഡാർവിൻ വിവരിക്കുന്നുണ്ട്. ചില സസ്യങ്ങ ളുടെ പരിണാമത്തിനനുസൃത മായിക്കൊണ്ട് പരസ്പര പൂരക മായി രൂപം കൊള്ളുന്ന പുഴുക്കളേ യും പ്രാണികളേയും പക്ഷിക ളേയും കുറിച്ചും അദ്ദേഹം വിവരി ക്കുന്നു. അതുപോലെ വേറിട്ട് പരി ണമിച്ചുണ്ടായ ജീവികളുമായി പൂർണമായും പൊരുത്തപ്പെട്ടു കൊണ്ടുള്ള പൂക്കളുടേയും പഴങ്ങ ളുടേയും പ്രകൃതിയെക്കുറിച്ചും ആകൃതിയെക്കുറിച്ചും അദ്ദേഹം വിവരിക്കുന്നു. ഇപ്രകാരം സഹ വർത്തിച്ചു കഴിയുന്ന രണ്ട് ജൈവി കാസ്തിത്വങ്ങളുടേയും സഹ വർത്തിത്വം നിയന്ത്രിക്കുന്നത് അന്ധ മായ പ്രകൃതി നിർദ്ധാരണമാണ് എന്ന് അഭിപ്രായപ്പെടാൻ കഴി യാത്ത വിധം, നൂറുക്കണക്കിന് ഉദാ ഹരണങ്ങൾ നമുക്ക് സമർപ്പിക്കാ നാവും.

ഇവിടെ നാം അൻഗ്രാസി ക്കം (Angracecum) എന്നറിയപ്പെ ടുന്ന മെഡഗാസ്ക്കർ ഓർക്കിഡിനെ ക്കുറിച്ച് പ്രതിപാദിക്കുകയാണ്. നക്ഷത്ര ആകൃതിയിൽ തൂവെള്ള നിറത്തോടു കൂടിയ ഒരു അടി നീള മുള്ള വളഞ്ഞ കുഴൽ പോലെ യുള്ള പുഷ്പിക്കുന്ന ഈ സസ്യത്തെ പറ്റി ഒരു കഥ ജീവശാ സ്ത്രജ്ഞൻമാർ പ്രതിപാദിക്കാറു ണ്ട്. ആ പൂവിന്റെ കുഴൽ പോലെ യുള്ള വളഞ്ഞ ഭാഗം വന്നു ചേരു ന്നത് പൂവിന്റെ അണ്ഡാശയ പേടക ത്തിലാണ്(Ovariam Chamber). ഈ പേടകത്തിൽ അര ഇഞ്ച് ഉയരത്തിൽ മാത്രമാണ് തേൻ (Nectar) സ്ഥിതി ചെയ്യുന്നത്. ഈ ചെടി എങ്ങനെയാണ് പരാഗണം ചെയ്യപ്പെ ടുക എന്ന് ഡാർവിനോട് ചോദിക്ക പ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞ അഭി പ്രായം ഈ ചെടിക്ക് പരാഗണം നട ത്താൻ പരസ്പര പൂരകമായ ഒരു പ്രതിരൂപം ഒരു ഷഡ്പദത്തിന്റെ രൂപത്തിൽ തീർച്ചയായും നിലനിന്നി ട്ടുണ്ടാകണമെന്നാണ്. ആ ഷഡ്പദ ത്തിന് കുഴൽ പോലെ നീണ്ട പൂവിന്റെ തേൻ നുകരാൻ ഒരടി നീള മുള്ള വളഞ്ഞ തുമ്പികൈ പോലെ യുള്ള മെലിഞ്ഞു നീണ്ട അവയ വവും (Proboscis) ഉണ്ടായിരിക്ക ണം. ഈ ഷഡ്പദത്തെ പിന്നീടാണ് കൃത്യമായും കണ്ടെത്തിയത്. അത് ഡാർവിന്റെ പ്രതിഭക്കുള്ള അംഗീ കാരമാണ്. പക്ഷേ അദ്ദേഹത്തിന്റെ പ്രകൃതി നിർദ്ധാരണ സിദ്ധാന്തത്തി നുള്ളതല്ല. പ്രകൃതി നിർദ്ധാരണ ത്തിന്റെ പ്രവർത്തനം കൊണ്ട് മാത്രം പൂവും ശലഭവും വ്യത്യസ്ത മായി ഒരേ സമയം വളരെ പൊരു ത്തത്തോടെ രൂപപ്പെട്ട് വരാൻ സാധ്യമല്ല. എന്നിട്ടും അവ രണ്ടും

മനോഹരമായി പൊരുത്തത്തോടെ രൂപപ്പെട്ടു വന്നിരിക്കുന്നു.

ആ പൂവിന്റെ പ്രത്യുൽപ്പാദന പ്രവർത്തനം നടക്കാതെ എങ്ങനെ ആ ചെടി നിലനിന്നു എന്നതാണ് ചോദ്യം. ഇവിടെ ശകലം ശകലമായുള്ള പരിണാമ വികാസമാണ് നടന്നതെങ്കിൽ അസാധാരണമായ സാഹചര്യത്തിൽ എങ്ങനെ ആ ചെടിക്ക് ജന്മമെടുക്കാൻ കഴിഞ്ഞു? എന്തുകൊണ്ട് അസാധാരണ രൂപത്തിൽ വളർന്ന വളഞ്ഞ കുഴലാകൃതിയിലുള്ള ആ പൂവിന്റെ അടിഭാഗത്ത് മധു ഒളിപ്പിച്ചു വെച്ചു? എന്തുകൊണ്ട് മറ്റ് പക്ഷികളേയും ഷഡ്പദങ്ങളേയും അടിഭാഗത്തുള്ള മധു നുകരാൻ വിടാതെ പൂവിന്റെ പ്രത്യുൽപ്പാദനാവയവങ്ങളിൽ പരാഗണം നടത്താൻ വേണ്ടി ആ മധു സൂക്ഷിച്ചു വെച്ചു? വ്യത്യസ്തവും അതേസമയം ഒരേ കാലത്ത് നടന്നതുമായ രണ്ട് പരിണാമഗതിയാണിത്. ഒന്ന് ചെടിയിൽ, മറ്റേതാകട്ടെ ജീവിയിലും, ഇത് വെറും ആകസ്മികത കൊണ്ട് സംഭവിച്ചതാണെന്ന് വിശദീകരിക്കാൻ സാധ്യമല്ല.

മുകളിലുദ്ധരിച്ച പ്രശ്നത്തിൽ പ്രൊഫസർ ഡാകിൻസിന് എന്തെങ്കിലും പരിഹാരം നിർദേശിക്കാനുണ്ടോ? എങ്ങനെയാണ് ആ പൂവും നീണ്ടു വളഞ്ഞ് മെലിഞ്ഞ തുമ്പികൈയുള്ള ആ ഹോക് ഷഡ്പദവും (Hawk moth) ഒരേ സമയം ശകലം ശകലമായി രൂപപ്പെട്ടത്? ഷഡ്പദത്തിന് എപ്പോഴെങ്കിലും വളഞ്ഞു നീണ്ടു മെലിഞ്ഞ തുമ്പികൈ ഉണ്ടായിട്ടുണ്ടോ? പ്രകൃതി നിർദ്ധാരണം ഷഡ്പദത്തിൻമേൽ പ്രവർത്തനം ആരംഭിച്ചപ്പോൾ എത്ര തരത്തിലുള്ള ഷഡ്പദങ്ങളായിരിക്കണം നശിപ്പിക്കപ്പെട്ടത്. തുടക്കം മുതൽ ഏറ്റവുംപ്രാഥമികാവസ്ഥയിൽ തന്നെ രണ്ടെണ്ണത്തിലും (സസ്യത്തിലും ഷഡ്പദത്തിലും) അവ പ്രവർത്തിച്ചു തുടങ്ങേണ്ടിയിരിക്കുന്നു. അവ രണ്ടും തന്നെ പരസ്പരം ഓരോന്നിലും സംഭവിക്കുന്ന മാറ്റങ്ങളെ പറ്റി സദാ ജാഗരൂകമായിരുന്നിട്ടുണ്ടാവണം. കാരണം പൂവിന്റെ നീളവും ഷഡ്പദത്തിന്റെ തുമ്പികൈയുടെ നീളത്തിന്റെയും രൂപവും രൂപകൽപനയും പരസ്പരം പരിപൂർണമായും പൊരുത്തമുള്ളവയായിരിക്കണം. അവ രണ്ടിന്റെയും സസ്യവും ജീവിയുമായുള്ള രണ്ട് വ്യത്യസ്തമായ വ്യക്തിത്വം അവസാനിപ്പിച്ച് ഒരു അസ്തിത്വം പോലെ പരസ്പര പൂരകമായി തീരേണ്ടതുണ്ട്. അതിന് ശേഷം പരസ്പരം വ്യത്യസ്തമായതും എന്നാൽ, ശക്തമായതുമായ വികാസത്തെ നിയന്ത്രിക്കുന്ന ശക്തിയിലേക്ക് ഡാകിൻസ് വെളിച്ചംവീശേണ്ടതുമുണ്ട്. അന്ധമായ പ്രകൃതി നിർദ്ധാരണത്തിന്റെ ഏത് കരങ്ങളാണ് ഇവ നിർവഹിച്ചതെന്നും അദ്ദേഹം വിശദീകരിക്കേണ്ടതുണ്ട്. അവ രണ്ടെണ്ണവും വ്യത്യസ്തമായി വേറെ വേറെ ലക്ഷക്കണക്കിന് ചുവടുവെപ്പുകൾ നടത്തുകയും വേണം. ആകസ്മികതയുടെ ഗണിതശാസ്ത്രമനുസരിച്ച് പിഴക്കുന്ന ചുവടുകളുടെ എണ്ണവും വളരെ അധികമായിരിക്കുകയും വേണം. അതിൽ നിന്നും തിരഞ്ഞെടുക്കുക പുറന്തള്ളുക എന്ന വർധിച്ച തോതിലുള്ള പ്രവർത്തനം പ്രകൃതി നിർദ്ധാരണത്തിന്റെ കരങ്ങൾ ചെയ്തിട്ടുണ്ടാവണം. എന്നിട്ടും പ്രകൃതി നിർദ്ധാരണത്തിന്റെ അന്തിമമായ തീരുമാനം തികച്ചും തെറ്റായി വന്നു. ഏറെക്കുറെ പരാഗണം നടത്താൻ കഴിയാത്ത അവസ്ഥയിൽ ഒരു പുഷ്പം സൃഷ്ടിക്കപ്പെട്ടു. ഒരു ഷഡ്പദം രൂപം കൊണ്ട് അതിന്റെ പരിപൂർണതയിലാണ് ആ പ്രത്യേക പൂവിന്റെ അതിജീവനം സാധ്യമാവുന്നത്.

ഇവിടെ ചുരുങ്ങിയത് ഡാകിൻസ് ഒരു കാര്യം സമ്മതിക്കേണ്ടതായിട്ടുണ്ട്. അതായത് ജീവികളുടെ അതിജീവനത്തിൽ പ്രകൃതി നിർദ്ധാരണം ധാരാളം പ്രയാസങ്ങൾ സൃഷ്ടിച്ചു എന്നതാണത്. നാം മുകളിൽ പരാമർശിച്ചത് പോലെ രണ്ടെണ്ണത്തിന്റെയും പരിണാമം പൂർണമായും പരസ്പരം ആശ്രയിച്ചുള്ളതാണ്. ഇത് നിയന്ത്രിക്കാൻ ബോധാത്മകവും അങ്ങേയറ്റം ജ്ഞാനിയുമായ ഒരു മനസ്സില്ലാതെ സ്വയം നിർവഹിക്കാൻ സാധ്യമല്ല. ആ മനസ്സാകട്ടെ പ്രകൃതി നിർദ്ധാരണത്തിന് ഇല്ലാത്തതുമാണ്. അവയുടെ ചുവടുവെപ്പുകൾ അന്യോന്യം ഏറ്റവും അനുയോജ്യമായ രീതിയിൽ മാർഗ നിർദേശം ചെയ്യുന്ന ഒരു നിയന്ത്രകനില്ലെങ്കിൽ ഈ രണ്ട് സമാന്തരമായ പരിണാമങ്ങളുടേയും പരിപൂർത്തീകരണം സംഭവിക്കുകയില്ല. ദൈവത്തിന്റെ അതിബൃഹത്തായ സൃഷ്ടി പദ്ധതിയിൽ പ്രകൃതി നിർദ്ധാരണത്തിന്റെ മേഖലക്കതീതമായ നിരവധി ഘടകങ്ങളുണ്ട്. അത്തരം പ്രത്യേകമായി രൂപകൽപന ചെയ്യപ്പെട്ട ഘടകങ്ങൾ പ്രവർത്തിക്കാതെ മുഴുവൻ പരിണാമവും പ്രകൃതി നിർദ്ധാരണത്തിന് വിടുകയാണെങ്കിൽ ജീവന് അതിന്റെ എല്ലാ നേട്ടങ്ങളും നഷ്ടപ്പെടുമായിരുന്നു.

പരിണാമത്തിന്റെ ഘട്ടത്തിൽ ദൈവം പല പ്രത്യേക നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിലൊന്നും പ്രകൃതി നിർദ്ധാരണത്തിന് ഒരു പങ്കും ഇല്ലായിരുന്നു. ആ പട്ടികയെല്ലാം ഇവിടെ പ്രതിപാദിക്കാൻ സാധ്യമല്ല. അതിലൊന്നാണ് ദിനോസറുകളുടെ തിരോധാനവുമായി ബന്ധപ്പെട്ട ഉദാഹരണം. ഇതിലടങ്ങിയ അഗാധമായ ലക്ഷ്യങ്ങൾ ബൃഹത്തായ സൃഷ്ടി പദ്ധതിയുടെ സേവനം ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. ദിനോസറുകളുടെ യുഗത്തിന്റെ അന്ത്യം ഒരു ആവശ്യമായി വന്നപ്പോൾ എന്തുകൊണ്ട് വ്യാപകമായ തോതിൽ ആകാശത്തിൽ നിന്ന് ഉൽക്കാ വർഷമുണ്ടായി? നാം വിശ്വസിക്കുന്നത് പോലെ ദൈവം അത് മുൻകൂട്ടി ആസൂത്രണം ചെയ്തതാണെങ്കിൽ അതിന് ഒരു ലക്ഷ്യമുണ്ടായിരിക്കണം. അതായത് മറ്റ് ജീവി രൂപങ്ങൾക്ക് ദിനോസറുകളുടെ ശല്യമില്ലാതെ അതിന്റെ പരിണാമപരമായ കഴിവുകൾ പരമാവധി വികസിപ്പിക്കാനുള്ള അവസരം നൽകുക എന്നതായിരുന്നു

ആ ലക്ഷ്യം. രണ്ടാമത്തെ അതിന്റെ പ്രമുഖ ലക്ഷ്യം ഈയടുത്തകാലത്താണ് അറിയാൻ കഴിഞ്ഞത്. ദിനോസറുകളെ കടൽക്കരയിലെ അഗാധതകളിൽ കുഴിച്ചു മൂടിയത് കാലക്രമേണ അത് എണ്ണയായി രൂപാന്തരപ്പെടുവാൻ വേണ്ടിയായിരുന്നു. ഓർക്കുക അക്കാലത്തെ മനുഷ്യർക്ക് എണ്ണയുടെ യാതൊരു ആവശ്യകതയും ഇല്ലായിരുന്നു. അതാണ് സർവജ്ഞാനിയായ സ്രഷ്ടാവിന്റെ പ്രവൃത്തികൾ. ഈ അവികലമായ പ്രവർത്തനങ്ങളൊന്നും തന്നെ ആർക്കും കേവലം ആകസ്മികതയിൽ ആരോപിക്കാൻ സാധ്യമല്ല. ഈ ഖണ്ഡത്തിൽ മുഴുവൻ അവികലമായ രീതിയിൽ ഏറ്റവും നല്ല നിലയിൽ ഏകോപിക്കപ്പെട്ട സൃഷ്ടി പദ്ധതിയിലെ രണ്ട് ഉദാഹരണങ്ങൾ നാം കണ്ടു. ഇത് എങ്ങനെയാണ് ഭൂമിയിൽ പ്രകൃതി നിർദ്ധാരണത്തിന്റെ പ്രവൃത്തിയായി വരിക!

മനുഷ്യന്റെ മനസ്സ് സൃഷ്ടിക്കുന്ന യക്ഷിക്കഥകൾക്ക് പകരമായി പ്രകൃതിയുടെ യഥാർഥത്തിലുള്ള നിഗൂഢതകളിൽ ഡാകിൻസ് തന്റെ സർവ വലയിതമായ സിദ്ധാന്തം പ്രയോഗിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്. ആനുഷംഗികമായി ഡാകിൻസിന്റെ ശ്രദ്ധ അദ്ദേഹത്തിന്റെ തന്നെ പുസ്തകത്തിന്റെ 61-ാം പേജിലെ 5-ാമത്തെ ചിത്രത്തിലേക്ക് നാം ക്ഷണിക്കുകയാണ്. അതാകട്ടെ അദ്ദേഹം തന്റെ ശകലം ശകലമായുള്ള പരിണാമ മാറ്റം സഞ്ചിതമായി തീരുന്നതിനെ (Accumulating small changes) ന്യായീകരിക്കാൻ വേണ്ടി അവതരിപ്പിച്ചതാണ്. കൂർത്ത വാലും ചിറകുകളുമുള്ള സ്വാലോ കുടുംബത്തിൽപ്പെട്ട പക്ഷി (Swallowtiled) കളുടെ പതിനേഴെണ്ണത്തിന്റെ ഒരു ഗ്രൂപ്പ് അതിൽ കാണാം. ആദ്യം കാണിച്ച പക്ഷിയോട് രൂപസാദൃശ്യമുള്ള രീതിയിൽ യാദൃച്ഛികമായി സൃഷ്ടിക്കപ്പെട്ടതാകാം എന്ന രീതിയിലാണ് അതിൽ കാണിച്ചിരിക്കുന്നത്. തന്റെ യജമാനന്റെ ആജ്ഞക്കനുസൃതമായി ക്രമീകരിച്ച നിഷ്കളങ്കനായ കമ്പ്യൂട്ടറിനെ വഴിതെറ്റിക്കാനുള്ള കരുതിക്കൂട്ടിയുള്ള ഒരു ശ്രമമാണിത്. എക്കാലത്തും ഒരു നിഗൂഢ രഹസ്യമായി അവശേഷിക്കുന്ന ജീനുകളുടെ ഏത് തരത്തിലുള്ള ഭാവനയാണ് കമ്പ്യൂട്ടറിലേക്ക് ഫീഡ് ചെയ്യപ്പെട്ടത്. കാരണം ജീനുകളുടെ പെരുമാറ്റം അപ്രവചനീയമാണ്. അതിന് രേഖകളുടേയും ചിത്രങ്ങളുടേയും ദ്വിമാന തലത്തിൽ ഒരിക്കലും പ്രവർത്തിക്കാൻ സാധ്യമല്ല. ജീവികളുടെ ജൈവരൂപാന്തരണലോകത്തെക്കാൾ വളരെയേറെ സങ്കീർണമാണ് ജീനുകളുടെ ലോകം. ഇവിടെ ജൈവരൂപാന്തരണത്തിന്റെ രംഗത്ത് ഓരോ തലമുറയിലെ ജീവിരൂപങ്ങളേയും രൂപപ്പെടുത്താൻ വ്യക്തമായും ഒരു മസ്തിഷ്ക്കം പ്രവർത്തിക്കുന്നു. എന്നാൽ, ജീനുകൾക്ക് മസ്തിഷ്ക്കം ഇല്ല. മറ്റൊന്ന് ഇവിടെ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നത് ഒരു മസ്തിഷ്ക്കമാണ്. ജീവിരൂപങ്ങൾ നിർമിച്ചെടുത്ത ആ മസ്തിഷ്ക്കത്തിനാകട്ടെ ജീനുകളുടെ ലോകത്തെ സാങ്കേതിക സങ്കീർണതകളെക്കുറിച്ച് എല്ലാമറിയാമെന്ന അവകാശവാദവുമില്ല. യാതൊരു അർഥമോ, യാഥാർഥ്യബോധമോ ഇല്ലാത്ത, അദ്ദേഹത്തിന്റെ കമ്പ്യൂട്ടർ വരച്ച കൊച്ചു രൂപങ്ങളെ പോലെയുള്ള ചിത്രം ഒരു കഷണം കടലാസ്സിൽ ഒരു പിഞ്ചു പൈതലിനും വരക്കാൻ സാധിക്കുന്നതാണ്. ഇതുപോലെയുള്ള ജീവിരൂപങ്ങളെ ജീനുകൾക്ക് സൃഷ്ടിക്കുവാൻ സാധിക്കുമോ? ജീനുകൾക്ക് ബോധമനസ്സില്ല. എന്നാൽ, അവ സൃഷ്ടിക്കുന്ന സങ്കീർണമായ പ്രവൃത്തികൾ ഒരു ബോധമനസ്സില്ലാതെ ഒരിക്കലും തന്നെ സൃഷ്ടിക്കാൻ സാധ്യമല്ല. ഏറ്റവും ഉന്നതമായ മനസ്സുകളുടെ ഉടമകളെപ്പോലെ ജീനുകൾ അവരുടെ ജോലി ചെയ്യുകയും സങ്കീർണമായ നിർദേശങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു. ഈ കമ്പ്യൂട്ടർ രൂപങ്ങളേയും ജീവനുള്ള യാഥാർഥ്യങ്ങളേയും തമ്മിൽ യാതൊരു വിധത്തിലും താരതമ്യം ചെയ്യാൻ സാധ്യമല്ല. എന്നാലും അൽപനേരത്തേക്ക് ഈ മാതൃക യഥാർഥത്തിലുള്ള പ്രാതിനിധ്യം വഹിക്കുന്നതാണെന്ന് നമുക്ക് സങ്കൽപിക്കാം. അങ്ങനെയാണെങ്കിൽ, ഈ പതിനേഴ് രൂപങ്ങളിൽ ഏതെങ്കിലുമൊന്നിന് കോശത്തിന്റെ വികാസം കൊണ്ടോ, അല്ലെങ്കിൽ യാദൃച്ഛികമായ ജീനുകളുടെ ഉൽപരിവർത്തനം കൊണ്ടോ, തൊട്ടടുത്ത ഒരു രൂപത്തിന് ജന്മം നൽകാൻ സാധിക്കുമോ?

ഡാകിൻസ് നടത്തിയത് പോലെയുള്ള കണക്ക് കൂട്ടലുകളാണ് പ്രകൃതിയിൽ കാണപ്പെടുന്നതെങ്കിൽ ഒരു സ്വാലോടെയിൽ പക്ഷിക്ക് തൊപ്പി ധരിച്ച ഒരു മനുഷ്യന് ജന്മം കൊടുക്കാവുന്നതാണ്. അതിനേക്കാൾ അത്ഭുതകരമായി തൊപ്പി ധരിച്ച മനുഷ്യനു ഒരു തേളിന് ജന്മം കൊടുക്കാവുന്നതാണ്. ഉഗ്രകോപിഷ്ഠനായ ഒരു കുറുക്കന് ഒരു തവളക്ക് ജന്മം നൽകാം. ആ തവളക്ക് ഒരു പറ്റം ആട്ടിൻ കുട്ടികളേയും അതിൽ നിന്നും ചാടിക്കളിക്കുന്ന ചിലന്തികൾക്കോ ചിലന്തിയിൽ നിന്നും ഇരുട്ട് ഗുഹകളിലേക്ക് ചിറകടിച്ച് പറക്കുന്ന വവ്വാലുകൾക്കോ ജന്മം കൊടുക്കാം. ഇതാണ് വളഞ്ഞതോ നേർരേഖയുള്ളതോ ആയ ഒരു പ്രതലത്തിൽ അദ്ദേഹം നടത്തുന്ന കമ്പ്യൂട്ടർ കളി. തൊപ്പി ധരിച്ച യഥാർഥ മനുഷ്യനെ വെച്ചുകൊണ്ട് അദ്ദേഹത്തിന് ഒരു അപഗ്രഥന പഠനം എന്തുകൊണ്ട് ആരംഭിച്ചു കൂടാ? എന്നിട്ട് തൊപ്പി ധരിച്ചതോ അല്ലാത്തതോ ആയ ആളെ പ്രകൃതിനിർധാരണത്തിന് എന്തുകൊണ്ട് നിർമിക്കാൻ സാധിക്കില്ല എന്ന് പറഞ്ഞ് ആ പഠനം ആരംഭിച്ചു കൂടാ. ഈ കമ്പ്യൂട്ടർ രൂപചിത്രത്തിലെ തൊപ്പിയിൽ നിന്നും എന്തുകൊണ്ട് ഒരു വവ്വാലിനെ പുറത്തേക്കെടുത്തു കൂടാ. അല്പാൽപമായി രൂപം കൊണ്ടതും അദ്ദേഹം സമുചിതമായി വിശദീകരിച്ചു തരാൻ ഒരുമ്പെട്ടതുമായ വവ്വാലിലേക്ക് എന്തുകൊണ്ട് അദ്ദേഹം

തിരിയുന്നില്ല. അവിടെ അദ്ദേഹം നിറുത്തി വവ്വാലിന്റെ ചിറകെങ്കിലും പ്രകൃതിനിർദ്ധാരണം വഴി എങ്ങനെയാണ് സൃഷ്ടിച്ചതെന്ന് വിവരിച്ചു തരികയും വേണമായിരുന്നു. യാദൃച്ഛികമെന്ന് പറയട്ടെ ചിറകുകളെക്കുറിച്ചുള്ള ഡാകിൻസിന്റെ അഭിപ്രായങ്ങൾ വായിക്കുമ്പോൾ നാം അത്ഭുത പരതന്ത്രരായി നിന്നു പോയിട്ടുണ്ട്. ഉഭയജീവികൾ അവയുടെ മുൻകൈകൾ വെറുതെയൊന്ന് ചലിപ്പിച്ചപ്പോൾ ക്രമേണ ക്രമേണ അത് ചിറകായി മാറി പോലും! അങ്ങനെ അവ പറക്കുന്ന പക്ഷികളായി തീർന്നു. അത്തരത്തിൽ കൈ വെറുതെ ചലിപ്പിച്ചാലോ വളച്ചാലോ ചിറക് സൃഷ്ടിക്കപ്പെടുകയില്ല. ദശലക്ഷക്കണക്കിന് വർഷങ്ങൾ അങ്ങനെ കൈ ചലിപ്പിച്ചാലും ശരി ചിറക് സൃഷ്ടിക്കപ്പെടാൻ സാധ്യമല്ലെന്ന് അതിനെപ്പറ്റി കാര്യവിവരമുള്ളവർക്കറിയാം.

പറക്കുന്ന ഒരു പക്ഷിയുടെ ശരീരഘടന വളരെയേറെ സങ്കീർണമാണ്. പക്ഷിയുടെ കൈയ്യുടെ മേലെയും താഴേക്കുമുള്ള ചലനത്തിന് ആഭ്യന്തരമായും ശരീരശാസ്ത്രപരവുമായുള്ള മാറ്റങ്ങൾ സൃഷ്ടിക്കപ്പെടുകയും അതുവഴി പക്ഷിയുടെ മാറെല്ല് രൂപപ്പെടുകയും ചെയ്തിരുന്നെങ്കിൽ ഒരു പക്ഷേ നാം ഇത്തരത്തിലുള്ള അസംബന്ധജടിലമായ അഭിപ്രായങ്ങൾ സ്വീകരിക്കേണ്ടി വരുമായിരുന്നു. എന്നാൽ പക്ഷിയുടെ മുഴുവൻ ഉള്ള് പൊള്ളയായ അസ്ഥികൂടമാണ് അവയുടെ പറക്കൽ സാധ്യമാക്കി തീർക്കുന്നത്. അവയാകട്ടെ പക്ഷിയുടെ കൈ മുകളിലോട്ടും താഴോട്ടുമുള്ള ശാരീരിക വ്യായാമം കൊണ്ട് രൂപാന്തരപ്പെട്ടതല്ല. അനന്തകാലം വരെ ഈ ചലനം തുടർന്നാലും ചിറകിന്റെ ഒരു നേർത്ത രൂപമെങ്കിലും മുളച്ചു വരുന്നതായി കാണില്ല. ഒരു കായികാദ്ധ്യാപകന്റെ നിരന്തരം ചലിക്കുന്ന കൈയ്യിൽ ശകലം ശകലമായി ചിറകുകൾ കിളിർത്തു വന്ന് അത് ചിറകായിത്തീർന്നത് നാം ഇതുവരെ കണ്ടിട്ടില്ല. പ്രകൃതിവാദിയായ ശാസ്ത്രജ്ഞൻ ഒരു പക്ഷേ ഒരു കായികാദ്ധ്യാപകന്റെ ആയുഷ്ക്കാലത്തെ കാലയളവ് ഇത്തരം ശാരീരികമായ മാറ്റങ്ങൾ വരുത്താൻ പര്യാപ്തമല്ല എന്ന് പറഞ്ഞ് ഈ അഭിപ്രായത്തെ എതിർ ത്തേക്കും. പ്രകൃതി വാദിയായ ശാസ്ത്രജ്ഞൻമാർ ഒരു കാര്യമോർക്കണം. സസ്തനി വർഗം ഭൂമിയിൽ 300 ദശലക്ഷം വർഷങ്ങളായി നിലനിൽക്കുന്നു, എല്ലാ സസ്തനികളും അവയുടെ കാലുകൾ ചലിപ്പിക്കുന്നു. അവ കഴിയുന്നത്ര ഉയരം ചാടികടക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവക്കൊന്നും ചിറക് മുളച്ചിട്ടില്ല. അത് വെള്ളത്തിലും കരയിലും ജീവിക്കുന്ന ഉഭയജീവികൾക്ക് മാത്രമുള്ള സവിശേഷതയാണോ? ചിറകോ അതല്ല മറ്റെന്തെങ്കിലുമോ ആകട്ടെ, ഉഭയജീവികളിൽ നിന്ന് അത്തരത്തിൽ ഒരു പക്ഷിയുടെ ഏറ്റവും പ്രാകൃത രൂപത്തിലുള്ള ആഭ്യന്തര ഘടന പോലും നിർമിക്കാൻ സാധിച്ചിട്ടില്ല. ഡാർവിൻ ഇത്തരമൊരു അഭിപ്രായം മുന്നോട്ടു വെച്ചതായി നമുക്കറിയാം. പക്ഷേ ജീവിതത്തിന്റെ യാഥാർഥ്യങ്ങളെ മാറ്റി മറിക്കാൻ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കായിട്ടില്ല. ഉഭയ ജീവികളാവട്ടെ അല്ലാത്തവയാകട്ടെ പറക്കുന്ന ഷഡ്പദങ്ങളുടെ മുരൾച്ച കൊണ്ട് മുഖരിതമായ അഞ്ച് ദശലക്ഷം വർഷങ്ങൾക്ക് മുമ്പേയുള്ള കാലഘട്ടത്തിലേക്ക് ഡാകിൻസ് തന്റെ മനസ്സ് കൊണ്ടുപോകേണ്ടതുണ്ട്. എങ്ങനെയാണ് ഈ പറക്കുന്ന ജീവികൾ അവയുടെ കോശപരവും ശരീരപരവുമായ പ്രത്യേകതകളോടു കൂടി ശകലം ശകലമായി അതിന്റെ ചിറകുകൾ രൂപപ്പെടുത്തിയെടുത്തത്?

വീണ്ടും നമുക്ക് ഡാകിൻസിന്റെ കമ്പ്യൂട്ടർ രൂപത്തിലേക്ക് തിരിയാം. ജീനുകളുടെ ഉള്ളിൽ സംഭവിക്കുന്നത് എന്താണെന്നും അത് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നുമുള്ളതിന് ഒരു യഥാർഥ വീക്ഷണം ലഭിക്കാൻ അദ്ദേഹത്തിന് വെറും ഇരുപത്തൊമ്പത് സ്റ്റെപ്പുകൾ മാത്രമേ വെക്കേണ്ടി വന്നുള്ളൂ. യഥാർഥത്തിൽ ഇത് നിർവഹിക്കാൻ വളരെ വലിയ സംഖ്യകളുടെ കൂട്ടിക്കിഴിക്കലുകൾ ആവശ്യമായി വരും. അതിനെല്ലാറ്റിനുമുപരിയായി അദ്ദേഹത്തിന്റെ ജീനുകൾക്ക് ബോധമനസ്സ് ഇല്ല എന്ന് അദ്ദേഹം തന്നെ സമ്മതിക്കുന്നു. ജീനുകൾക്ക് പ്രവർത്തിക്കാൻ ഒരു കമ്പ്യൂട്ടർപോലുമില്ലതാനും. ഡാകിൻസിനാകട്ടെ ഒരു ബോധമനസ്സും ഒരു കമ്പ്യൂട്ടറും സഹായത്തിനുണ്ട്. ആ കമ്പ്യൂട്ടർ എങ്ങനെ തന്റെ ഗുണത്തിനായി പ്രവർത്തിപ്പിക്കാമെന്നും അദ്ദേഹത്തിനറിയാം. ഇത് മാത്രമല്ല കമ്പ്യൂട്ടർ നിർമിച്ച എല്ലാ തലമുറകളിൽപ്പെട്ട രൂപങ്ങളിൽ നിന്ന് അദ്ദേഹം ചില പ്രത്യേക രൂപങ്ങളെ തിരഞ്ഞെടുക്കുന്നു. അത് വീണ്ടും മറ്റൊരു തലമുറയെ സൃഷ്ടിക്കാൻ വേണ്ടി കമ്പ്യൂട്ടറിലേക്ക് തന്നെ പുനർനിവേശനം (Re-fed) ചെയ്യപ്പെടുന്നു. ഇതെല്ലാം അദ്ദേഹം തന്നെ സമ്മതിക്കുന്നുണ്ട്. ജീനുകൾക്ക് ഉൾപരിവർത്തനം (Mutation) എപ്പോൾ സംഭവിക്കുമെന്നോ, സംഭവിക്കാതിരിക്കുമെന്നോ ഉള്ള കാര്യം മനുഷ്യന് മുൻകൂട്ടി സങ്കൽപിക്കാൻ സാധ്യമല്ല എന്ന പരമ പ്രധാനമായ വസ്തുതയെ അദ്ദേഹം അവഗണിക്കുക കൂടി ചെയ്യുന്നു. എത്ര ബുദ്ധിമാനായ ശാസ്ത്രജ്ഞനായാലും ശരി അയാൾ എത്രതന്നെ സമർഥനായാലും ശരി കോശ പ്രപഞ്ചം സങ്കൽപിക്കുവാൻ അതിന് സാധ്യമല്ല. ജീനുകൾ എപ്പോൾ എങ്ങനെയാണ് പ്രവർത്തനനിരതമാകുന്നത് എന്നതിനെ പറ്റി ശാസ്ത്രീയമായ അവബോധമുള്ള അങ്ങേയറ്റം ജ്ഞാനിയായ ഒരു ശാസ്ത്രജ്ഞന്റെ കമ്പ്യൂട്ടർ മാതൃകകളെ എടുക്കുക. അവ എണ്ണമറ്റ മറ്റു ആഭ്യന്തര ഘടകങ്ങളുമായി പ്രതിപ്രവർത്തിക്കുന്നതായാലും ശരി ആ കമ്പ്യൂട്ടർ മാതൃകകൾ വെറും സാങ്കൽപികങ്ങളാണ്. യാഥാർത്ഥ്യമല്ല.

വിവ; എ.എം. (തുടരും)

# യോനായുടെ അടയാളം

യേശു തന്റെ സത്യതക്കായി പറഞ്ഞ ഒരേയൊരു തെളിവാണ് യോനായുടെ അടയാളം. ബൈബിൾ വിവരിക്കുന്ന മർമ്മ പ്രധാനമായ ഈ അടയാളം യേശു കുരിൽ വെച്ച് മരിച്ചിട്ടില്ല എന്നും ബോധരഹിതനായി കല്ലറയിൽ പ്രവേശിച്ച യേശു അബോധാവസ്ഥയിൽ നിന്ന് മുക്തി നേടി കല്ലറയിൽ നിന്ന് ഏഴുന്നേറ്റു വരികയാണുണ്ടായതെന്നും അസന്ദിഗ്ദമായി തെളിയിക്കുന്നു. മത്സ്യത്തിന്റെ വയറ്റിൽപ്പെട്ട് പുറത്ത് വന്ന സംഭവത്തിന് ശേഷം യോന നീനവക്കാരിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയത് പോലെ യേശു കുരിശ് സംഭവത്തിന് ശേഷം ഭൂമിയുടെ ഉദരത്തിൽ (കല്ലറയിൽ) മൂന്ന് നാൾ ഇരുന്നതിന് ശേഷം കാണാതെ പോയ ഗോത്രങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കുകയായിരുന്നു.

ലേഖിക ലണ്ടനിൽ നിന്ന് പുറപ്പെടുന്ന അഹ്മദിയ്യാ മുഖപത്രമായ റിവ്യൂ ഓഫ് റിലീജ്യൻസിന്റെ പത്രാധിപ സമിതിയംഗമാണ്. 1992 മുതൽ യു കെ യിലെ അഹ്മദിയ്യാ മുസ്‌ലിം വനിതാ ഗവേഷണ സംഘത്തിന്റെ കോർഡിനേറ്ററായി പ്രവർത്തിക്കുന്ന അവർ പ്രഗല്ഭയായ ബൈബിൾ പണ്ഡിത കൂടിയാണ്.

**നവിദ സയ്യദ് യു.കെ.**

യോനാ പ്രവാചകന്റെ കഥ യഹൂദ ക്രിസ്ത്യൻ ഇസ്‌ലാം മതാനുയായികൾക്ക് അമുല്യമായ ഒരു പാഠമെന്നോണം അവരുടെ മതഗ്രന്ഥങ്ങൾ വിവരിക്കുന്നുണ്ട്. പശ്ചാത്താപത്തിന്റെയും മാപ്പിന്റെയും കഥയാണത്. തിമിംഗലം അല്ലെങ്കിൽ ഭീമാകരനായ ഒരു മത്സ്യത്താൽ ജീവനോടെ വിഴുങ്ങപ്പെട്ട ദൈവത്തിന്റെ ഒരു പ്രവാചകന്റെ വൻ പരീക്ഷണത്തിന്റെ കഥയായിരുന്നു യോനായുടെ കഥ. ക്രിസ്ത്യാനികൾക്ക് യേശുവിന്റെ അടയാളമായി പറഞ്ഞ യോനായുടെ കഥ വളരെ പ്രാധാന്യമുള്ളതാണ്. കുരിശ് മരണത്തിൽ നിന്ന് യേശു എങ്ങനെ രക്ഷപ്പെട്ടുവെന്നും നഷ്ടപ്പെട്ടു പോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി അദ്ദേഹം എങ്ങനെ സഞ്ചരിച്ചുവെന്നുമുള്ള കാര്യങ്ങൾ ബൈബിൾ അടിസ്ഥാനമാക്കിയും ചരിത്രപരമായും വൈദ്യശാസ്ത്ര വീക്ഷണത്തിലും നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ ലേഖനം യോനായുടെ അടയാളത്തെ ക്കുറിച്ചുള്ളതാണ്. യേശുവുമായി ബന്ധപ്പെട്ട യോനായുടെ അടയാളം എന്താണ് എന്നതിനെ സംബന്ധിച്ചും ക്രൂശീകരണത്തിന് ശേഷം ഈ അടയാളം യേശുവിൽ എപ്രകാരം അത് വ്യക്തമായി പുലർന്നു എന്ന കാര്യവും വിശദീകരിക്കുന്നു.

**യോനായുടെ അടയാളം**

യോനായുടെ അടയാളം ബൈബിളിൽ ഇപ്രകാരമാണ് വിവരിക്കപ്പെടുന്നത്:

***' ആൾകൂട്ടം വർധിച്ചപ്പോൾ അവൻ പറയാൻ തുടങ്ങി: 'ഈ തലമുറ ദുഷിച്ച ഒരു തലമുറയാണ്. അവർ അടയാളം അന്വേഷിക്കുന്നു. എന്നാൽ യോനായുടെ അടയാളമല്ലാതെ മറ്റൊരടയാളവും ഇതിന് നൽകപ്പെടുകയില്ല. കാരണം യോന നീനവക്കാർക്ക് അടയാളമായിരുന്ന***

*ത് പോലെ മനുഷ്യ പുത്രൻ ഈ തലമുറക്കും അടയാളമായിരിക്കും.'(ലൂക്കോസ് 11: 29:,30,31) യേശു മറുപടി പറഞ്ഞു: 'ദുഷ്ടവും അവിശ്വസ്തവുമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാ പ്രവാചകന്റെ അടയാളമല്ലാതെ മറ്റൊരടയാളവും അതിന് നൽകപ്പെടുകയില്ല. യോനാ മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിന്റെ ഉദരത്തിലായിരുന്നു. അതുപോലെ മനുഷ്യ പുത്രനും മൂന്ന് രാവും മൂന്ന് പകലും ഭൂമിയുടെയുള്ളിൽ ആയിരിക്കും.' (മത്തായി 1 2: 39,40,41)*

മേൽ വചനങ്ങളിൽ യേശു വളരെ സുപ്രധാനമായൊരു പ്രവചനത്തെ സംബന്ധിച്ചും അടയാളത്തെപ്പറ്റിയും സംസാരിക്കുന്നു. മാത്രമല്ല യേശു ഊന്നി പറയുന്നത് ഈയൊരടയാളമല്ലാതെ മറ്റൊരടയാളമില്ല എന്നാണ്. അതിനാൽ നമുക്ക് ആ പ്രവചനം എങ്ങനെ പൂർത്തിയായെന്നു നോക്കാം. യേശുവിനെയും യോനായേയും താരതമ്യം ചെയ്ത ആ സുപ്രധാനമായ അടയാളം എന്താണെന്ന് നോക്കാം.

## യോനാ ജീവിക്കുകയും യേശു മരണമടയുകയുമായിരുന്നോ?

യേശുവും യോനായുമായുള്ള സാമ്യതയെ പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

*'യൂനുസ് നബി(അ) (യോനാ പ്രവാചകൻ) കടലാനയുടെ വയറ്റിൽ മൂന്ന് രാപകലിരുന്നത് പോലെ മനുഷ്യ പുത്രൻ മൂന്ന് രാപ്പകൽ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്ന് മത്തായിയുടെ സുവിശേഷ (12: 40) ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരിച്ചിരുന്നില്ല എന്നത് സ്പഷ്ടമായ സത്യമായിരുന്നല്ലോ. ഏറിയാൽ അദ്ദേഹത്തിനുണ്ടായിരുന്നത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ട് കിടക്കുകയാണുണ്ടായത്. ഇങ്ങനെ യോന മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരിക്കുകയും ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ യേശു മിശീഹ ക്രിസ്ത്യാനികൾ പറയുന്നത് പോലെ ഭൂമിയുടെ വയറ്റിൽ മരിച്ച് കിടക്കുകയാണ് ചെയ്തിരുന്നതെങ്കിൽ മൃതന് ജീവിച്ചിരിക്കുന്ന യാളുമായി എന്ത് സാമ്യമാണുള്ളത്. ജീവിച്ചിരിക്കുന്നവനെ മരിച്ചവനുമായി താരതമ്യപ്പെടുത്താവുന്നതെങ്ങനെ? വാസ്തവ മെന്താണെന്ന് വെച്ചാൽ ഈസാ മസീഹ് ഒരു സത്യ പ്രവാചകനായിരുന്നതിനാൽ, താൻ ഏതൊരുവന്റെ പ്രിയദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശപ്ത മരണത്തിൽ നിന്നും രക്ഷിക്കുമെന്ന് അദ്ദേഹം അറിയുകയും വിശ്വസിക്കുകയും ചെയ്തിരുന്നു.' (യേശു മിശിഹാ ഇന്ത്യയിൽ(3)*

യോനാ മത്സ്യത്തിന്റെ ഉദരത്തിൽ ജീവനോടെ പ്രവേശിക്കുകയും ജീവനോടെ പുറത്ത് വരികയും ചെയ്യുകയും യേശു ഭൂമിയുടെ ഉള്ളിൽ മരിച്ച് കൊണ്ട് പ്രവേശിക്കുകയും ഉയിർത്തെഴുന്നേറ്റ് കൊണ്ട് പുറത്ത് വരികയും ചെയ്യുകയാണെങ്കിൽ സാമ്യതക്കും താരതമ്യത്തിനും യാതൊരു സാദ്ധ്യതയും ഉണ്ടാകുമായിരുന്നില്ല.

## മൂന്ന് രാവിന്റെയും മൂന്ന് പകലിന്റെയും പ്രാധാന്യമെന്ത്?

ഈ രണ്ട് പ്രവാചകരെ പറ്റിയുമുള്ള അടയാളങ്ങളെ കുറിച്ച് പറയുമ്പോൾ നാം മനസ്സിൽ സൂക്ഷിക്കേണ്ട പ്രത്യേക കാര്യം അടിസ്ഥാനപരമായി അവർ ഇരുവരും സാമ്യന്മാരാണ് (similar) അല്ലാതെ തൽസമന്മാരല്ല (idential) അതായത് ഒരു പോലെയുള്ളവരല്ല.പലരേയും ബുദ്ധിമുട്ടിലാക്കുന്ന ഒരു കാര്യം യേശു കല്ലറയിൽ കഴിച്ചുകൂട്ടിയ രാവിന്റേയും പകലിന്റേയും എണ്ണമാണ്. അത് യോനാ മത്സ്യത്തിന്റെ ഉദരത്തിൽ കഴിച്ചു കൂട്ടിയ രാവും പകലുമായി ഒത്തുപോകുന്നില്ല എന്നതാണ്. വിശുദ്ധ ഖുർആൻ യോനായുടെ മത്സ്യത്തിന്റെ വയറ്റിൽ കഴിച്ചു കൂട്ടിയ ദിവസങ്ങളെ പറ്റി കൃത്യമായി യാതൊന്നും പറയുന്നില്ല.

*'തീർച്ചയായും യൂനുസും ദൈവ ദൂതരിൽ പെട്ട ഒരാളാണ്. ഭാരം നിറഞ്ഞ ഒരു കപ്പലിൽ അദ്ദേഹം ഓടിച്ചെന്നപ്പോഴുണ്ടായ (സംഭവം) ഓർക്കുക. അങ്ങനെ അദ്ദേഹം (മറ്റു യാത്രക്കാരോടൊപ്പം) നറുക്കിൽ പങ്കെടുത്തപ്പോൾ അദ്ദേഹം തള്ളപ്പെട്ടവനിൽപ്പെട്ട ആളായി തീർന്നു. അങ്ങനെ അദ്ദേഹം സ്വയം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ആ വലിയ മത്സ്യം അദ്ദേഹത്തെ പിടിച്ചു വിഴുങ്ങി. അപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിയ ഒരാളായിരുന്നില്ലായിരുന്നുവെങ്കിൽ പുനരുത്ഥാനം ചെയ്യപ്പെടുന്ന നാൾ വരെ അതിന്റെ വയറ്റിൽ അദ്ദേഹം താമസിക്കേണ്ടി വരുമായിരുന്നു.'(37: 141 145)*

ഇത് കൂടാതെ മത്തായി 12:40 വചനത്തെകുറിച്ചുള്ള വ്യാഖ്യാനത്തിൽ പകലും രാത്രിയെയും സംബന്ധിച്ചുള്ള ഒരു വ്യഖ്യാനത്തിൽ പറയുന്ന പരാമർശം ഇങ്ങനെയാണ്: ***മൂന്ന് പകലും മൂന്ന് രാവും എന്നത് മുഴു പകലും മുഴു രാത്രിയും ആകണമെന്നില്ല. ഇരുപത്തിനാലു മണിക്കൂറിന്റെ എതെങ്കിലും ഒരു ഭാഗം ഒരു ദിവസമായി സാധാരണ കണക്ക് കൂട്ടാറുണ്ട് (5)***

യോനായുടെ അടയാളം പരാമർശിക്കുന്നേടത്ത് എവിടെയും തന്നെ പ്രത്യേക മണിക്കൂർ, മിനുട്ട്

സമയത്തേക്ക് ഭൂമിയുടെ ഉദരത്തിൽ യേശു ഇരുന്നാൽ മാത്രമേ യോനയുടെ ഈ അടയാളം പൂർത്തിയാവുകയുള്ളൂ എന്ന് പറയുന്നില്ല. വാസ്തവമെന്തെന്നാൽ യേശുവിന്റെ വചനങ്ങളിൽ തന്നെയുള്ള സാമ്യതകൾ രണ്ട് പേരുടെയും അടയാളങ്ങളിൽ മതിയായ രീതിയിൽ പൂർത്തികരിക്കപ്പെട്ടിട്ടുണ്ട്.

## യോനായുടെയും യേശുവിന്റെയും പ്രാർഥന ദൈവം കേട്ടിരുന്നു.

യോനയുടെ പരീക്ഷണത്തിലെ മറ്റൊരു ശ്രദ്ധേയമായ സാമ്യം ഈ രണ്ട് പ്രവാചകന്മാരും തങ്ങളുടെ പരീക്ഷണ വേളയിൽ ദൈവത്തോട് ഉള്ളുരുകി നടത്തിയ പ്രാർഥനകളാണ്. ദൈവം അവരിരുവരുടെയും പ്രാർഥന സ്വീകരിക്കുകയും ചെയ്തതാണ്. മത്സ്യത്തിന്റെ ഉദരത്തിൽ വെച്ച് അത്യന്തം വിഷമകരമായ അവസ്ഥയിൽ യോനാ പ്രാർഥിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തതായി ബൈബിൾ പറയുന്നു:

***‘അപ്പോൾ യോനാ മത്സ്യത്തിന്റെ ഉദരത്തിലിരുന്ന് തന്റെ ദൈവമായ കർത്താവിനോട് പ്രാർഥിച്ചു: ഞാൻ എന്റെ സങ്കടത്തിൽ കർത്താവിനെ വിളിച്ചു അവൻ എനിക്ക് ഉത്തരമരുളി. പാതാളത്തിൽ നിന്ന് ഞാൻ നിലവിളിച്ചു. എന്റെ സ്വരം നീ ചെവിക്കൊണ്ടു.’(യോന :2:1,2)*** നീനവക്കാരുടെ അഹങ്കാരം കാരണം കോപിഷ്ഠനായ യൂനുസ് നബി (അ) (യോന) നാട് വിടുകയും അദ്ദേഹം ആത്മാർഥമായി പശ്ചാത്തപിക്കുകയും ചെയ്തത് ഖുർആൻ വിവരിക്കുന്നു.:

***‘ദുനൂനിനേയും സ്മരിക്കുക, അദ്ദേഹം കോപിഷ്ഠനായി പോയ അവസരത്തിൽ അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയില്ലെന്ന് അദ്ദേഹം മനസ്സിൽ ഉറപ്പിച്ചു. പിന്നീട് അന്ധകാരത്തിൽ വെച്ച് അദ്ദേഹം വിളിച്ചു പ്രാർഥിച്ചു: ‘നീയല്ലാതെ ഒരു ആരാധ്യനുമില്ല. നീ പരിശുദ്ധനാണ്. തീർച്ചയായും ഞാൻ അധർമകാരികളിൽപ്പെട്ടവനാകുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകി. പരിഭ്രമത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷിച്ചു. ഇങ്ങനെയാണ് നാം സത്യവിശ്വാസികളെ രക്ഷിക്കുക.’ (21: 88,89)*** 7

അപ്രകാരം യേശുവും ആസന്നമായ കുരിശു പീഢനത്തെയോർത്ത് അത്യന്തം അസ്വസ്ഥനായി. അദ്ദേഹം അത്യധികം വികാര പാരവശ്യത്തോടെ ദൈവത്തിന്റെ സഹായത്തിന് വേണ്ടി കേണപേക്ഷിച്ചു.

***‘പിന്നെ യേശു അവരോടൊത്ത് ഗഥശമനി എന്ന സ്ഥലത്തെത്തി. അവൻ ശിഷ്യന്മാരോട് പറഞ്ഞു: ഇവിടെ ഇരിക്ക. ഞാൻ അവിടെപ്പോയി പ്രാർഥിക്കട്ടെ. പത്രോസിനെയും സെബദിപുത്രന്മാർ ഇരുവരേയും അവൻ കൂടെ കൊണ്ടു പോയി. അവൻ അസ്വസ്ഥനും ദുഃഖപരവശനുമായിരുന്നു. അവൻ അവരോട് പറഞ്ഞു: ‘എന്റെ ആത്മാവ് മരണവേദനയോടടുത്ത ദുഃഖം അനുഭവിക്കുന്നു. ഇവിടെ നിങ്ങൾ എന്നോടൊപ്പം ഉണർന്നിരിക്കുക. അവൻ അൽപ്പം മുന്നോട്ടു പോയി കമിഴ്ന്നു വീണു പ്രാർഥിച്ചു. എന്റെ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും നീങ്ങിപോകേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ’ അവൻ വീണ്ടും ശിഷ്യന്മാരുടെയടുക്കൽ മടങ്ങിവന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. അവൻ പത്രോസിനോടു ചോദിച്ചു: എന്നോടൊപ്പം ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്ക് സാധിച്ചില്ല, അല്ലേ? പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർഥിക്കുക. ആത്മാവ് സന്നദ്ധം ശരീരമോ ദുർബലം. രണ്ടാം പ്രാവശ്യം അവൻ പോയി പ്രാർഥിച്ചു. ‘എന്റെ പിതാവേ ഞാൻ ഇത് കുടിക്കാതെ ഈ പാന പാത്രം നീങ്ങിപ്പോകുക. സാധ്യമല്ലെങ്കിൽ നിന്റെ ഇഷ്ടം നിറവേറട്ടെ. അവൻ വീണ്ടും ശിഷ്യന്മാരുടെ അടുക്കൽ മടങ്ങിവന്നപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. കാരണം അവരുടെ കണ്ണുകളിൽ നിദ്രാഭാരം തങ്ങിനിന്നിരുന്നു. അതുകൊണ്ട് അവൻ അവരെ വിട്ട് മൂന്നാം പ്രാവശ്യവും പോയി അതേ വാക്കുകൾ തന്നെ ആവർത്തിച്ചു പ്രാർഥിച്ചു.’ (മത്തായി 26: 36 44)***

യേശു ക്രൂശിതനായപ്പോൾ വീണ്ടും വിലപിച്ചുകൊണ്ട് പ്രാർഥിച്ചു:

***ഒമ്പതാം മണിക്കൂർ വരെ നാട്ടിലെങ്ങും ഇരുട്ടു പരന്നു. ‘ഏലി ഏലി ലമാ സബക്താനി’ അതായത് ‘എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്താണ് എന്നെ കൈവിട്ടത്’ (മത്തായി 27:45,46)***

മേൽ ഉദ്ധരിച്ച ബൈബിൾ വാക്യത്തിൽ നിന്ന് യേശു സ്വയം ബലിയാവാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല എന്ന് വ്യക്തം. അദ്ദേഹം അത്യധികം അസ്വസ്ഥനുമായിരുന്നു. ദൈവം തന്റെ സംപ്രീത ദാസന്റെ വിലാപങ്ങൾ കേട്ടു. അദ്ദേഹത്തെ കുരിശു മരണത്തിൽ നിന്ന് രക്ഷപ്പെടുത്തി.

## യോനയും യേശുവും അവരുടെ പ്രേഷിത ദൗത്യം പൂർത്തിയാക്കി.

യോനായും യേശുവും ജീവനോടെ അകത്ത് പ്രവേശിക്കുകയും ജീവനോടെ പുറത്ത് വരികയും ചെയ്തവരാണ്. യോന, തന്നെ മത്സ്യം വിഴുങ്ങിയപ്പോൾ മത്സ്യത്തിന്റെ ഉദരത്തിൽ കുറച്ച് നേരം കഴിഞ്ഞു. അത് പോലെ യേശുവും ക്രുശീകരണത്തിന് ശേഷം കുരിശിൽ നിന്നും എടുക്കപ്പെട്ടപ്പോൾ ബോധരഹിതനായിരുന്നു അദ്ദേഹത്തെ കല്ലറയിൽ വെക്കപ്പെട്ടു. യേശു കുരിശിൽ നിന്ന് മരിക്കുകയും ഭൂമിയുടെ ഉദരത്തിൽ

വെക്കപ്പെടുകയും പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തിരുന്നതെങ്കിൽ അത് യോനായുടെ അടയാളവുമായി യാതൊരു സാമ്യതയുമുണ്ടാകുമായിരുന്നില്ല.

## യോനായും യേശുവും ജീവനോടെ പ്രവേശിക്കുകയും ജീവനോടെ പുറത്തേക്ക് വരികയും ചെയ്തു.

യോനായുടെ യഥാർഥ അടയാളം, യോനാക്കും യേശുവിനും ഉണ്ടായ കടുത്ത പരീക്ഷണങ്ങൾക്ക് ശേഷമാണ് വളരെ വ്യക്തമായി വെളിപ്പെടുന്നത്. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) വിശദീകരിക്കുന്നത് കാണുക:

*'യോനാ പ്രവാചകന്റെ (അ) യഥാർഥ അടയാളം, അദ്ദേഹത്തിന് പ്രബോധന പ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത കാലം നൽകപ്പെടുകയും തന്റെ ബലഹീനതകളെ കുറിച്ച് ബോധവാനായ അതേ യോനാ തന്നെ വിജയിയായ ഒരു പരിഷ്ക്കർത്താവാണെന്ന് തെളിയിക്കുകയും ജനങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുകയും അവർ സ്വയം ആന്തരികമായ ഒരു പരിവർത്തനം വരുത്തുകയും ചെയ്തു എന്നതാണ്. (Did jesus redeemed man-kind? - Hadrath mirza Bashiruddin Mahmood ahamed .p.151)*

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) തുടരുന്നു:

*'മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ടിരുന്നപ്പോൾ നീനവക്കാർ അദ്ദേഹത്തെ കണ്ടിരുന്നില്ല. അദ്ദേഹം മത്സ്യത്തിന്റെ ഉദരത്തിൽ ജീവിച്ചിരുന്നപ്പോഴും അവർ കണ്ടിരുന്നില്ല. മത്സ്യം അദ്ദേഹത്തെ വയറ്റിൽ നിന്നും പുറം തള്ളിയപ്പോഴും അവരദ്ദേഹത്തെ കണ്ടിരുന്നില്ല. യോന അവരിലേക്ക് തിരിച്ചെത്തിയപ്പോൾ, ഭയപ്പെട്ടോടിയ അതേ വ്യക്തിയെ തന്നെയാണ് അവർ കണ്ടത്.. ദൈവം ഒരുവൻ മാത്രമാണ് അദ്ദേഹത്തെ നിർബന്ധിച്ച് അവിടേക്ക് കൊണ്ടു വരികയും അദ്ദേഹത്തിന് വിജയം നൽകുകയും ചെയ്തത്. ഇത് ശക്തി പ്രതാപങ്ങളുടെ അധിപനായ ദൈവത്തിന്റെ ശക്തമായ ഒരടയാളമാണ്. നീനവയിലെ ജനങ്ങളിതിന് സാക്ഷ്യം വഹിക്കുകയുണ്ടായി. ഈസാ മസീഹും അപ്രകാരം വാദിക്കുകയുണ്ടായി. അതായത് 'യോനാ നീനവക്കാർക്ക് അടയാളമായിരുന്നത് പോലെ മനുഷ്യപുത്രനും ഈ തലമുറക്കും അടയാളമായി വരും' (ലൂക്കോസ് 11:30)*

യോനാ മത്സ്യത്തിന്റെ ഉദരത്തിൽ നിന്നും അതിജീവിക്കുകയും പ്രേഷിത പ്രവർത്തനങ്ങൾക്കായി നീനവയിൽ വരികയും ചെയ്തു. അത് പോലെ യേശു കുരിശ് മരണത്തിൽ നിന്ന് രക്ഷപ്പെടുകയും ബൈബിൾ പുതിയ നിയമത്തിൽ പറഞ്ഞത് പോലെ ഇസ്രയേൽ ഗൃഹത്തിലെ എല്ലാ ഗോത്രങ്ങളിലും വിജയകരമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

*'ഇസ്രയേൽ ഭവനത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് മാത്രമാണ് എന്നെ അയച്ചിട്ടുള്ളത് ' (മത്തായി 15: 24)*

*'എന്നാൽ അവൻ അവരോട് പറഞ്ഞു: ദൈവ രാജ്യത്തിന്റെ സുവിശേഷം മറ്റു നഗരങ്ങളിലും എനിക്ക് പ്രസംഗിക്കണം. കാരണം ഇതിനാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്.' (ലൂക്കോസ്4: 44)*

*ഈ തൊഴുത്തിൽ പെടാത്ത വേറെ ആടുകളും എനിക്കുണ്ട്. അവയെയും എനിക്കു കൊണ്ട് വരണം. അവ എന്റെ സ്വരം കേൾക്കും. അങ്ങനെ ഒരു ആട്ടിൻ കൂട്ടവും ഒരു ഇടയനുമാകും' (യോഹന്നാൻ:10:16)*

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് (റ) എപ്രകാരമാണ് യേശുവിന്റെ ദൗത്യം യോനായുടെ ദൗത്യവുമായി സാമ്യമാകുന്നത് എന്ന് വിവരിക്കുന്നുണ്ട്.

........യോനാ പ്രവാചകനെ പോലെ ഈസാ മസീഹും ഇസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ഗോത്രങ്ങളുടെ അടുക്കലേക്ക് പോകുകയും അവർക്ക് ദൈവവചനം കേൾപ്പിക്കുകയും വേണം. നീനവയിലെ ജനതക്ക് യോനായുടെ വരവ് ഒരടയാളമായത് പോലെ കാണാതെപോയ ഗോത്രങ്ങൾക്ക് യേശു ഒരു അടയാള മാവുകയും വേണം (*Did jesus redeemed mankind ?- Hadrath mirza Bashiruddin Mahmood Ahamed .p.162*)

എന്നിരുന്നാലും ഹദ്റത്ത് യോനായുടേത് പോലെ ഹദ്റത്ത് മസീഹിന്റെ ദൗത്യം എളുപ്പമായിരുന്നില്ല. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അക്കാര്യം കൂടുതൽ വിശദീകരിക്കുന്നത് കാണുക.

*'ഹദ്റത്ത് യോനാ പ്രവാചകൻ നീനവയിലേക്ക് പോകാൻ ഭയപ്പെട്ടിരുന്നത് പോലെ ഹദ്റത്ത് ഈസാ മസീഹും അഫ്ഘാനിസ്ഥാനിലേക്കും കശ്മീരിലേക്കും പോകുവാൻ ഭയപ്പെട്ടിരുന്നു. അവിടേക്ക് പോകുന്നതോടെ ഈസാ മസീഹിന് തന്റെ ഭാഷ ഉപേക്ഷിക്കേണ്ടിവരും. അദ്ദേഹത്തിന്റെ ഉറ്റവരേയും ഉടയവരേയും വിട്ടുപോകേണ്ടി വരും. യേശുവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ജനതക്കിടയിൽ ഫലസ്തീനിൽ തന്നെ താമസിച്ച് പ്രേഷിത പ്രവർത്തനങ്ങൾ നടത്തുക എളുപ്പമായിരുന്നു. യോനാ തന്റെ ദൗത്യത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ നോക്കിയപ്പോൾ ദൈവം ചില സാഹചര്യങ്ങൾ സൃഷ്ടിച്ചു കൊണ്ട് അദ്ദേഹത്തെ നീനവയിലേക്ക് കൊണ്ട് വരാൻ സമ്മർദം ചെലുത്തുകയാണുണ്ടായത്. സർവശക്തനായ അല്ലാഹുവിൽ നിന്ന് ഒഴിഞ്ഞുമാറുന്നത് ഉചിതമല്ല എന്ന ബോദ്ധ്യം*

*അദ്ദേഹത്തിൽ ദൈവം സൃഷ്ടിച്ചു. ദൈവം ഏവിടേക്കാണോ പോകണമെന്ന് ഉദ്ദേശിച്ചത് അത് അദ്ദേഹം ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. യേശുവിന്റെ കാര്യത്തിലും അപ്രകാരം തന്നെയായിരുന്നു. സർവശക്തനായ അല്ലാഹു അദ്ദേഹത്തെ കശ്മീരിലേക്കും അഫ്ഘാനിസ്ഥാനിലേക്കും പോവാൻ യോനയെ നിർബന്ധിച്ചത് പോലെയുള്ള സമ്മർദ്ദങ്ങൾ നിമിത്തമാക്കുകയായിരുന്നു. ..... എപ്പോഴാണ് നീനവയിലേക്ക് പ്രേഷിത പ്രവർത്തനത്തിനായി യോനാ പോയത്? മത്സ്യത്തിന്റെ ഉദരത്തിൽ നിന്ന് പുറത്ത് വന്നതിന് ശേഷമാണ് എന്നാണ് അതിനുത്തരം. അപ്രകാരം യേശു മിശിഹായുടെ യഥാർഥത്തിലുള്ള ദൗത്യകാലം ആരംഭിക്കുന്നത് അദ്ദേഹം കല്ലറയിൽ നിന്ന് എഴുന്നേറ്റു വന്നതിന് ശേഷമാണ്. അദ്ദേഹം കാണാതെ പോയ ഇസ്രയേൽ ജനത്തെ ഒരുമിച്ചു കൂട്ടിയില്ലായിരുന്നുവെങ്കിൽ അദ്ദേഹമൊരു കള്ളവാദിയാണെന്ന് തെളിയിക്കപ്പെടുമായിരുന്നു. (അത്തരം തെറ്റായ വിശ്വാസത്തിൽ നിന്ന് നാം ദൈവത്തിൽ അഭയം തേടുന്നു.) (Did jesus redeemed mankind? - Hadrath mirza Bashiruddin mahmood ahamed .p.162, 163, 164)*

## യേശു യോനായുടെ അടയാളം പൂർത്തിയാക്കുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) യോനായുടെ വാഗ്ദത്ത അടയാളത്തെ പരാമർശിച്ചു കൊണ്ട് പറയുന്നു:

***'ഹദ്റത്ത് ഈസാ മസീഹ്** ഒരു സത്യപ്രവാചകനായിരുന്നതിനാൽ, താൻ ഏതൊരുവന്റെ പ്രിയ ദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശാപ മരണത്തിൽ നിന്ന് രക്ഷിക്കുമെന്ന് അദ്ദേഹത്തിന് ബോധിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. തന്മൂലം അദ്ദേഹം തനിക്ക് ദൈവത്തിൽ നിന്നുമുണ്ടായ വെളിപാടനുസരിച്ച് ഒരു പ്രവചനമെന്ന നിലയിലാണ് ഈ ഉപമ എടുത്ത് പറഞ്ഞിരിക്കുന്നത്. താൻ കുരിശിൽ വെച്ച് മരിക്കുകയില്ലെന്നും ആ ശാപമരണത്തിന്മേൽ പ്രാണൻ വിടുകയില്ലെന്നും മറിച്ച് യോനാ പ്രവചകനെ പോലെ മോഹാലസ്യപ്പെടുക മാത്രമാണ് ഉണ്ടാകുകയെന്നും അദ്ദേഹം പ്രസ്തുത ഉപമകൊണ്ട് സൂചിപ്പിച്ചിരിക്കുകയാണ്. തന്നെയുമല്ല, താൻ ഭൂമിയുടെ വയറ്റിൽ നിന്ന് പുറത്ത് വന്നതിന് ശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെ പോലെ താൻ അവരുടെ ഇടയിൽ ബഹുമാനിതനായി ഭവിക്കുകയും ചെയ്യുമെന്ന് കൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരം ഈ പ്രവചനം നിവൃത്തിയാവുകയും ചെയ്തു.*

*എങ്ങനെയെന്നാൽ ഭൂമിയുടെ ഉദരത്തിൻ നിന്ന് പുറത്തുവന്നതിൽ പിന്നെ മിശിഹാ കശ്മീർ, തിബത്ത് തുടങ്ങിയ പൂർവ ദേശങ്ങളിൽ വസിക്കുന്നുണ്ടായിരുന്ന തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസ്സൂറിയാ രാജാവായിരുന്ന ശാലമൻസർ (ക്രി. മു 721 ൽ സാമിരിയ്യാ (സുമേറിയൻ) യിൽ നിന്ന് തടവുകാരായി പിടിച്ചു കൊണ്ടു പോയ പത്തു ഗോത്രക്കാരിൽ പെട്ട ഇസ്രായേൽ സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. ആ പത്തു ഗോത്രക്കാർ ഇന്ത്യയിൽ വന്നു ഈ രാജ്യത്തിലെ വിവിധ ഭാഗങ്ങളിൽ കുടിയേറി പാർക്കുന്നുണ്ടായിരുന്നു. അതിനാൽ മശീഹാ ഈ പ്രദേശങ്ങളിൽ സഞ്ചരിച്ചിരുന്നിരിക്കേണ്ടതാവശ്യമാണ്. അദ്ദേഹത്തിന് ലഭിച്ച ദിവ്യദൗത്യത്തിന്റെ പരമലക്ഷ്യം, കാണാതെ പോയ ആടുകളായ യഹൂദ ഗോത്രക്കാരെ കണ്ടുപിടിച്ച് അവർക്ക് സന്ദേശം എത്തിച്ചു കൊടുക്കുക എന്നുള്ളതായിരുന്നു. ആ കുടിയേറിയ ജൂതവർഗക്കാർ തന്നെയായിരുന്നു ഇസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾ. അവർ ഈ പൂർവ രാജ്യങ്ങളിൽ താമസമുറപ്പിച്ചതിൽ പിന്നെ തങ്ങളുടെ പൂർവിക മതം ഉപേക്ഷിക്കുകയും അവരിൽ ഭൂരിഭാഗവും ബുദ്ധമതം അവലംബിക്കുകയും ചെയ്തു. ക്രമേണ വിഗ്രഹാരാധകരായി അധഃപതിക്കുകയും ചെയ്തു. കശ്മീർ നിവാസികൾ വാസ്തവത്തിൽ ജൂതന്മാരായിരുന്നുവെന്നും അസൂറിയാ രാജാവിന്റെ ആക്രമണഫലമായി ചിതറിപ്പോകുകയും ഈ രാജ്യത്ത് കുടിയേറിപ്പാർത്തു തുടങ്ങുകയും ചെയ്തിട്ടുള്ളവരായിരുന്നു എന്നും അനേകം പണ്ഡിതന്മാരുടെ പ്രമാണങ്ങളെ ഉദ്ധരിച്ച് കൊണ്ട് പാശ്ചാത്യ സഞ്ചാരിയായ ഡോ. വില്യം ബർണിയർ തന്റെ സഞ്ചാരക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (Hadrath mirza Ghulam Ahmad 'jesus in india ' p. 17, 18)*

## ഉപസംഹാരം

യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന യാഥാർഥ്യത്തിലാണ് യോനായുടെ അടയാളം വ്യക്തമായും പുലരുന്നത്. വാസ്തവത്തിൽ അദ്ദേഹം വൃദ്ധനാകുന്നത് വരെ തന്റെ ദൈവത്താൽ നിയോഗിതമായ പ്രേഷിത യാത്ര തുടരുകയാണുണ്ടായത്. വിശുദ്ധ ഖുർആൻ പറയുന്നു:

***'നാം ഇബ്നു മറിയമിനേയും** അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി.'(3:51)*

***'മേൽ കൊടുത്ത വചനം** അർഥമാക്കുന്നതെന്തെന്നാൽ ദൈവത്തിന്റെ ദൂതന്മാർ ആദ്യം നിഷേധിക്കപ്പെടുകയും അവസാനം അവർ വിജയിയാവുകയും ചെയ്യുമെന്നാണ്. അവരുടെ നിഷേധകർ ഈ ദൈവിക നിയമത്തിന്നനുസൃതമായി ദുഃഖി*

*തരായി തീരും. അവസാനത്തെ ഇസ്റയേലി പ്രവാചകനായ യേശു തന്റെ എതിരാളികളാൽ കടുത്ത പീഢനങ്ങൾക്കിരയാവുകയും അവർ അദ്ദേഹത്തെ കുരിശിൽ തറക്കുകയും ചെയ്തു. പക്ഷേ ദൈവത്തിന്റെ നിയമവും വാഗ്ദാനവുമനുസരിച്ച് ദൈവം അദ്ദേഹത്തെ ശപിക്കപ്പെട്ട കുരിശു മരണത്തിൽ നിന്ന് രക്ഷിച്ചു. അദ്ദേഹത്തിന്റെ ദിവ്യദൗത്യം ആദ്യകാലത്ത് പ്രത്യക്ഷത്തിൽ പരാജയമാണെന്ന് തോന്നിയെങ്കിലും ദൈവം അദ്ദേഹത്തിന് തന്റെ മാതാവിനോടൊപ്പം ഹരിതാഭവും ഒഴുകുന്ന ജലമുള്ളതുമായ ഒരു ദേശത്ത് അഭയം നൽകി. അദ്ദേഹത്തിന്റെ ദൗത്യം പുരോഗമിച്ച് പുഷ്ക്കലമാവുകയും മനുഷ്യായുസ്സിനനുവദിച്ച പൂർണമായ പ്രായത്തിൽ അദ്ദേഹം അവിടെ വെച്ച് ദിവംഗതനാകുകയും ചെയ്തു. യേശുവിന്റെ മരണം അദ്ദേഹത്തിന്റെ ജനനം പോലെ തന്നെ വിവാദാത്മകവും ആശയക്കുഴപ്പവും സംശയങ്ങളും ഉണ്ടാക്കുന്നതാണ്. അദ്ദേഹത്തിന്റെ സംഭവബഹുലമായ അവസാന കാല ജീവിതം എങ്ങനെ എവിടെ വെച്ച് അവസാനിച്ചുവെന്നത് വിവാദമായി തുടരുകയാണ്. അദ്ദേഹം എങ്ങനെ മരിച്ചുവെന്നതു ക്രിസ്ത്യൻ വിശ്വാസത്തിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു. (The holy Quran with English translation and commentary p. 1804)*

യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്നത് തീർച്ചയാണ്. പിന്നെയെവിടെ നിന്നാണ് അദ്ദേഹം മനുഷ്യരാശിക്ക് വേണ്ടി കുരിശിൽ വെച്ച് മരിച്ചുവെന്ന വിശ്വാസം വന്നത്? പോൾ (പൗലൂസ് അപ്പോസ്തലൻ) ആണ് യേശു കുരിശിൽ മരിച്ചുവെന്ന വിശ്വാസത്തിലൂടെ മാത്രമേ മാനവരാശി രക്ഷിക്കപ്പെടുകയുള്ളു എന്ന വിശ്വാസം കെട്ടിച്ചമച്ചത്. ബൈബിൾ പറയുന്നു:

***‘അതുകൊണ്ട് കർത്താവായ യേശു എന്ന് ചുണ്ടുകൾ കൊണ്ട് ഏറ്റു പറയുകയും അവനെ മരിച്ചവരിൽ നിന്ന് ദൈവം ഉയർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും, കാരണം മനുഷ്യൻ സ്വഹൃദയം കൊണ്ട് വിശ്വസിക്കുന്നു. അങ്ങനെ നീതീകരിക്കപ്പെടുന്നു, തന്റെ ചുണ്ടുകൾ കൊണ്ട് ഏറ്റു പറയുന്നു. അങ്ങനെ രക്ഷിക്കപ്പെടുന്നു. അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിതനാകുകയില്ല എന്ന് വിശുദ്ധ ലിഖിതം പറയുന്നു. ഇതിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ ഉള്ള ഭേദം ഇല്ല. കർത്താവ് എല്ലാവരുടെയും കർത്താവാകുന്നു. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടേയും മേൽ അവൻ തന്റെ സമൃദ്ധി വർഷിക്കുന്നു. കാരണം കർത്താവിന്റെ നാമം വിളിച്ച് അപേക്ഷിക്കുന്ന ഏവരും രക്ഷിക്കപ്പെടും.’ (റോമർ 10: 9 13)***

എന്തായിരുന്നാലും യേശു കുരിശിൽ വെച്ച് മരിച്ചില്ലെങ്കിൽ പോളിന്റെ ക്രിസ്തു മതത്തെ സംബന്ധിച്ച നിലപാട് തെറ്റാണെന്ന് വരും. അദ്ദേഹത്തിന്റെ വാദം മാനവരാശിയുടെ പാപത്തിന് വേണ്ടി യേശു കുരിശിൽ ബലിയായി എന്നാണ്. യേശുവിന്റെ കുരിശ് മരണത്തോടെ ന്യായപ്രമാണം അവസാനിച്ചു എന്നാണ് പോളിന്റെ പക്ഷം. അതിനർഥം മനുഷ്യന് നിയമം അനുസരിക്കേണ്ടതില്ല. യേശുവിലുള്ള വിശ്വാസം മാത്രം മോക്ഷത്തിലേക്ക് നയിക്കും എന്നാണ്. ബൈബിൾ പറയുന്നു: ***‘കാരണം ക്രിസ്തു നിയമത്തിന്റെ പൂർത്തീകരണമായിരിക്കകൊണ്ട് വിശ്വസിക്കുന്ന ഏവനും നീതികരിക്കപ്പെടും’ (റോമക്കാർ 10:4)***

യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്ന് വിശ്വസിക്കുന്ന അനേകം പേർ ലോകത്തുണ്ട്. അദ്ദേഹം സ്വയ ഇഷ്ടപ്രകാരം ബലിയായിട്ടില്ല. അദ്ദേഹം ലോകത്തിന്റെ പാപത്തിന് വേണ്ടിയും ബലിയായിട്ടുമില്ല എന്നാണ്. അദ്ദേഹം ദൈവത്തിന്റെ വലത് ഭാഗത്ത് ഇരിക്കുന്നുമില്ല. യേശു അദ്ദേഹത്തിന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കുകയും ഇസ്‌ലാമിന്റെ വഴിയിലേക്ക് പാതയൊരുക്കുകയും ചെയ്ത ദൈവത്തിന്റെ പല പ്രവാചകന്മാരിൽപ്പെട്ട ഒരു പ്രവാചകനാണ്. ഇസ്‌ലാമിൽ യഥാർഥ മോക്ഷത്തിന് ഒരു ശുപാർശകന്റേയും മധ്യസ്ഥന്റെയും ആവശ്യമില്ല. അത് ഏതൊരു വ്യക്തിക്കും സർവഗുണങ്ങളുടെയും സ്റോതസ്സായ ജീവിക്കുന്ന ദൈവത്തിൽ വിശ്വസിച്ചും ആത്മാർഥമായ ആരാധന കൊണ്ടും നേടിയെടുക്കാവുന്നതാണ്.

## വിശുദ്ധ ഖുർആനിൽ നിന്ന്

മാപ്പു (ചെയ്യുന്ന സ്വഭാവം) കൈക്കൊള്ളുക; നല്ല കാര്യം ഉപദേശിക്കുക. അവിവേകം പ്രവർത്തിക്കുന്നവരിൽ നിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുക.

പിശാചിൽ നിന്ന് വല്ല ദുർബോധനവും നിനക്ക് ഏല്ക്കുന്നുവെങ്കിൽ നീ അല്ലാഹുവിങ്കൽ അഭയം തേടുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമത്രെ. (7:200–201)

# ഭാരതം സ്തംഭിച്ചുപോയ പൈശാചികത

## മുസാഫിർ



കഴിഞ്ഞ ജനുവരി മാസം 10-ാം തീയതിയായിരുന്നു ആ സംഭവം. ക്രൂരതയിലും പൈശാചികതയിലും കെട്ടുകഥകളെ അതിശയിപ്പിക്കുന്ന ആ യാഥാർഥ്യം ജമ്മുകശ്മീരിലെ കഠ്വ ജില്ലയിൽ രസാന എന്ന സ്ഥലത്താണ് അരങ്ങേറിയത്. മനുഷ്യരായി പിറന്നവരെയെല്ലാം നടുക്കിക്കളഞ്ഞ ഈ ക്രൂരത മനുഷ്യക്കോലമെടുത്ത രക്ഷസുകൾക്കല്ലാതെ നിർവഹിക്കാനും സാദ്ധ്യമല്ലായിരുന്നു. ചിത്രശലഭത്തെ പോലെ പാറിനടന്ന ശൈശവം വിടാത്ത എട്ട് വയസ്സുള്ള ഒരു പിഞ്ചു ബാലികയെ ഒരു ക്ഷേത്ര പുരോഹിതനും റിട്ടയേർഡ് ഗവൺമെന്റ് ഉദ്യോഗസ്ഥനുമായ സഞ്ചി റാം എന്ന ഒരു നരാധമന്റെ ആസൂത്രണത്തിന് കീഴിൽ ഒരു ആരാധനാലയത്തിന്റെ ശ്രീകോവിലിൽ വെച്ച് ദിവസങ്ങളോളം ചില പ്രത്യേകതരം പൂജകൾ നടത്തി ബലാൽസംഗം ചെയ്യുകയും ഈ നരഭോജനത്തിൽ അടുത്ത ബന്ധുക്കളടക്കമുള്ള സഹഹിംസ്രജന്തുക്കളെ അയാൾ ക്ഷണിക്കുകയും ഭോഗം കഴിഞ്ഞ് ഈ രാക്ഷസകൂട്ടം ആ കുരുന്നിനെ കൊന്നുതള്ളുകയും ചെയ്തു. അതിനിടക്ക് സംഭവിച്ചതെല്ലാം ഒന്നിനൊന്ന് കവച്ചു വെക്കുന്ന പൈശാചികതയും നൃശംസതയും ഹീനത്വവും മാത്രം. ബോധരഹിതയായ കുഞ്ഞ് ഉണരുമ്പോഴെല്ലാം മയക്ക് മരുന്ന് നൽകിയായിരുന്നു അവർ ക്രൂരകൃത്യത്തിന് വിധേയമാക്കിയത്. സഞ്ചി റാമും അയാളുടെ പ്രായപൂർത്തിയാകാത്ത മരുമകനും നാലു പോലീസുകാരുമടക്കം 8 പേർ ഈ പൈശാചിക കൃത്യത്തിൽ പ്രതികളാണെന്ന് അന്വേഷണം നടത്തിയ പോലീസിന്റെ കുറ്റപത്രത്തിൽ പറയുന്നു. ജാതിമത വ്യത്യാസമന്യെ കേട്ടവരെല്ലാം ഈ കുടില കൃത്യം നടത്തിയവർക്കെതിരെ ശാപം ചൊരിഞ്ഞു. അത്രമാത്രം മനുഷ്യത്വ വിരുദ്ധവും ദൈവവിരുദ്ധവുമായിരുന്നു ഈ ക്രൂരകൃത്യം. ഹിന്ദുമതത്തിന്റെ പേരുപയോഗിച്ചും ആ മതത്തിന്റെ പവിത്ര സ്ഥാനങ്ങൾ ഉപയോഗിച്ചും കശ്മലന്മാർ നടത്തിയ ഈ ക്രൂരതകൾക്കും ന്യായീകരണങ്ങൾക്കും ഒരിക്കലും പാവനമായ ആ മതം ഉത്തരവാദിയാകുന്നില്ല.

ഈ ക്രൂരതയോട് പ്രതികരിച്ചുകൊണ്ട് നമ്മുടെ ബഹുമാന്യനായ രാഷ്ട്രപതി രാം നാഥ് കോവിന്ദ് കഠ്വയിലെ ഈ ബാലികാഹത്യ നിന്ദ്യവും ക്രൂരവുമാണെന്നും രാജ്യത്തിന്റെ പോക്ക് എങ്ങോട്ടാണെന്ന് ആശങ്കപ്പെടേണ്ട സാഹചര്യമാണ് ഇതെന്നും ജമ്മു കശ്മീരിലെ കത്രയിൽ ശ്രീമാതാ വൈഷ്ണോ ദേവീ സർവകലാശാലയിൽ ഒരു ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കവേ പറഞ്ഞു. എന്തുതരം സമൂഹമായാണ് നാം വളർന്നു വരുന്നതെന്ന് ആത്മ പരിശോധന നടത്തേണ്ട സന്ദർഭമാണിതെന്നും രാഷ്ട്രപതി ഓർമിപ്പിക്കുകയുണ്ടായി. കശ്മീർ ബാലികയെ കൊന്നവരെ രക്ഷപ്പെടാൻ അനുവദിക്കില്ല എന്ന് പ്രധാനമന്ത്രി നരേന്ദ്രമോഡി പറഞ്ഞതും ആശ്വാസകരമാണ്. കുട്ടികളെ ബലാൽസംഗം ചെയ്യുന്നവർക്ക് വധശിക്ഷ വ്യവസ്ഥ ചെയ്യുന്ന നിയമ ഭേദഗതിക്കുള്ള ഓർഡിനൻസിന് കേന്ദ്രമന്ത്രിസഭാ

യോഗം അംഗീകാരം നൽകിയതും ആശാവഹമാണ്. കഠ്വാ സംഭവത്തിൽ അനുഭാവം പ്രകടിപ്പിച്ചു കൊണ്ട് സംസാരിച്ച രണ്ട് ജമ്മു കശ്മീർ സംസ്ഥാന മന്ത്രിസഭാംഗങ്ങളെ പിഡിപി, ബി ജെ പി മന്ത്രിസഭയിൽ നിന്ന് പുറത്താക്കുകയുമുണ്ടായി. ഐക്യരാഷ്ട്ര സഭാ ജനറൽ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ജമ്മു കശ്മീരിലുണ്ടായ സംഭവത്തിൽ ആശങ്ക അറിയിക്കുകയുണ്ടായി. കുറ്റവാളിയെ ഉടൻ നിയമത്തിന് മുമ്പിൽ ഇന്ത്യ കൊണ്ടു വരുമെന്ന് പ്രതീക്ഷിക്കുന്നു വെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ശിരസ്സ് ലോകത്തിന് മുമ്പിൽ അപമാന ഭാരത്താൽ കുനിഞ്ഞുപോയ സന്ദർഭമായിരുന്നു അത്.

സാധുക്കളും ദരിദ്രരും ആട്ടിടയരുമായ ബക്കർ വാലീ സമുദായം ആടുകളെ മേച്ചു ജീവിക്കുന്ന ശാന്തശീലരായ ഒരു നാടോടി സമുദായമാണ്. ഇന്ത്യാ പാക് സംഘർഷവേളകളിൽ പാക് നുഴഞ്ഞുകയറ്റക്കാരെ പറ്റി ഇന്ത്യൻ സേനക്ക് വിവരം നൽകിയത് ബക്കർ വാലി സമുദായമായിരുന്നു. ഇന്ത്യയെ സഹായിക്കുന്ന ദേശസ്നേഹികളായ ഈ നാടോടി ആട്ടിടയ സമൂഹത്തിലാണ് ഹതഭാഗ്യയായ ആ പിഞ്ചുബാലിക ജനിച്ചത്. മല നിരകളുള്ള കശ്മീരിൽ കുതിരകളെ ഉപയോഗിച്ചു കൊണ്ടുള്ള ടൂറിസത്തിന്റെ സാദ്ധ്യതകൾ മുന്നിൽ കണ്ട് അവർ അടുത്തകാലത്തായി കുതിരകളെ കൂടി വളർത്തി വരികയായിരുന്നു. ആധുനിക ജീവിതത്തിന്റെ സമ്മർദ ഫലമായി സ്ഥിര വാസത്തിന്റെ പ്രവണതകൾ കാണിച്ചു വരുന്ന ബക്കർ വാലീ സമുദായം ജമ്മുവിലെ കഠ്വയിലെ രസാനയിൽ സ്ഥലം വാങ്ങി സ്ഥിരവാസം ആരംഭിക്കാൻ തീരുമാനിച്ചു. ബ്രാഹ്മണ ജാതിയിൽ പെട്ട 13 സവർണ കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലമാണ് ഈ നിഷ്ഠൂര സംഭവം നടന്ന രസാന. ഇവിടെ യാണ് കൊല്ലപ്പെട്ട ബാലികയുടെ കുടുംബക്കാരായ 20 നാടോടി മുസ്‌ലിംകൾ താമസിക്കാൻ വേണ്ടി നാട്ടുകാരിൽ നിന്ന് സ്ഥലം വാങ്ങിയത്. സവർണ ഹിന്ദുക്കളുടെ ഇടയിൽ മുസ്‌ലിം നാടോടികൾ താമസിക്കുന്നത് സവർണ ജാതിക്കാർ ഇഷ്ടപ്പെട്ടിരുന്നില്ല. രസാനയിലെ മുസ്‌ലിം നാടോടികളെ അവിടെ നിന്ന് തുരത്താനാണ് ഈ ഭീഭത്സമായ ഹീനകൃത്യത്തിന് അവർ ഗൂഢാലോചന നടത്തിയതെന്ന് കുറ്റപത്രം പറയുന്നു.

കൈക്കൂലി വാങ്ങി തേച്ച് മാച്ചുകളയാൻ ശ്രമിച്ച ഈ കേസ് രമേശ്കുമാർ ജല്ല എന്ന ധീരനായ ക്രൈംബ്രാഞ്ച് സിനീയർ പോലീസ് സൂപ്രണ്ടാണ് ഹൈക്കോടതിയുടെ നിർദേശപ്രകാരം അന്വേഷിച്ച് വെളിച്ചത്ത് കൊണ്ട്വന്നത്. ആരും ഞെട്ടിത്തരിക്കുന്ന കേസിലെ എല്ലാ ഭീകരതകളും ഈ പോലീസ് ഓഫീസറുടെ സമർപ്പിത സേവനത്തിന്റെ ഫലമായാണ് മറനീക്കിയത്. ഭരണ പക്ഷത്ത് നിന്ന് വൻ സമ്മർദങ്ങൾ ഉണ്ടായിട്ടും കശ്മീരി ബ്രാഹ്മണനും നീതിമാനുമായ ഈ പൊലീസ് ഓഫീസർ ഹൈക്കോടതി നിർദേശിച്ച 90 ദിവസത്തെ സമയപരിധിക്കും 10 ദിവസം മുമ്പേ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ സംഭവം വർഗീയമായി ചേരിതിരിവുണ്ടാക്കാൻ നിക്ഷിപ്ത താൽപര്യക്കാർ തുടക്കം മുതൽക്കേ ശ്രമിച്ചു എന്നതാണ് ഏറെ ആശങ്കാജനകം. കഠ്വായിലെ ജില്ലാ കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യാൻ അവിടുത്തെ ബാർ കൗൺസിൽ അംഗങ്ങളായ അഭിഭാഷകന്മാർ അനുവദിച്ചില്ല. അവർ ഇത് ഒരു ഹിന്ദു മുസ്‌ലിം പ്രശ്നമായി കോടതി സംഘർഷഭരിതമാക്കി ഒരു പക്ഷത്ത് അണിനിരക്കുകയായിരുന്നു. നിഷ്ക്കളങ്കയായ ഒരു ബാലിക കൊല്ലപ്പെട്ട ഈ കേസ് വർഗീയവത്ക്കരിക്കപ്പെടുകയും നീതി നടത്തിപ്പിനുവേണ്ടി സേവനമനുഷ്ഠിക്കുന്ന അഭിഭാഷക ന്മാർ ഇത്രയും നഗ്നമായ രീതിയിയിൽ നീതിയുടെ താൽപര്യത്തിനും നിഷ്പക്ഷതക്കും വിരുദ്ധമായി വർഗീയമായി പ്രവർത്തിക്കുകയും ചെയ്തു എന്നത് എത്രമാത്രം ആശങ്കാജനകമാണ്!!. അത്പോലെ ഈ കേസ് വാദിക്കാനും ആരെയും അവിടുത്തെ അഭിഭാഷകർ അനുവദിച്ചിരുന്നില്ല. ഈ അവസരത്തിലാണ് മതവും ജാതിയും നോക്കാതെ മനുഷ്യവകാശ പ്രവർത്തകയും ധൈര്യശാലിയുമായ ദീപികാ സിങ്ങ് രജാവത്ത് എന്ന കശ്മീരി അഭിഭാഷക ബലിയാടാക്കപ്പെട്ട ആ പാവം ആട്ടിടയ ബാലികക്ക് വേണ്ടി കേസ് വാദിക്കാൻ മുന്നോട്ട് വന്നത്. അവർക്കെതിരെ വധഭീഷണിയും ബലാൽസംഗ ഭീഷണിയും നാലുഭാഗത്ത് നിന്നും ഉണ്ടായിട്ടും ആ ധീര വനിത പിന്മാറിയില്ല എന്നത് നീതിയുടെ വാഴ്ച്ചയിൽ വിശ്വസിക്കുന്ന ഇന്ത്യക്കാരായ നമുക്കേവർക്കും അഭിമാനവും ആശ്വാസവും നൽകുന്നു. നീതിബോധം എന്നത് ദൈവം എല്ലാ മനുഷ്യഹൃദയങ്ങളിലും ഒരു പോലെ നിക്ഷേപിച്ച സദ്വിചാരമാണ്. ഹിന്ദു, ജൂത, ക്രിസ്ത്യൻ, ഇസ്‌ലാം, സിക്ക് ജൈന, മതംപോലെയുള്ള സർവ മതങ്ങളും ഈ നീതിബോധം ഉയർത്തിപ്പിടിക്കുന്നവരും അതാണ് ദൈവമാർഗമെന്ന് വിശ്വസിക്കുന്നവരുമാണ്. മതങ്ങൾ മാത്രമല്ല മനുഷ്യനിലും മനുഷ്യത്വത്തിലും വിശ്വസിക്കുന്ന മതപരവും മതേതരവുമായ എല്ലാ മാനവീയ ജീവിത പ്രത്യയശാസ്ത്രങ്ങളും നീതിയുടെ വക്താക്കളും പ്രചാരകരും പ്രയോക്താക്കളുമാണ്. മനുഷ്യസമൂഹം എന്ന നിലക്ക് നമ്മെയെല്ലാം ഒന്നിച്ച് നിർത്തുന്നത് അത്തരം മൂല്യങ്ങളാണ്. മാനവതയിൽ വിശ്വസിക്കുന്നവർക്കാർക്കും അതിൽ നിന്ന് വ്യതിചലിക്കാൻ സാദ്ധ്യമല്ല. വിശുദ്ധ ഖുർആൻ പറയുന്നു:

***'വിശ്വസിച്ചവരെ നിങ്ങൾ പരിപൂർണമായും നീതി പാലി***

ണ്ട് ഈ കുറിപ്പ് ഉപസംഹരിക്കട്ടെ. ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

*'ഈ ഐക്യത്തിന്റെ അനുഗൃഹീത ഫലങ്ങളിൽ നിന്ന് നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവകമായിരിക്കില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംകളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ* രാഷ്ട്രീയ ലാഭമോർത്ത് മാനവ ഐക്യവും സ്നേഹവും തകർത്ത് കൊണ്ട് അനീതിയും സംഘർഷവും സൃഷ്ടിക്കാൻ ശ്രമിച്ചാൽ ദൈവികാനുഗ്രഹത്തിൽ നിന്ന് ചിരപുരാതനമായ ഈ ഭൂമി ദൂരപ്പെട്ടുപോകുമെന്നും പ്രകൃതി ദുരന്തങ്ങൾ നമ്മെ വലയം ചെയ്യുമെന്നും ആ മഹാത്മാവ് നൽകിയ താക്കീതുകൾ ഓർമപ്പെടുത്തിക്കൊ*ക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപ്പോലും. അയാൾ ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ട് പേരോടും അനുകമ്പകാണിക്കാൻ നിങ്ങളേക്കാൾ കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത്. നിങ്ങൾ നീതി പാലിക്കുന്നതിന് വേണ്ടിയാണിത്. നിങ്ങൾ മറച്ചു വെക്കുകയോ പിന്മാറുകയോ ചെയ്യുന്നതായാൽ (ഓർക്കുക) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ല വണ്ണം അറിവുള്ളവനാകുന്നു.' (വി.ഖുർആൻ). 'വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിനോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്.' (5:9)*

ഹിന്ദു മുസ്‌ലിം ഐക്യത്തിലും ബന്ധുത്വപരമായ സ്നേഹത്തിലുമാണ് ഈ രാജ്യത്തിന്റെ സർവ പുരോഗതിയും നിലകൊള്ളുന്നത്. തുല്യനീതിയില്ലാതെ ഒരു ജനവിഭാഗത്തെ അവഗണിച്ച് മറ്റൊരു ജനവിഭാഗത്തിന് പുരോഗതിയുണ്ടാകുമെന്ന് കരുതുന്നത് മൗഢ്യമാണ്. ഒരു സമൂഹത്തിന്റെ നീതി ബോധം പരിശോധിക്കപ്പെടുന്നത് ആ സമൂഹം ന്യൂനപക്ഷങ്ങൾക്കും അവശ വിഭാഗങ്ങൾക്കും നൽകുന്ന സുരക്ഷാ ബോധത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ കാലഘട്ടത്തിൽ ഈ ഉപഭൂഖണ്ഡത്തിൽ ദൈവത്താൽ നിയോഗിതനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ആവർത്തിച്ചാവർത്തിച്ച് ഭാരത ജനതയെ ഈ കാര്യം ഉണർത്തിയിട്ടുണ്ട്. താൽക്കാലികമായ

# മരണവും നവീകരണവും

**- ഹദ്ത്ത് അഹ്മദ്(അ)**

മൂന്ന് വർഷം കൂടുമ്പോൾ മനുഷ്യ ശരീരം ക്ഷയിക്കുകയും അതിന് പകരം പുതിയ ശരീരം ഉണ്ടായിത്തീരുകയും ചെയ്യുന്നു. ഒരു മനുഷ്യൻ രോഗപീഢയാൽ വളരെ ക്ഷീണിതനായി അസ്ഥിപഞ്ചരമാവുമ്പോൾ, അയാൾ ആരോഗ്യത്തിലേക്ക് തിരിച്ചു വരുന്ന അവസരത്തിൽ അയാളുടെ ശരീരം ക്രമേണ നവീകരിക്കപ്പെടുന്നു എന്നത് സുവിദമാണല്ലോ. ഇപ്രകാരം സദാസമയവും ശരീരത്തിലെ സൂക്ഷ്മ കോശങ്ങൾ ക്ഷയിക്കുകയും പുതിയവയാൽ നവീകരിക്കപ്പെടുകയും ചെയ്യുന്നു. അങ്ങനെ ശരീരം ഓരോ നിമിഷവും മരണം അനുഭവിക്കുകയും പുതുജീവൻ ആർജിക്കുകയും ചെയ്യുന്നു. ശരീരത്തെ പോലെ തന്നെ ആത്മാവും ഓരോ നിമിഷവും മരണം അനുഭവിക്കുകയും പുനരുജ്ജീവിപ്പിക്കപ്പെടുകയും ചെയ്യുന്നു. വ്യത്യാസം ഒന്നു മാത്രമാണുള്ളത്. ശരീരത്തിലുള്ള മാറ്റങ്ങൾ പ്രകടവും പ്രത്യക്ഷവുമാണ്. എന്നാൽ ആത്മാവ് മറഞ്ഞിരിക്കുന്നത് പോലെ അതിന്റെ മാറ്റവും മറഞ്ഞിരിക്കുന്നതാണ്. അതിന്റെ മാറ്റങ്ങൾ അവസാനിക്കാത്തതുമാണ്. വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നത് ആത്മാവിന്റെ മാറ്റങ്ങൾ പരിധിയില്ലാത്തതും സ്വർഗത്തിൽ പോലും തുടർന്നു കൊണ്ടിരിക്കുന്നതുമാണ്. അത് പുരോഗതിയുടെ സൂചകങ്ങളാണ്. ആത്മാവ് നിരന്തരം വളർച്ച അനുഭവിക്കുകയും ചെയ്യുന്നു. ഓരോ തുടർച്ചയും പഴയ നിലയിൽ നിന്നും ഒരു പാട് ദൂരം മുന്നോട്ടു പോയിട്ടുണ്ടായിരിക്കും. പഴയ അവസ്ഥ മരിച്ചതായി കാണപ്പെടുകയും ചെയ്യും. (ചശ്മെ മഅ്രിഫ- റൂഹാനി ഖസായിൻ, വാല്യ. 23. പേ. 167-168)

*എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്ലിംകളെയോ മുസ്ലിംകൾ ഒന്നു ചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തിൽ നിന്ന് പുറത്താക്കിക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിഛേദ്യമാം വിധം ശക്തിയേറിയതാണ്താനും. ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാദ്ധ്യമല്ല..................*

*..................... ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യൻ അവരുടെ ദുർവൃത്തിയിൽ നിന്ന് വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പ് അപേക്ഷിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്ത് ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞു പോകുന്നതിന് മുമ്പ് മറ്റൊരു ഭയങ്കര നാശം തുടർന്ന് ഉണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ ഇനി എന്തു സംഭവിക്കാൻ പോകുന്നു എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ പെട്ട് ഭ്രാന്ത് പിടിപെട്ടവരെപ്പോലെയായി ഭവിക്കും. അതിനാൽ അല്ലയോ നാട്ടുകാരായ സഹോദരരേ! ആ നാളുകൾ വരുന്നതിന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവീൻ! ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ. ഐക്യത്തിന് തടസ്സമായി തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർധക്കും വൈരൃത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്.*

*(മൈത്രീസന്ദേശം)*

**അനുസ്മരണം:–**



## മുനീർ സാഹിബ്

ചേലക്കര ജമാഅത്ത് പ്രസിഡന്റായിരുന്ന ജനാബ് എ. മുനീർ അഹ്മദ് സാഹിബ് മാർച്ച് 6-ാം തീയതി സ്വവസതിയിൽ അന്തരിച്ചു. (ഇന്നാലില്ലാഹി.....) അദ്ദേഹത്തിന്റെ പിതാവ് അലിയാർ കുഞ്ഞ് സാഹിബ് കരുനാഗപ്പള്ളിയിൽ വെച്ച് 1938 ലാണ് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. ജമാഅത്തിൽ നിരവധി സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. നമസ്ക്കാരത്തിൽ പ്രത്യേകിച്ച് ജമാഅത്തായി നമസ്ക്കരിക്കുന്നതിൽ കൃത്യനിഷ്ഠ പാലിച്ചിരുന്ന അദ്ദേഹം സൽഗുണ സമ്പന്നനായ വ്യക്തിയായിരുന്നു. വളരെ വിനയാന്വിതനായി എല്ലാവരോടും പെരുമാറിയിരുന്ന അദ്ദേഹം ജമാഅത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായിരുന്നു എന്നും മുൻഗണന നൽകിയിരുന്നത്. മരണത്തിന്റെ അവസാന ദിവസം വരെ ജമാഅത്തിന്റെ കേന്ദ്രത്തിൽ നിന്നുമുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വ്യാപൃതനായിരുന്നു അദ്ദേഹം. കെ.എസ്.ഇ.ബി ജീവനക്കാരനായിരുന്ന അദ്ദേഹം കഴിഞ്ഞ 2018 ജനുവരിയിലാണ് റിട്ടയർ ചെയ്തത്. പൊതുജന സ്വീകാര്യനായിരുന്ന മുനീർ സാഹിബിന്റെ ജനാസയിൽ നിരവധി അനഹ്മദികളും പങ്കെടുത്തു. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ

**ഭാര്യ:** നദീറ മുനീർ. **മക്കൾ:** സുബൈർ അഹ്മദ്, ഷാസിയ മുനീർ **മരുമക്കൾ:** ആലിയ റഫീഖ് (കൽക്കുളം), മുഖ്താർ അഹ്മദ് (മാത്തോട്ടം)

---

**അനുസ്മരണം:–**

## എസ്. വി ഫാത്തിമ സാഹിബ

വടകരയിലെ ആദ്യകാല അഹ്മദി മർഹൂം എം.പി. മുഹ്യുദ്ദീൻ സാഹിബിന്റെ ഭാര്യ എസ്. വി. ഫാത്തിമാ സാഹിബ (92) ജനുവരി 27ന് കൂടാളിയിൽ നിര്യാതയായി. (ഇന്നാലില്ലാഹി....)

കുടുംബാംഗമായ പഴയങ്ങാടി മുൻ പ്രസിഡന്റ് മർഹൂം എസ്.വി. ഖമറുദ്ദീൻ സാഹിബ് മുഖേന 1950 കാലഘട്ടത്തിലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. ബഹിഷ്ക്കരണമടക്കം നിരവധി പീഢനങ്ങളും ത്യാഗങ്ങളും പ്രയാസങ്ങളും ജമാഅത്തിന് വേണ്ടി അവർ ഭർത്താവിനോടൊപ്പം സഹിച്ചു. ഭക്തയായ ഫാത്തിമാ സാഹിബ മാതൃകാപരമായ ഒരുപാട് നല്ല ഗുണങ്ങളുടെ ഉടമയായിരുന്നു. പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**മക്കൾ:** എസ്.വി. കുഞ്ഞായിശ (കൂടാളി), എം.പി. ശറഫുദ്ദീൻ (സലാല), എം.പി. ബദറുദ്ദീൻ (സലാല), എം.പി. റഷീദാ (കൂടാളി), എം.പി. ആമിന (കൂടാളി).

**മരുമക്കൾ:** മർഹൂം സി. ഹമീദുള്ള, മർഹൂം വി. മുഹമ്മദ് അലി, വി. പി. മുനവ്വർ അഹ്മദ്, സി. റഫീക്ക, യു. അമിന.

www.alislam.org

## ലജ്ന ഇമായില്ല മതമൈത്രി സംഗമം നടത്തി

എറണാകുളം: എറണാകുളം ജില്ലാ ലജ്ന ഇമായില്ലായുടെ നേതൃത്വത്തിൽ എറണാകുളം മസ്ജിദ് ഉമറിൽ മതമൈത്രി സംഗമം നടത്തി. കൊച്ചി കോർപ്പറേഷൻ കൗൺസിലർ ഗ്രേസി ബാബു ജേക്കബ് സംഗമം ഉദ്ഘാടനം ചെയ്തു. ഹ്രസ്വമായ ജീവിതകാലത്ത് മതവിദ്വേഷം വെടിഞ്ഞ് സ്നേഹവും സഹകരണവും ലോകത്ത് നിലനിർത്താൻ സ്ത്രീകൾ മുന്നോട്ട് വരണമെന്ന് അവർ പറഞ്ഞു. എല്ലാവരോടും സ്നേഹം ആരോടുമില്ല വിദ്വേഷം എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യമെന്ന് സംഗമത്തിൽ അധ്യക്ഷത വഹിച്ച ലജ്ന ഇമായില്ല ജില്ലാ പ്രസിഡന്റ് റാബിയാ ശൗക്കത്ത് പറഞ്ഞു. നസീറാ ബാനു, അഡ്വ. രേഖാ എസ്, കൗൺസിലർ റുക്കിയ മുഹമ്മദലി, മുഅ്സിന എന്നിവർ പ്രസംഗിച്ചു. ടി.കെ. സെമിയാ നജീബ് നന്ദി പറഞ്ഞു.

**അനുസ്മരണം:–**

## ആബിദാ ബീവി സാഹിബ

കരുനാഗപ്പള്ളി ജമാഅത്തിലെ മണ്ണാരത്ത് വീട്ടിൽ മർഹൂം ജനാബ് എ. അബ്ദുൾ വഹാബ് സാഹിബിന്റെ ഭാര്യ ആബിദാ ബീവി സാഹിബ (73) മാർച്ച് 16ന് വഫാത്തായി. ഇന്നാലില്ലാഹി .........

**മക്കൾ**: മുനീർ അഹമദ്, വഹീദാ. അല്ലാഹു പരേതക്ക് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.




## ജില്ലാ തഅ്ലിം ക്യാമ്പ് നടത്തി

കൊച്ചി: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിദ്യാർത്ഥികൾക്കായി ജില്ലാ തഅ്ലിം ക്യാമ്പ് നടത്തി. ജില്ലാ നാഇബ് അമീർ ഇ.എച്ച്. നജീബ് സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. വിജ്ഞാനം കളഞ്ഞുപോയ സ്വത്താണെന്നും അതെവിടെ കണ്ടാലും കരസ്ഥമാക്കണമെന്നുമാണ് മുഹമ്മദ് നബി പഠിപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. മതഗുരുക്കന്മാരുടെ വാക്കുകളുടെ യുക്തി ഉൾക്കൊണ്ട് പ്രവർത്തിക്കുക. കേവലം മന്ത്രോച്ചാരണങ്ങളുടെ മാത്രം പിന്നാലെ പോകുന്നതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും അദ്ദേഹം പറഞ്ഞു. കാലഘട്ടത്തിലെ തിന്മകളുടെ വൈറസുകൾ വിദ്യാർത്ഥികളെ ബാധിക്കുമെന്നും അതിനെ പ്രതിരോധിക്കാനുള്ള ആത്മീയ മരുന്ന് വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തണമെന്നും ക്യാമ്പിൽ അദ്ധ്യക്ഷത വഹിച്ച ജില്ലാ തഅ്ലിം സെക്രട്ടറി എച്ച്. അഹ്മദ് ശാഫി പറഞ്ഞു. പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ് ഡോ. കൗസർ എടപ്പകത്ത്, റിട്ട. സൈബർ സെൽ ഇൻസ്പെക്ടർ ശ്രീ. ഫ്രാൻസിസ് പെരേര, അഡ്വ. ടി.കെ. കുഞ്ഞുമോൻ, മൗലവി സുൽത്താൻ നസീർ, ബി.ബി. അഹ്മദ് കബീർ, മൗലവി ഹാശിം അശ്റഫ് തുടങ്ങിയവർ പ്രസംഗിച്ചു.




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വയോജന സംഘടനയായ മജ്ലിസ് അൻസാറുല്ലാ, തിരുവനന്തപുരം മേഖലയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 8ന് പത്തനാപുരത്ത് വെച്ച് നടന്ന നബികീർത്തന യോഗം.

Published on 7.05.2018
Pages 44
Vol: 90 Issue. 5
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly



# mta INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

1800 425 2020 **Toll Free (9 am to 9 pm)**